

ഏപ്രിൽ 2019
വാല്യം: 86 ലക്കം: 04
ESTD:1934

# Trichur Archdiocesan Bulletin




ലൂക്കാ 23: 34-46 (കുരിശിലെ വചസ്സുകൾ)

TAB



**പാവന സ്മരണയിൽ**

**മാർ ജോസഫ് കുണ്ടുകുളം**

**ജനനം : 16.09.1917  മരണം : 26.04.1998**





# Trichur Archdiocesan Bulletin TAB


**ഏപ്രിൽ 2019**

ലക്കം: 04 വാല്യം: 86

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*

Fr. Nysson Alanthanath
*Executive Editor*

*Design*
Smriti design.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org



## ഈ ലക്കത്തിൽ


| | |
|---|---|
| പെസഹാവ്യാഴം സർക്കുലർ | 4 |
| മെയ്ദിന സന്ദേശം | 7 |
| അത്മായനേതൃസംഗമം | 15 |
| ഇടവക പി.ആർ.ഒ. നിർദ്ദേശങ്ങൾ | 18 |
| കച്ചേരിക്കാര്യം | 19 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 25 |
| സഹായമെത്രാന്റെ പരിപാടികൾ | 27 |
| നാളാഗമം | 29 |
| നാമകരണ നടപടികൾ | 35 |
| സാമ്പത്തിക കാര്യാലയം | 37 |
| വൈദികർ | 38 |
| സന്യസ്തർ | 41 |
| മതബോധനം | 45 |
| സ്ഥാപനങ്ങൾ | 51 |
| സംഘടനകൾ | 62 |

646/2019
15.03.2019 C- 3

# സർക്കുലർ

# പെസഹാവ്യാഴ പിരിവ്



ഈശോ മിശിഹായിൽ ബഹു. വൈദികരേ, സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ അതിരൂപതയുടെ വൈദികപരിശീലനത്തോട് നിങ്ങൾ കാണിക്കുന്ന സ്നേഹ ത്തിനും പ്രോത്സാഹനത്തിനും പ്രാർത്ഥനയ്ക്കും സാമ്പത്തികസഹായത്തിനും ഹൃദയപൂർവ്വം നന്ദിപറയുന്നു. ഈ വർഷം നമ്മുടെ അതിരൂപതയിൽനിന്ന് 34 ഡീക്കന്മാരാണ് അതിരൂപതയ്ക്കും വിവിധ സന്ന്യാസസഭകൾക്കും വേണ്ടി അഭിഷിക്തരായത്. അതിൽ 11 ഡീക്കന്മാർ തൃശ്ശൂർ അതിരൂപതയ്ക്ക് വേണ്ടിയാണ് തിരുപ്പട്ടം സ്വീകരിച്ചിരിക്കുന്നത്. തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ 52പേരും തിരുവില്ലാമലയിൽ നാലാം വർഷത്തിലുള്ളവർ 14 പേരും ഡിഗ്രി പഠിക്കുന്നവർ 63 പേരും തത്വശാസ്തം പഠിക്കുന്നവർ 19 പേരും ദൈവശാസ്ത്രം പഠിക്കുന്നവർ 46 പേരുംകൂടി ആകെ 194 വൈദിക വിദ്യാർത്ഥികളുണ്ട്. ധാരാളം വൈദീക ദൈവവിളികളെ നൽകി നമ്മുടെ അതിരൂപതയെ അനുഗ്ര

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

ഹിക്കുന്ന ദൈവത്തിന് നന്ദി പറയാം.

കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ജനപങ്കാളിത്തത്തോടുകൂടി വൈദികവിദ്യാർത്ഥികൾക്ക് പരീശീലനം നൽകുക എന്ന വലിയ ലക്ഷ്യം മുന്നിൽ കണ്ട് 1998ൽ തൃശ്ശൂർ അതിരൂപത മുളയത്ത് മേരിമാത മേജർ സെമിനരി ആരംഭിച്ചു. കഴിഞ്ഞ 14 ബാച്ചുകളിലായി മേരിമാത സെമിനാരിയിൽ പരിശീലനം പൂർത്തിയാക്കിയ 280 വൈദിക വിദ്യാർത്ഥികൾ പുരോഹിതരായി അഭിഷിക്തരായി ഇന്ന് സഭയിൽ വിവധ സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുന്നുണ്ട്. വിദേശസഹായം ഏകദേശം പൂർണ്ണമായും ഇല്ലാതായ സാഹചര്യത്തിൽ വൈദിക പരിശീലനത്തിന് ആവശ്യമായി വരുന്ന പണം അതത് സ്ഥലങ്ങളിൽ കണ്ടെത്തുക എന്ന സ്ഥിതിവിശേഷമാണ് എല്ലാ സെമിനാരികളിലും നിലനിൽക്കുന്നത്. യേശു ശുശ്രൂഷാപൗരോഹിത്യം സ്ഥാപിച്ചതിനെ അനുസ്മരിക്കുന്ന പെസഹാവ്യാഴാഴ്ചയിലെ ദൈവജനത്തിന്റെ സമർപ്പണമാണ് കഴിഞ്ഞ ഏതാനും വർഷങ്ങളായി, മേരിമാത മേജർ സെമിനാരിയിൽ പരിശീലനം നേടുന്ന വൈദികവിദ്യാർത്ഥികൾക്കും നമ്മുടെ അതിരൂപതയ്ക്കുവേണ്ടി മറ്റു സെമിനാരികളിൽ പരിശീലനം നേടുന്ന വൈദിക വിദ്യാർത്ഥികൾക്കും പഠനചെലവിനായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. മുൻവർഷങ്ങളിൽ നിങ്ങൾ നൽകിയ വലിയ സഹകരണത്തിന് നന്ദി പറയുന്നതിനോടൊപ്പം ഈ വർഷവും ഈ സംരഭത്തിൽ ഉദാരമനസോടെ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതിരൂപതയിലെ എല്ലാ കുടംബങ്ങളിലേക്കും ഇതിനാവശ്യമായ കവറുകൾ മേരിമാത സെമിനാരിയിൽ നിന്ന് എത്തിക്കുന്നതാണ്. ഈ കവറുകളിൽ നിങ്ങളുടെ സംഭാവനകൾ നിക്ഷേപിച്ച് ഈ വരുന്ന പെസഹാവ്യാഴാഴ്ച ഇടവകയിൽ സമർപ്പിക്കണമെന്ന് ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ഈ ഉദ്യമത്തിന് ഇടവകളിൽ നേതൃത്വം കൊടുക്കണമെന്നും ഇപ്രകാരം സമാഹരിക്കുന്ന തുക അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ 2019 ഏപ്രിൽ 30നു മുൻപായി ഏൽപ്പിക്കണമെന്നും ഓർമ്മിപ്പിക്കുന്നു.

ഈശോയുടെ പീഡാനുഭവരഹസ്യങ്ങളുടെ ഏറ്റവും അടുത്ത ദിവസങ്ങളിലേക്ക് പ്രവേശിക്കുന്ന നിങ്ങൾക്ക് ദൈവാനുഗ്രഹങ്ങളും ആഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങളും ആശംസിക്കുന്നു.

പ്രാർത്ഥനയുടേയും പങ്കുവെയ്ക്കലിന്റെയും ഈ അവസരത്തിൽ വൈദികപരിശീലനത്തിനായി നിങ്ങൾ ചെയ്യുന്ന ഈ സമർപ്പണത്തെ നല്ലിടയനായ മിശിഹാ സമൃദ്ധമായി അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.


യേശുവിൽ സ്നേഹപൂർവ്വം,



മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ ഏപ്രിൽ 14ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്. +AT



Ref: 3180/K-5/
KCBC/OL/DS
18.3.2019

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷൻ പുറപ്പെടുവിക്കുന്ന

# മെയ്ദിന സന്ദേശം 2019

മിശിഹായിൽ പ്രിയസഹോദരീ സഹോദരന്മാരെ, പ്രിയപ്പെട്ട തൊഴിലാളികളെ,

1. നമ്മുടെ ഗുരുവും നാഥനുമായ യേശു, തന്റെ വളർത്തുപിതാവായ വിശുദ്ധ യൗസേപ്പിതാവിനോടൊപ്പം മരപ്പണിശാലയിൽ കായികമായി അദ്ധ്വാനിച്ചും സ്വഭവനത്തിൽ നിരന്തരം മാതാവായ മറിയത്തെ ഗാർഹിക കാര്യങ്ങളിൽ സഹായിച്ചും മീൻപിടുത്തക്കാരായിരുന്ന ശിഷ്യന്മാരോടൊപ്പം പടവുകളിൽ സഞ്ചരിച്ചും തൊഴിലിന്റെ മഹത്വവും മാഹാത്മ്യവും ഉയർത്തിയ രക്ഷകനും വിമോചകനുമാണ്. 2019–ലെ മെയ്ദിനം തൊഴിൽ മേഖലയെപ്പറ്റിയും തൊഴിലിന്റെ ക്രൈസ്തവാഭിമുഖ്യത്തെപ്പറ്റിയും ചിന്തിക്കാനുള്ള ശുഭാവസരം കൂടിയാണ്.

അന്താരാഷ്ട്ര തൊഴിലാളിദിനത്തിന്റെ ആശംസകൾ സ്നേഹത്തോടെ ഏവർക്കും നേരുന്നു.

2. "നീതി ജലം പോലെ ഒഴുകട്ടെ, സത്യം ഒരിക്കലും വറ്റാത്ത നീർച്ചാലുപോലെയും" (ആമോ 5:24) എന്ന വചനം ഇന്നത്തെ കാലഘട്ടത്തിൽ ഏറെ പ്രസക്തമായിക്കൊണ്ടിരിക്കുന്നു. സാങ്കേതിക വിദ്യയുടെയും വിജ്ഞാനത്തിന്റെയും പുരോഗതിയുടെയും മാർഗത്തിൽ ചരിക്കുമ്പോഴും എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നത് സത്യവും നീതിയും സമാധാനവുമാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം ഇവ മൂന്നും ഭരണഘടനയുടെ അടിസ്ഥാന ശിലകളെന്നു എഴുതിവെച്ചിട്ടുള്ള ഒരു ജനാധിപത്യ രാഷ്ട്രത്തിൽ ജീവിക്കുന്നവരിൽ ബഹുഭൂരിപക്ഷവും അടിസ്ഥാനാവശ്യങ്ങൾ പോലും നിറവേറ്റുന്നതിനു ശേഷിയില്ലാത്തവരാണെന്ന തിരിച്ചറിവിനു മുൻപിൽ സ്തബ്ധരായി നില്കുന്ന സാഹചര്യത്തിലാണ് ഒരു തൊഴിലാളി ദിനം കൂടി വന്നണയുന്നത്.

3. നീതിയും മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെട്ടു നിരന്തരമായി അടിച്ചമർത്തലിനു വിധേയമാക്കപ്പെട്ട ഒരു തൊഴിലാളി സമൂഹമാണ് "എട്ടുമണിക്കൂർ തൊഴിൽ, എട്ടുമണിക്കൂർ വിനോദം, എട്ടുമണിക്കൂർ വിശ്രമം" എന്ന മുദ്രാവാക്യം മുഴക്കി 1886–ൽ ചിക്കാഗോയുടെ തെരുവോരങ്ങളെ ശബ്ദമുഖരിതമാക്കിയത്. സഹനത്തിന്റെ എല്ലാ പരിധിയും കടന്നുപോയപ്പോൾ രൂപപ്പെട്ട സംഘടിതശക്തിയുടെ ആത്മധൈര്യം മൂലമായിരുന്നു തൊഴിൽചരിത്രത്തിലെ മറക്കാനാവാത്ത ആ മുറവിളി ഉയർന്നത്. അതുകൊണ്ടുതന്നെ ഓരോ തൊഴിലാളി ദിനാചരണവും തൊഴിലാളികളോട് ആവശ്യപ്പെടുന്നത്, സംഘടിച്ചു ആത്മധൈര്യമുള്ളവരാകാനും ഉറക്കെ ശബ്ദിക്കുവാനും ഭയം നല്കുന്ന അടിമത്ത്വത്തിൽ നിന്ന് മോചിതരാകുവാനുമാണ്.

4. നമ്മുടെ രാജ്യം നാനാവിധ മേഖലകളിലും അഭൂതപൂർവ്വമായ വളർച്ച നേടിക്കൊണ്ടിരിക്കുകയാണെന്ന കാര്യം സന്തോഷകരമാണ്. വിദ്യാഭ്യാസരംഗത്തും ശാസ്ത്ര–സാങ്കേതികമണ്ഡലങ്ങളിലും വ്യവസായിക–സാമ്പത്തിക രംഗങ്ങളിലുമെല്ലാം ഗണനീയമായ മുന്നേറ്റമുണ്ടായിട്ടുണ്ട്. എന്നാൽ രാജ്യത്തുണ്ടാകുന്ന പുരോഗതിയെ നീതിയോടെയും കരുണയോടെയും എല്ലാവർക്കുമായി വിതരണം ചെയ്യുന്നതിൽ രാജ്യം ദയനീയമായി പരാജയപ്പെടുന്നു എന്നു കൂടി സ്ഥിതിവിവരണക്കണക്കുകൾ നമ്മെ മനസ്സിലാക്കിത്തരുന്നുണ്ട്.

5. 2019 ജനുവരി മാസത്തിൽ ദാവോസിൽ നടന്ന ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിൽ ഇന്ത്യയിലെ സാമ്പത്തിക അസുന്തിലിതാവസ്ഥയെക്കുറിച്ച് ഓക്സ്ഫാം പുറത്തിറക്കിയ റിപ്പോർട്ട് വളരെ ഗൗരവം നിറഞ്ഞ പരിഗണന അർഹിക്കുന്നു. ഇന്ത്യയിലെ സമ്പത്തിന്റെ മുക്കാൽ പങ്കിലധികം കയ്യടക്കിയിരിക്കുന്നത് മേൽത്തട്ടിലുള്ള പത്തുശതമാനം പേരാണ്. രാജ്യത്തെ പകുതിയിലധികം സ്വത്തും കേവലം ഒരു ശതമാനം വരുന്ന ധനികരുടെ പക്കലാണ് ഉള്ളത്. ഇവർക്ക് കഴിഞ്ഞ ഒരു വർഷക്കാലം കൊണ്ട് 39 ശതമാനം വളർച്ച കൈവരിക്കാനായപ്പോൾ രാജ്യത്തെ താഴെത്തട്ടിലുള്ള പകുതി ജനവിഭാഗത്തിനു എത്തിപ്പിടിക്കാൻ കഴിഞ്ഞ വളർച്ച കേവലം മൂന്നു ശതമാനം മാത്രമാണ്.

അതിവളർച്ചയുടെ ചുരുക്കം ചില പച്ചത്തുരുത്തുകളുടെ സമീപത്ത് ബഹുഭൂരിപക്ഷവും ദാരിദ്യത്തിന്റെ നിലയില്ലാകയങ്ങളിലാണ് കഴിയുന്നത്. രാജ്യത്ത് ആനുപാതിക ദാരിദ്ര്യവും തൊഴിലില്ലായ്മയും വർദ്ധിച്ചുവരുന്നതായിട്ടാണ് വിവിധ സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത്. അടുത്തിടെ പുറത്തുവന്ന ചില പ്രധാന സർവ്വെകൾ ഇത് ശരിവെയ്ക്കുന്നു. കേന്ദ്രസർക്കാരിന്റെ സ്ഥാപനമായ നാഷണൽ സാമ്പിൾ സർവ്വെ ഓർഗനൈസേഷന്റെ കണക്കുപ്രകാരം 2011–12 ൽ 2.2 ശതമാനം ആയിരുന്ന തൊഴിലില്ലായ്മ, 2017–18ൽ ഗ്രാമപ്രദേശങ്ങളിൽ 6.3 ശതമാനമായും നഗരങ്ങളിൽ 7.8 ശതമാനമായും വർദ്ധിച്ചു. യുവജനങ്ങളുടെ തൊഴിലില്ലായ്മ നിരക്ക് ഭയപ്പെടുത്തുന്നതാണ്. ഗ്രാമങ്ങളിൽ 15.5 ശതമാനം യുവജനങ്ങൾ തൊഴിൽരഹിതരാണ്. നഗരങ്ങളിൽ ഇത് 22.9 ശതമാനം ആണ്. നോട്ടു നിരോധനം വഴിയും ജി.എസ്.ടി യുടെ നടപ്പിലാക്കൽ രീതിയുടെ വൈകല്യം മൂലവും 1.3 കോടി പേർ തൊഴിലിൽ നിന്ന് പുറത്തുപോയെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു. ചെറുകിട സംരംഭങ്ങളിൽ 1.1 കോടി പേർക്ക് ഉപജീവനമാർഗം ഇല്ലാതായപ്പോൾ വിലയിടിവും തൊഴിൽ നഷ്ടവും കാർഷിക മേഖലയുടെ നടുവൊടിച്ചതായും കണക്കുകൾ വ്യക്തമാക്കുന്നു. ഇത്രയും സ്ഥിതി വിവരക്കണക്കുകൾ ഉദ്ധരിച്ചത് ഭരണകർത്താക്കൾ നയങ്ങൾ രൂപീകരിക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുമ്പോൾ അത് ഏറ്റവും താഴെത്തട്ടിലുള്ളവരെ എങ്ങനെ ബാധിക്കുമെന്ന ചിന്തയോടെ വേണം എന്ന് വ്യക്തമാക്കാനാണ്.

6. കഴിഞ്ഞവർഷം കേരളത്തെ ഗ്രസിച്ച മഹാപ്രളയമുൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങൾ കേരളത്തിന്റെ സമ്പത്ത് വ്യവസ്ഥയെ തകർത്തിരിക്കുകയാണ്. ഇതിന്റെ ഏറ്റവും വലിയ ബലിയാടുകൾ കർഷകരുൾപ്പെടെയുള്ള അസംഘടിത തൊഴിലാളികളാണ്. ദുരന്തം സൃഷ്ടിച്ചിട്ടുള്ള ആഘാതത്തിൽ നിന്ന് ഇന്നും ഇവർ മോചിതരായിട്ടില്ല. എന്നുമാത്രമല്ല സ്ഥിതി വിശേഷം കൂടുതൽ രൂക്ഷമാകുന്ന അവസ്ഥയിലാണ് എന്നുകൂടി പറയേണ്ടിയിരിക്കുന്നു. ഒരിക്കലും സംഭവിക്കാൻ പാടില്ലാത്ത കർഷക ആത്മഹത്യകൾ കേരളത്തിൽ ഉണ്ടായി എന്നത് അതീവ ഗൗരവമുള്ള കാര്യമാണ്. ഇതൊരിക്കലും ആവർത്തിക്കാതിരിക്കാനുള്ള സമാശ്വാസ നടപടികൾ സർക്കാർ, സന്നദ്ധസംഘടനകൾ, മതസമൂഹങ്ങൾ, സാമൂഹിക സംഘടനകൾ തുടങ്ങിയ വിവിധ തലത്തിലുള്ളവരുടെ നേതൃത്വത്തിൽ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു. 2019 വർഷത്തേക്കു ബാങ്കുകളുടെ ജപ്തി നടപടികൾ സർക്കാർ ഇടപെട്ടു നിർത്തിവെച്ചിട്ടുള്ളത് ആശ്വാസകരമാണ്. എന്നാൽ ഇതു പ്രാഥമിക നടപടി മാത്രമാണ്. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരുടെ കാര്യം കൂടി പരിഗണിക്കപ്പെടണം. എല്ലാത്തരം വായ്പകളും പൂർണ്ണമായും എഴുതിത്തള്ളാൻ സർക്കാർ തയ്യാറാകണം. ഉരുൾ പൊട്ടൽ, പ്രളയം എന്നിവ മൂലം നഷ്ടപ്പെട്ടിട്ടുള്ള കൃഷിഭൂമി, തൊഴിൽ ഉപകരണങ്ങൾ ഇവർക്ക് എത്രയും വേഗത്തിൽ സംലഭ്യമാക്കപ്പെടണം.

   മഹാപ്രളയത്തിൽ രക്ഷകരായി കടന്നുവന്ന മത്സ്യത്തൊഴിലാളികളെ ആദരപൂർവ്വം നോക്കിക്കാണുന്നു. എന്നാൽ ഓഖി ദുരന്തവുമായി ബന്ധപ്പെട്ടു അവർക്കായി വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള പദ്ധതികളിൽ സിംഹഭാഗവും ഇന്നും പ്രഖ്യാപനം മാത്രമായി ഒതുങ്ങുന്നു എന്നത് ഖേദകരമാണ്. എത്രയും വേഗത്തിൽ ഇവ പൂർത്തിയാക്കാൻ വേണ്ട നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

7. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന രാഷ്ട്രീയ അക്രമങ്ങളിൽ ജീവൻ നഷ്ടപ്പെട്ടതിൽഏതാണ്ട് മുഴുവൻ പേരും അസംഘടിതമേഖലയിലെ തൊഴിലാളികളും ദരിദ്ര കുടുംബങ്ങളിലെ അംഗങ്ങളുമാണെന്ന് കാണാം. ചുരുക്കത്തിൽ തെറ്റായ നയങ്ങളും തീരുമാനങ്ങളും പ്രകൃതി ദുരന്തങ്ങളും രാഷ്ട്രീയ സംഘട്ടനങ്ങളുമെല്ലാം അടിസ്ഥാന വിഭാഗത്തിന്റെയും അസംഘടിത തൊഴിലാളികളുടെയും ജീവിതത്തെയും ജീവിത സാഹചര്യങ്ങളെയുമാണ് തകർത്തെറിയുന്നത്. ഈ സത്യം മുഖ്യധാരാ രാഷ്ട്രീയ

പ്രസ്ഥാനങ്ങളും മാധ്യമങ്ങളും കാണാതെ പോകരുത്. കാരണം അരക്ഷിതാവസ്ഥയിൽ അകപ്പെട്ടു പോകുന്ന യുവത്വം വഴിവിട്ട ധനാഗമ മാർഗങ്ങളിലേക്കും തീവ്രവാദത്തിലേക്കുമെല്ലാം തിരിഞ്ഞെന്ന് വരാം. ഇത് രാജ്യത്തിന്റെ വികസനത്തെയും സുസ്ഥിതിയെയും ബാധിക്കും.

8. ഇവിടെയാണ് തൊഴിലാളി പ്രസ്ഥാനങ്ങളുടെയും ട്രേഡ് യൂണിയനുകളുടെയും പ്രസക്തിയും പ്രാധാന്യവും വർധിക്കുന്നത്. അസംഘടിത തൊഴിലാളികളുടെ അവകാശസംരക്ഷണത്തിനും അവർക്ക് നീതി ഉറപ്പാക്കി കൊടുക്കുന്നതിനും കേന്ദ്ര ട്രേഡ് യൂണിയനുകൾ വേണ്ടത്ര പരിഗണന നല്കണം. കക്ഷി രാഷ്ട്രീയ താത്പര്യങ്ങൾ മാറ്റിവെച്ചു തൊഴിലാളികളുടെയും രാജ്യത്തിന്റെയും താത്പര്യങ്ങൾ സംരക്ഷിക്കാൻ ട്രേഡ് യൂണിയനുകൾ ഐക്യത്തോടെ മുന്നോട്ടു വരേണ്ടിയിരിക്കുന്നു. രാജ്യത്തെ തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കാനുള്ള ശ്രമങ്ങൾ സമാരംഭിക്കപ്പെട്ടിട്ടുള്ള ഇക്കാലത്ത്, നിർദ്ദിഷ്ട പരിഷ്കാരങ്ങൾ പലതും തൊഴിലാളി താത്പര്യസംരക്ഷണത്തേക്കാൾ മുതൽമുടക്കുന്നവരുടെ താത്പര്യ സംരക്ഷണത്തിനാണ് മുൻതൂക്കം നല്കിയിട്ടുള്ളതെന്ന ആക്ഷേപം വ്യാപകമാണ്. നിലവിൽ തൊഴിലാളികൾ അനുഭവിച്ചുവരുന്ന പല ആനുകൂല്യങ്ങളും നഷ്ടമാകുമെന്ന പരാതിയും ഉയരുന്നുണ്ട്. ഈ സവിശേഷ സാഹചര്യത്തിൽ പടല പിണക്കങ്ങളും സങ്കുചിതമായ കക്ഷിതാത്പര്യങ്ങളും ഒഴിവാക്കി രാജ്യത്തെ ട്രേഡ് യൂണിയനുകൾ ഒന്നിച്ചു വരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മെയ്ദിനം പങ്കുവെയ്ക്കുന്ന സന്ദേശവും അതു തന്നെയാണല്ലോ.

9. ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ 93 ശതമാനം പേരും അസംഘടിത തൊഴിലാളികളാണ്. നിയമ പരിരക്ഷ, തൊഴിൽ സംരക്ഷണം, സാമൂഹിക സുരക്ഷ എന്നിവ ലഭിക്കാത്ത തൊഴിലാളികളെയാണ് അസംഘടിത തൊഴിലാളികൾ എന്ന് വിളിക്കുന്നത്. സ്വാഭാവികമായും ഇവർ സംഘടിതരുമല്ല. ഇതു മൂലം സ്വാധീനശക്തിയും വിലപേശൽ ശക്തിയും ഈ വിഭാഗത്തിനു തീരെ കുറവാണ്. അതുകൊണ്ട് ന്യായമായ അവകാശങ്ങളും ആനുപാതികമായ വികസന വിഹിതവും ഇവർക്കു നിഷേധിക്കപ്പെടുന്നു. അഞ്ച് ഏക്കർ വരെ കൃഷിഭൂമി സ്വന്തമായുള്ള ചെറുകിട നാമ മാത്ര കർഷകരെയും അസംഘടിത തൊഴിലാളികൾ എന്ന വിഭാഗത്തിലാണ് കേന്ദ്രസർക്കാർ ഉൾപ്പെടുത്തിയിരിക്കുന്നത്. രാജ്യത്തിന്റെ മൊത്ത വരുമാനത്തിൽ 65 ശതമാനവും സംഭാവന ചെയ്യുന്നത് ഈ

വിഭാഗമാണ്. എന്നാൽ കേന്ദ്ര-സംസ്ഥാന ബഡ്ജറ്റുകളിൽ ഇവർക്കായി നീക്കിവെക്കപ്പെടുന്നത് നാമമാത്ര തുകയാണ്.

10. മാറി മാറി വരുന്ന സർക്കാരുകൾ തങ്ങളുടെ രാഷ്ട്രീയ കാഴ്ചപ്പാടുകൾക്കനുസരിച്ച് അസംഘടിത തൊഴിലാളികളുടെ പ്രഖ്യാപിത പദ്ധതികളിൽ ഇടയ്ക്കിടെ മാറ്റങ്ങൾ വരുത്തുകയും ഓരോ സർക്കാർ തന്നെ ആദ്യം സമാരംഭിച്ച പദ്ധതികൾ യാതൊരു മുന്നറിയിപ്പുമില്ലാതെ പിൻവലിക്കുകയും പുതിയവ അവതരിപ്പിക്കുകയും ചെയ്യുന്നുമുണ്ട്. വിലവർധനവും കാലാവസ്ഥാ വ്യതിയാനവും പകർച്ച വ്യാധികളുമെല്ലാം ജീവിതത്തെ വരിഞ്ഞു മുറുക്കുമ്പോഴും അവയെ അതിജീവിക്കാനുള്ള സമഗ്രമായ പദ്ധതികൾ കാര്യമായി ഇല്ലെന്നു മാത്രമല്ല പേരിനുമാത്രം ഉള്ളതിന്റെ തുടർച്ചയും ഇല്ലാതാകുന്നുവെന്നത് ഉത്കണ്ഠാജനകമാണ്. അന്താരാഷ്ട്ര തൊഴിലാളി സംഘടനയുടെ നിർദ്ദേശാനുസരണം വികസിത രാഷ്ട്രങ്ങളിൽ ഉള്ളതുപോലെ എല്ലാ തൊഴിലാളികൾക്കുമായി സാർവ്വത്രിക സാമൂഹിക സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിക്കപ്പെടേണ്ടതാണ്.

11. കത്തോലിക്കാസഭ എന്നും തൊഴിലാളികൾക്കും സമൂഹത്തിലെ അടിസ്ഥാന ജനത്തിനുമൊപ്പം നീതിയുടെയും ധാർമ്മികതയുടെയും സ്വരമായി നിലനിന്നിട്ടുണ്ട്. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷനും അതിന്റെ ഔദ്യോഗിക സംഘടനയായ കേരള ലേബർ മൂവ്മെന്റും വഴിയാണ് കേരള സഭയുടെ തൊഴിലാളി സംഘാടന പ്രവർത്തനങ്ങൾ നടന്നു വരുന്നത്. സി. ബി സി ഐ ലേബർ കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റെ സംസ്ഥാന ഘടകമാണ് കെ.എൽ.എം. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിക്കുന്ന വിവിധ പദ്ധതികളിൽ തൊഴിലാളികളെ ഗുണഭോക്താക്കളാക്കുക, ക്ഷേമനിധികളിൽ അംഗത്വം എടുക്കാൻ സഹായിക്കുക, പെൻഷൻ പദ്ധതികളിൽ പങ്കാളികളാക്കുക, വിദഗ്ധ തൊഴിൽ പരിശീലനം നല്കുക, ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നല്കുക, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളെ പ്രയോജനപ്പെടുത്താൻ പ്രാപ്തരാക്കുക തുടങ്ങിയ പ്രവർത്തനങ്ങളാണ് കെ.എൽ.എം. പ്രധാനമായും ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. തൊഴിലാളികളുടെ സാമൂഹിക നേതൃത്വം വളർത്താനുള്ള പ്രവർത്തനങ്ങളും കെ.എൽ.എം ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു. അസംഘടിത തൊഴിലാളികളുടെ സംഘാടന

ത്തിനും ശക്തീകരണത്തിനുമായി എട്ട് തൊഴിലാളി ഫോറങ്ങൾ കെ.എൽ.എം-ന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നുണ്ട്. അസംഘടിത മേഖലയിലെ പ്രധാന തൊഴിൽ വിഭാഗങ്ങളായ മത്സ്യ ത്തൊഴിലാളികൾ, നിർമ്മാണതൊഴിലാളികൾ, ഗാർഹീക തൊഴിലാളികൾ, കർഷകതൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, മോട്ടോർവാഹന ത്തൊഴിലാളികൾ, പീടിക തൊഴിലാളികൾ എന്നീ വിഭാഗങ്ങളുടെ സംഘാടന പ്രവർത്തനങ്ങളിലാണ് പ്രധാനമായും കെ.എൽ.എം ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്. കുടിയേറ്റ തൊഴിലാളികളുടെ ക്ഷേമ കാര്യങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

12. സഭാസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നിയമാനുസൃത മുള്ള സേവന വേതനവ്യവസ്ഥകളും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്ന് സ്ഥാപനാധികാരികൾ ഉറപ്പാക്കണം. സംതൃപ്തരായ തൊഴിലാളികൾ ആണ് സ്ഥാപനത്തിന്റെ മൂലധനം. നിന്റെ സമ്പത്ത് നിന്റെ സഹോദരനുമായി പങ്കുവെയ്ക്കലാണ് നിത്യജീവൻ നേടാൻ വേണ്ടതെന്നും (ധനവാനും ലാസറും, ലൂക്കാ 16:19-31)അധ്വാനം കൊണ്ടു തൊഴിലെടുക്കുന്നവന്റെ ആവശ്യങ്ങൾ നിറവേറ്റാനുള്ളത് നല്കണമെന്നും (മുന്തിരി ത്തോട്ടത്തിലെ തൊഴിലാളികൾ, മത്തായി 20:1-16) പുതിയ നിയമത്തിൽ ക്രിസ്തു അവതരിപ്പിച്ച ദർശനം നടപ്പിൽ വരുത്താൻ സഭാനേതൃത്വത്തിനും വിശ്വാസി സമൂഹത്തിനും ഉത്തരവാദിത്വമുണ്ട്. കേരളത്തിലെ സഭാസ്ഥാപനങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിനായി കെസിബിസി രൂപപ്പെടുത്തിയിട്ടുള്ള പീപ്പിൾ മാനേജ്മെന്റ് പോളിസി (മനുഷ്യ വിഭവ നയം) നടപ്പിലാക്കാൻ വേണ്ട ഒത്താശകൾ നല്കാൻ ചുമതലപ്പെടുത്തിയിരിക്കുന്നത കെ.എൽ.എംനെയാണ്. കേരളത്തിലെ എല്ലാ രൂപതകളും സന്യാസസമൂഹങ്ങളും തങ്ങളുടെ നേതൃത്വത്തിലുള്ള വിവിധ സ്ഥാപനങ്ങളിൽ പീപ്പിൾ മാനേജ്മെന്റ് പോളിസി സമയ ബന്ധിതമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിലാളികളെ ചൂഷണം ചെയ്യുന്നതും അവർക്ക് പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹിക സുരക്ഷാസംവിധാ നങ്ങൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുന്നത് മാരകപാപമാണെ ന്നാണ് ഫ്രാൻസീസ് പാപ്പ ഉദ്ബോധിപ്പിക്കുന്നത്. (പ്രസംഗം, സാന്താ മാർത്ത, മാർച്ച് 8, 2019).

13. കേരളത്തിലെ എല്ലാ രൂപതകളിലും കെ.എൽ.എം സംഘടനാ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ചിലയിടങ്ങളിൽ സജീവമല്ല. എല്ലാ ഇടവകകളിലും കെ.എൽ.എം പ്രവർത്തനങ്ങൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട വികാരിമാർ അതിന് മുൻകൈ എടുക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ സന്യാസ സമൂഹങ്ങൾ തൊഴിലാളി ശക്തീകരണ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നല്കണം. സമകാലിക സാമൂഹിക സാഹചര്യത്തിൽ തൊഴിലാളി ശുശ്രൂഷയ്ക്കു വലിയ പ്രാധാന്യവും പ്രസക്തിയുമുണ്ടെന്ന കാര്യം ആരുംത്തന്നെ വിസ്മരിക്കരുത്.

14. തൊഴിൽ ചെയ്യുക വഴി ദൈവത്തിന്റെ സൃഷ്ടികർമത്തിലും രക്ഷാകർമത്തിലും പങ്കുചേരുകയാണു ഓരോ തൊഴിലാളിയും ചെയ്യുന്നതെന്നാണ് സഭ പഠിപ്പിക്കുന്നത്. (സഭയുടെ സാമൂഹിക പ്രബോധനം 263) അതായത് മഹത്വവും ഉത്തരവാദിത്തവും നിറഞ്ഞ ചുമതലയാണ് തൊഴിൽ ചെയ്യുന്നവർ നിർവ്വഹിക്കുന്നതെന്ന് ഓർക്കണം. ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയും കൂടി തൊഴിൽ ചെയ്യുവാൻ എല്ലാ തൊഴിലാളികളെയും ആഹ്വാനം ചെയ്യുന്നു. തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മാധ്യസ്ഥ സഹായം നമുക്ക് ധാരാളമായി ഉണ്ടാകട്ടെയെന്നും പ്രാർത്ഥിക്കുകയും ചെയ്യുന്നു.


ബിഷപ്പ് അലക്സ് വടക്കുംതല
*(ചെയർമാൻ കെസിബിസി ലേബർ കമ്മീഷൻ)*

ബിഷപ്പ് മാർ ജോസ് പുത്തൻ വീട്ടിൽ
*(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)*

ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്
*(വൈസ് ചെയർമാൻ, കെസിബിസി ലേബർ കമ്മീഷൻ)*

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ
ആസ്ഥാനകാര്യാലയ, **കൊച്ചി – 682 025**


---

NB: 2019 ഏപ്രിൽ 21–ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.



529/2019
C- 2
20.02.2019

# സർക്കുലർ

## അത്മായ നേതൃ സംഗമം

ഈശോയിൽ വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, പ്രിയ സഹോദരീ സഹോദരന്മാരേ, വത്സല മക്കളേ,

സീറോ മലബാർ സഭയുടെ അത്മായ പ്രേഷിതദൗത്യത്തെ ഏകോപിപ്പിക്കുവാനും ശക്തമാക്കുവാനുമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഭയുടെ കരുത്തുറ്റ സമുദായ സംഘടനയാണല്ലോ കത്തോലിക്കാ കോൺഗ്രസ്സ്. ക്രിസ്തീയ മൂല്യങ്ങളിൽ ഉറച്ചുനിന്നു കൊണ്ട് സഭയുടെയും സമുദായത്തിന്റെയും ന്യായമായ അവകാശങ്ങൾക്കുവേണ്ടി ശബ്ദിക്കുന്നതിനും യത്നിക്കുന്നതിനും പ്രതിജ്ഞാബദ്ധമായ ഈ സംഘടന സമീപകാല സാമൂഹ്യ-രാഷ്ട്രീയ സാഹചര്യങ്ങളെ വിലയിരുത്തുന്നതിനും അതിന്റെ

വെളിച്ചത്തിൽ കൈക്കൊള്ളേണ്ട നിലപാടുകളെയും കർമ്മപദ്ധതികളെയും കുറിച്ച് ഉറക്കെ ചിന്തിക്കുന്നതിനുമായി അതിരൂപതാതലത്തിൽ ഒരു അത്മായ നേതൃസംഗമം സംഘടിപ്പിക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. മാർച്ച് 3ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ ടൗൺ ഹാളിൽ വച്ചാണ് ഈ അത്മായ നേതൃസംഗമം നടത്തപ്പെടുന്നത്.

സഭയും സമൂഹവും ഗൗരവതരമായ പ്രശ്നങ്ങൾ നേരിടുമ്പോൾ അതിനോട് പ്രതികരിക്കാനും സമൂഹത്തിന്റെ ഭാവിക്കും സ്വാതന്ത്ര്യത്തിന്റെ പരിരക്ഷയ്ക്കും ജനാധിപത്യ മൂല്യങ്ങളുടെ സംരക്ഷണത്തിനും വേണ്ടി ശബ്ദമുയർത്തുവാനും ക്രിയാത്മക നടപടികൾ സ്വീകരിക്കുവാനും നമുക്കേവർക്കും അവകാശവും കടമയുമുണ്ട്.

ഈയടുത്ത കാലത്തായി ജനാധിപത്യത്തിന്റെ ലക്ഷ്യങ്ങളെ നശിപ്പിക്കുന്ന ചില നയങ്ങൾ ഭരണവ്യവസ്ഥകളിലേക്ക് കടന്നുവരുന്നതായി കാണുന്നു. പൊതുധാരണകൾക്കും സത്യങ്ങൾക്കും വിരുദ്ധമായ ആശയപ്രചരണങ്ങളും സാമൂഹികമായ ഐക്യത്തെ തകർക്കുന്ന വ്യവസ്ഥകളും ന്യൂനപക്ഷാ വകാശലംഘനങ്ങളും അധികാര ദുർവിനിയോഗവും തെല്ലൊന്നുമല്ല കേരള സമൂഹത്തെയും പ്രത്യേ കിച്ച് കത്തോലിക്കാസഭയെയും അസ്വസ്ഥമാക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിനും വിശ്വാസികൾക്കും മുറിവുണ്ടാക്കുന്ന ഓരോ സാഹചര്യത്തെകുറിച്ചും നമുക്ക് അവബോധം ഉണ്ടാകണം. നമ്മുടെ ഉത്കണ്ഠകളും വേദനകളും ഉചിതമായ രീതിയിൽ വേണ്ടപ്പെട്ട വേദികളിൽ പ്രകടിപ്പിക്കാൻ നമുക്ക് സാധിക്കണം. നമ്മൾ തക്കസമയത്ത് പ്രതികരിക്കുകയും പ്രതിരോധിക്കുകയും ചെയ്യാതിരുന്നാൽ രാഷ്ട്രം നമുക്കനുവദിച്ചു തന്നിട്ടുള്ള അവകാശങ്ങൾ നഷ്ടപ്പെട്ടു പോകാനും സമാധാനപരമായി ദൈവാരാധന നടത്താനുള്ള അവകാശംപോലും ഇല്ലാതാകാനുള്ള സാഹചര്യവും സംജാതമായേക്കാം.

സഭയുടെ സ്വത്തുക്കളെയും അത്മായഗണത്തെയും സംരക്ഷിക്കാനെന്ന തരത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്ന കേരള ദൈവാലയ വസ്തുവകകളും സ്ഥാപനങ്ങളും 2019 എന്ന ബില്ലിന്റെ യഥാർത്ഥ ലക്ഷ്യം എന്താണെന്ന് നാം തിരിച്ചറിയണം. ക്രൈസ്തവ സഭാസ്വത്തുക്കളും സ്ഥാപനങ്ങളും ഏറ്റവും സുതാര്യമായാണ് കൈകാര്യം ചെയ്യപ്പെടുന്നത്. തർക്കങ്ങൾ ഉണ്ടായാൽ അവ തീർക്കുന്നതിന് ആവശ്യമായ സഭാനിയമങ്ങളും സിവിൽ നിയമങ്ങളും നിലവിലുണ്ട്. പിന്നെ എന്തിനാണ് ഇത്തരത്തിലുള്ള

നീക്കം എന്നത് ഏറെ ഉത്കണ്ഠയുളവാക്കുന്നു. ഏറെ കൊട്ടിയാഘോഷിച്ച നവോത്ഥാന ചർച്ചയിൽ ക്രൈസ്തവ സമൂഹത്തെ പാടെ അവഹേളിക്കുന്ന നിലപാടുകളാണ് ഉത്തരവാദിത്വപ്പെട്ടവർ സ്വീകരിച്ചത്. കേരളത്തിന്റെ സാംസ്കാരിക–വിദ്യാഭ്യാസ സാമൂഹ്യക്ഷേമ രംഗങ്ങളിൽ ക്രൈസ്തവരുടെ സംഭാവനകളെ പാടെ തമസ്കരിക്കുകയും വിസ്മരിക്കുകയും ചെയ്യുന്ന ഇത്തരം നിലപാടുകൾ ചരിത്രം വളച്ചൊടിക്കലാണ്.

കേരളത്തിലെ കത്തോലിക്കാ സമുദായത്തിന്റെ വിദ്യാഭ്യാസ രംഗത്തെ പ്രവർത്തനങ്ങൾ എന്നും മാതൃകാപരമായിരുന്നു. ഈ അടുത്തകാലത്തായി ഇറങ്ങിയിട്ടുള്ള പല സർക്കാർ ഉത്തരവുകളും നിർദ്ദേശങ്ങളും ന്യൂനപക്ഷ വിദ്യാഭ്യാസ അവകാ ശങ്ങൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങളാണെന്ന് തിരിച്ചറിയാതെ വയ്യ. പൊതുതെരഞ്ഞെടുപ്പ് അടുത്തെത്തിയിരിക്കുന്ന ഈ സാഹചര്യത്തിൽ ഭാരതത്തിന്റെ മതേതര നിലനില്പ് പ്രധാന ചർച്ചാ വിഷയമാക്കേണ്ടതാണ്.

മേല്പറഞ്ഞ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനാണ് തൃശ്ശൂർ അതിരൂപത അത്മായ നേതൃസംഗമം, കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ, മാർച്ച് 3 ഞായറാഴ്ച, ഉച്ചകഴിഞ്ഞ് 2 മണിക്ക് തൃശ്ശൂർ ടൗൺ ഹാളിൽ നടത്തപ്പെടുന്നത്. എല്ലാ ഇടവകകളിൽ നിന്നും ഭക്തസംഘടനകളിൽ നിന്നുമുള്ള പ്രതിനിധികൾ ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്. ഓരോ ഇടവകയിൽ നിന്നും കൈക്കാരന്മാർ, പ്രതി നിധിയോഗാംഗങ്ങൾ, കുടുംബ കൂട്ടായ്മ ഭാരവാഹികൾ, സംഘടനാ ഭാരവാഹികൾ ഉൾപ്പെടെ 25 പേരുടെയെങ്കിലും സാന്നിധ്യം ഉറപ്പാക്കണമെന്ന് ഞാൻ ആഹ്വാനം ചെയ്യുന്നു. യാത്രാസൗകര്യങ്ങൾ ഇടവകയിൽ നിന്നും ക്രമീകരിക്കണമെന്നും താത്പര്യപ്പെടുന്നു.

നമ്മുടെ അമ്മയായ പരി. കന്യകാമറിയത്തിന്റെ സംരക്ഷ ണത്തിന് നിങ്ങളേവരെയും ഭരമേല്പിച്ചുകൊണ്ട്,

യേശുവിൽ സ്നേഹപൂർവ്വം

+ Andrews Thazhath

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2019 ഫെബ്രുവരി 24ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

Prot No: 987/2019/S/ABP Date: 08/Mar/2019

# ഇടവക പി.ആർ.ഒ. സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

പ്രിയ ബഹു. വികാരിയച്ചാ,

അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ നല്ല രീതിയിൽ ഇടവക പി.ആർ.ഒ.മാരെ സംഘടിപ്പിച്ചുകൊണ്ടിരിക്കുന്നു എന്ന തിൽ വളരെയേറെ സന്തോഷമുണ്ട്. സഭയുടെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ പബ്ലിക് റിലേഷൻസ് രംഗത്ത് പ്രാവീണ്യമുള്ള അത്മാ യരെ ഇടവകളിൽ നിന്നും മാധ്യമരംഗത്തേക്ക് വളർത്തികൊണ്ടുവരേ ണ്ടത് അനിവാര്യമാണ്. അതിരൂപതയിലെ ഇടവക പി.ആർ.ഒ.മാരെ സംബന്ധിച്ച് ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പാരീഷ് ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡിൽ പി.ആർ.ഒ. മാർ അംഗങ്ങളായിരിക്കണം.
2. ഇടവക തിരുനാൾ, വാർഷികം, ജൂബിലി എന്നിങ്ങനെ ഇടവകയുടെ പൊതു കാര്യപരിപാടികളിൽ പബ്ലിസിറ്റിയുടെ ചുമതല നൽകുകയോ കമ്മറ്റികളിൽ ഉൾപ്പെടുത്തുകയോ വേണം.
3. പി.ആർ.ഒ./പി.എം.പി. (കത്തോലിക്കാ സഭ) ഒരാളായിരിക്കുന്നതാണ് ഉചിതം.
4. ഇടവക വാർത്തകളും മറ്റും വികാരിയുടെ അനുമതിയോടെ പത്രമാധ്യമങ്ങളിൽ നൽകുന്നതിന് പി.ആർ.ഒ. മാരെ ചുമതല പ്പെടുത്തുന്നത് ഉചിതമായിരിക്കും.
5. 'നേർജ്വാല' പത്രം (ഫൊറോന കേന്ദ്രങ്ങളിൽ നിന്ന് കൊണ്ട് വന്ന്) ഇടവകകളിൽ വിതരണം ചെയ്യുന്നതിന് പി.ആർ.ഒ. മാരെ ചുതമലപ്പെടുത്തണം.
6. വികാരി, ഇടവകജനം, മറ്റു മതവിശ്വാസികൾ, പോലീസ്, പത്രമാധ്യമങ്ങൾ, മറ്റു അധികാരസ്ഥാപനങ്ങൾ എന്നിവരുമായി നല്ല ബന്ധം പുലർത്തുവാനും ഒത്തു പോകുവാനും കഴിവുള്ളവരെ യുമാണ് പി.ആർ.ഒ. മാരായി നിയോഗിക്കേണ്ടത്.

സ്നേഹത്തോടെ,

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# കച്ചേരി
## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

ഏപ്രിൽ 2019

**1. ഓർമിക്കേണ്ട ദിവസങ്ങൾ**

5 : ആദ്യവെള്ളി
7 : **നോമ്പ് ആറാം ഞായർ**
14 : **നോമ്പ് ഏഴാം ഞായർ**
**ഓശാന ഞായർ**
18 : പെസഹാവ്യാഴം
19 : ദുഃഖവെള്ളി
20 : വലിയ ശനി
21 : **ന. കർത്താവീശോ മിശിഹായുടെ ഉയിർപ്പുതിരുനാൾ**
**ഉയിർപ്പ് ഒന്നാം ഞായർ**
24 : വി. ഗീവർഗ്ഗീസ്
25 : വി. മർക്കോസ് സുവിശേഷകൻ
26 : വേദസാക്ഷികളുടെ തിരുനാൾ
27 : **ഉയിർപ്പ് രണ്ടാം ഞായർ (പുതുഞായർ)**
28 : സിയന്നായിലെ വി. കത്രീന

**2. ഏപ്രിൽ മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| ഏപ്രിൽ | 01 : | | ദൈവവിളിവാരം ആരംഭിക്കുന്നു |
| | 07 : | | പാലയൂർ തീർത്ഥാടനം |
| | 11 : | 10:30 pm | അതിരൂപത ആലോചനസമിതിയോഗം |
| | 15 : | 10:00 am | വൈദിക-സമർപ്പിത വിശുദ്ധീകരണദിനം |
| | 24 : | 10:00 am | ഏകദിന വൈദികസമ്മേളനം |

**3. ഉയിർപ്പുകാലം:**

ഉയിപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതു



ജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്, ഈശോമിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയുംമേൽ അവിടുന്നു വരിച്ച വിജയം, അതുവഴി ഭോഷത്തത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ.

ആദിമസഭയിൽ മാമ്മോദീസ നല്കിയിരുന്നത് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചായിരുന്നു. വി. പൗലോസ് അനുസ്മരിപ്പിക്കുന്നതുപോലെ "ജ്ഞാനസ്നാനത്താൽ നാം അവനോടൊത്തു സംസ്കരിക്കപ്പെട്ടു. ക്രിസ്തു മരിച്ചതിനുശേഷം പിതാവിന്റെ മഹത്വത്തിൽ ഉയിർത്തെഴുന്നേറ്റതുപോലെ നാമും പുതിയ ജീവിതം നയിക്കേണ്ടതിനാണ് അവനോടൊത്തു സംസ്കരിക്കപ്പെട്ടത്" (റോമ. 6:4–5). ഉയിർപ്പുകാലത്തിലെ ആദ്യ ആഴ്ച, പുതുതായി മാമ്മോദീസ സ്വീകരിച്ചവരുടെ ആഴ്ചയായി മാറ്റിവച്ചിരുന്നു.അതിനാൽ അനുകരണാർഹമായ ഈ പാരമ്പര്യം പുനർജീവിപ്പിച്ചുകൊണ്ട് ഉയിർപ്പുതിരുനാളിനോടനുബന്ധിച്ചു മാമ്മോദീസ നല്കുക ഉചിതമായിരിക്കും.

**3. പട്ടങ്ങൾ**

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി വിവിധ മേജർ സെമിനാരികളിൽ ദൈവശാസ്ത്രപരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന ശെമ്മാശ്ശന്മാർ മാർച്ച് 28ന് ഉച്ചകഴിഞ്ഞ് 2.00ന് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും വിവിധ പട്ടങ്ങൾ സ്വീകരിച്ചു. അവർക്കു പ്രാർത്ഥനകളും അഭിനന്ദനങ്ങളും നേരുന്നു.

**a) മ്ശംശാനപ്പട്ടം**

1. അന്തിക്കാട്ട് സന്തോഷ് - ചേറൂർ (പൂന)
2. ചാലിൽ അനു - കണ്ണാറ (മേരിമാത)
3. ചിറയത്ത് ഫെബിൻ - പാറന്നൂർ (മേരിമാത)
4. ചിറ്റിലപ്പിള്ളി അൻവിൻ - തിരൂർ (കോട്ടയം)
5. ചിറ്റിലപ്പിള്ളി ജോസഫ് - പുറനാട്ടുക്കര (മേരിമാത)
6. ചൂണ്ടൽ ലിവിൻ - മുണ്ടൂർ (മേരിമാത)
7. കൊള്ളന്നൂർ അജിത്ത് - പാലയ്ക്കൽ (ആലുവ)
8. മാളിയേക്കൽ ജിജോ - വടൂക്കര (പൂന)
9. മങ്ങാട്ടിലയൻ മേജോ - തിരൂർ (മേരിമാത)
10. മാറോക്കി ഷിന്റോ - മരത്താക്കര (മേരിമാത)
11. നെടുമ്പാക്കാരൻ യേശുദാസ് - ചിയ്യാരം വിജയമാത (ആലുവ)
12. പള്ളിക്കുന്നത്ത് ഷിജോ - മണ്ണലൂർ കിഴക്ക് (മേരിമാത)
13. പുത്തൂർ പ്രകാശ് - ഗുരുവായൂർ (മേരിമാത)
14. തരകൻ റോജർ - തിരൂർ (മേരിമാത)
15. തട്ടിൽ ട്രെജിൻ - പടവരാട് (ആലുവ)
16. വട്ടക്കുഴി ഗ്ലാഡ്രിൻ - കല്ലൂർ വെസ്റ്റ് (മേരിമാത)
17. വെളിയൻ സെബി - വരാക്കര സൗത്ത് (കോട്ടയം)

**b) ഹെവുപ്പദ്‌യാക്ക്‌നപ്പട്ടം**

1. അറക്കൽ സ്റ്റീഫൻ - പഴുവിൽ (ആലുവ)
2. അക്കരപ്പട്ട്യേക്കൽ നിർമ്മൽ - ആമ്പക്കാട് (മേരിമാത)
3. ചെമ്മണ്ണൂർ ലിബിൻ - കോട്ടപ്പടി (മേരിമാത)
4. ചിറ്റിലപ്പിള്ളി അജിത് - തിരൂർ (മേരിമാത)
5. ചുങ്കത്ത് മിഥുൻ - ചേറൂർ (കോട്ടയം)
6. മങ്ങാട്ടിലിയൻ ജോമോൻ - തിരൂർ (ആലുവ)
7. മഞ്ഞളി ബിനോയ് - മരത്താക്കര (കോട്ടയം)
8. മുക്കാടയിൽ ജിൻസൺ - വെള്ളാനിക്കോട് (മേരിമാത)
9. മുത്തുപ്പീടിക മേജോ - വല്ലച്ചിറ (മേരിമാത)
10. നെല്ലങ്കര ജിതിൻ - അരിമ്പൂർ (മേരിമാത)
11. പടിഞ്ഞാക്കര അഭിജിത്ത് - ചിയ്യാരം വിജയമാത (മേരിമാത)
12. താണിക്കൽ ജോമോൻ - പുതുക്കാട് (മേരിമാത)
13. ഊക്കൻ സിബിൻ - തലോർ (കോട്ടയം)
14. ഊക്കൻ തോമസ് - അരിമ്പൂർ (മേരിമാത)
15. വടക്കേത്തല മിഥുൻ - കണ്ടശ്ശാംകടവ് (മേരിമാത)

**c) കാറോയപ്പട്ടം**

1. ഐനിക്കൽ എഡ്‌വിൻ - ഒല്ലൂക്കര (മേരിമാത)
2. ചിറ്റിലപ്പിള്ളി ആന്റണി - പറപ്പൂർ (മേരിമാത)

| | | | |
|---|---|---|---|
| 3. എടക്കളത്തൂർ ഗോഡ്വിൻ | – | വെള്ളറക്കാട് | (കോട്ടയം) |
| 4. കാഞ്ഞിരത്തിങ്കൽ അരുൺ | – | അരിമ്പൂർ | (മേരിമാത) |
| 5. കിഴക്കൂടൻ ഗോഡ്വിൻ | – | തലോർ | (മേരിമാത) |
| 6. മുട്ടത്ത് പോൾ | – | പേരകം | (മേരിമാത) |
| 7. നീലങ്കാവിൽ ഹാഡ്‌ലി | – | മുക്കാട്ടുകര | (മേരിമാത) |
| 8. ഒലക്കേങ്കിൽ ഡെബിൻ | – | പാവറട്ടി | (ആലുവ) |
| 9. പയ്യപ്പിള്ളി ജിനു | – | വെളപ്പായ | (മേരിമാത) |
| 10. പേരാമംഗലം ജാക്സൺ | – | നെല്ലിക്കുന്ന് | (മേരിമാത) |
| 11. തട്ടിൽ ചീനിക്കൽ ബെൻവിൻ | – | നെടുപുഴ | (മേരിമാത) |
| 12. വേലൂക്കാരൻ ജിയോ | – | ഒളരിക്കര | (മേരിമാത) |

4. **അതിരൂപതാദിനം:**

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20ന് പഴുവിൽ ഫൊറോന യിൽ വച്ച് നടത്തപ്പെടുന്നു. എല്ലാവരും സഹകരിക്കുമല്ലോ.

5. **ഡയറക്ടറി** – അനുബന്ധം:

അതിരൂപതാഡയറക്ടറിക്ക് ഒരു അനുബന്ധം തയ്യാറാക്കിയിട്ടുണ്ട്. 2019ലെ വൈദികരുടെ സ്ഥലമാറ്റത്തിനുശേഷം പുതുക്കിയ അഡ്രസ്സും ഫോൺ നമ്പറും അടങ്ങുന്ന അനുബന്ധം റഫറൻസിനുള്ള സൗക ര്യത്തിനുവേണ്ടി തയ്യാറാക്കിയിരിക്കുന്നു. 2017ലെ അതിരൂപതാഡയറ ക്ടറിയിൽ കൊടുത്തിരിക്കുന്ന മറ്റു വിശദാംശങ്ങൾ ഈ അനു ബന്ധത്തിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

അതിരൂപത വൈദികർക്ക് അതിരൂപത കാര്യാലയത്തിൽ നിന്നും ലഭ്യമാണ്.

6. **പാലയൂർ മഹാതീർത്ഥാടനം :**

2019 ഏപ്രിൽ 7–നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാട നം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇട വകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേ ദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വ ത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ച ന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

7. **കാരുണ്യനിധി കളക്ഷൻ:**

കാരുണ്യനിധിയിലേക്കുള്ള കളക്ഷൻ അടയ്ക്കാത്ത ഇടവകകൾ

അത് അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**8. വൈദികരുടെ നിയമനം :**

1. ഫാ. ഷാജു ചിറയത്ത് – അവധി; താമസം ക്രൈസ്റ്റ് വില്ല; സാധുത 2019 ജനുവരി 5 മുതൽ.
2. ഫാ. തോമസ് ചൂണ്ടൽ – പ്രീസ്റ്റ്-ഇൻ-ചാർജ്ജ് ചാഴൂർ കൂടി; സാധുത 2019 ജനുവരി 5 മുതൽ.
3. ഫാ. ലെബിൻ വെണ്ണാട്ടുപറമ്പിൽ CMI – സഹവികാരി എൽത്തുരുത്ത് ഒഴിവായി; സാധുത 2019 ഫെബ്രുവരി 6 മുതൽ.
4. ഫാ. ചാലിശ്ശേരി നവീൻ CMI – സഹവികാരി എൽത്തുരുത്ത്; സാധുത 2019 ഫെബ്രുവരി 6 മുതൽ.
5. ഫാ. ജോമോൻ വാഴപ്പിള്ളി CMII – സഹവികാരി വരന്തരപ്പിള്ളി കിഴക്ക് ഒഴിവായി; സാധുത 2019 ഫെബ്രുവരി 6 മുതൽ.
6. ഫാ. ഷൈസൻ പൊറുത്തൂർ CMI – സഹവികാരി വരന്തരപ്പിള്ളി കിഴക്ക്; സാധുത 2019 ഫെബ്രുവരി 6 മുതൽ.
7. ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ – നടത്തുവികാരി ഗുരുവായൂർ കൂടി; സാധുത 2019 ഫെബ്രുവരി 6 മുതൽ.
8. ഫാ. ഷാജു ചിറയത്ത് – ചികിത്സാവധി; സാധുത 2019 ഫെബ്രുവരി 6 മുതൽ.
9. ഫാ. ജോൺസൻ പുലിക്കോട്ടിൽ – നടത്തുവികാരി കോളങ്ങാട്ടുകര; സാധുത 2019 ഫെബ്രുവരി 8 മുതൽ.
10. ഫാ. ഫിജോ ആലപ്പാടൻ – ബലിയർപ്പണം സി. എസ്. എം. പൊന്നൂക്കര കൂടി, കപ്ലോൻ സി. എച്ച്. എഫ്. മറിയം ത്രേസ്യ നിലയം ഒഴിവായി; സാധുത 2019 ഫെബ്രുവരി 18 മുതൽ.
11. ഫാ. സുപ്പീരിയർ MCBS – ബലിയർപ്പണം സി. എസ്. എം. പൊന്നൂക്കര ഒഴിവായി; സാധുത

2019 ഫെബ്രുവരി 18 മുതൽ.

12. ഫാ. പോൾ പേരാമംഗലത്ത് – ബലിയർപ്പണം സി. എസ്. എം. പൊന്നൂക്കര (ഞായറാഴ്ച) & കപ്ലോൻ സി. എച്ച്. എഫ്. മറിയം ത്രേസ്യ നിലയം കൂടി; സാധുത 2019 ഫെബ്രുവരി 18 മുതൽ.

**9. പ്രത്യേക നിയമനം :**

**1. കൈക്കാരന്മാർ:**

| | |
|---|---|
| സ്നേഹപുരം | മൂലേപറമ്പിൽ ലോനപ്പൻ ഔസേപ്പ് |
| | ഐനിക്കൽ ദേവസ്സി ഷാന്റോ |
| എൽത്തുരുത്ത് | ആലപ്പാട്ട് തോട്ട്യാൻ ഔസേപ്പ് |
| | ചുങ്കത്ത് ഡേവിസ് |
| | നീലങ്കാവിൽ സിംസൺ |
| പീച്ചി | ലിവിൻ ആലക്കാപറമ്പിൽ |
| | ബെന്നി കൊച്ചുകളത്തിങ്കൽ |
| | ജോയ് കല്ലറക്കൽ |
| | ലിജു മാളിയേക്കൽ |

**2. സെന്റ് ജോസഫ്സ് സ്കൂൾ, കുരിയച്ചിറ,**

**ബോർഡ് ഓഫ് ട്രസ്റ്റീസ്**

**എക്സ്–ഒഫീച്ചിയോ അംഗങ്ങൾ**

1. വികാരി ജനറാൾ – മോൺ. തോമസ് കാക്കശ്ശേരി
2. പ്രൊക്യുറേറ്റർ, തൃശ്ശൂർ അതിരൂപത– ഫാ. ജോയ് മൂക്കൻ
3. കോർപ്പറേറ്റ് മാനേജർ – ഫാ. ആന്റണി ചെമ്പകശ്ശേരി
4. അഡ്മിനിസ്ട്രേറ്റർ – ഫാ. ഇഗ്നേഷ്യസ് നന്തിക്കര

**നോമിനേറ്റഡ് അംഗങ്ങൾ**

1. ഫാ. ജോൺ പോൾ ചെമ്മണ്ണൂർ
2. ശ്രീ. ടി. കെ. അന്തോണിക്കുട്ടി
3. ശ്രീ. ഇഗ്നേഷ്യസ് കൊള്ളന്നൂർ

മാർ ടോണി നീലങ്കാവിൽ
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ ഏപ്രിൽ മാസത്തെ പരിപാടികൾ

### APRIL 2019

| Date | Day | Time | Description |
|---|---|---|---|
| 01 | Mon | Morning | Holy mass at Marymatha Seminary, Vocation week inaugural mass at Lourdes |
| 02 | Tue | Morning | Vocation camp girls - Holy mass at DBCLC, Curia Meeting |
| | | Evening | Permanent Synod |
| 03 | Wed | Morning | For Priests and Religious |
| 04 | Thu | Morning | Vocation camp boys - Holy mass at Minor seminary |
| 05 | Fri | Morning | Curia Meeting, For the people |
| 06 | Sat | Morning | Vocation camp boys - Holy mass at Minor seminary, 'Vidhava sangamam' at Family apostolate. |
| 07 | Sun | | Palayur Pilgrimage |
| 08 | Mon | Morning | Office work |
| | | Evening | Catholica sabha core meeting |
| 09 | Tue | Morning | Curia meeting |
| | | Evening | Ollur forane convention inauguration |
| 10 | Wed | Evening | JMMC Trust meeting |
| 11 | Thu | Morning | Consulters meeting |
| 12 | Fri | Morning | Curia Meeting, For Priest and Religious |
| 13 | Sat | Afternoon | Parents Meet of Gurukulam Batch at Archbishop's house |

| | | | |
|---|---|---|---|
| 14 | Sun | Morning | Palm sunday |
| 15 | Mon | Morning | Sanctification Day |
| 16 | Tue | Morning | Curia Meeting |
| 17 | Wed | | |
| 18 | Thu | Morning | Maundy Thursday – Holy Mass at Basilica, 'Kalukazhukal' at Grace home |
| 19 | Fri | Morning | Good Friday celebrations at Lourdes, Curia Meeting |
| | | Evening | Good Friday procession at Basilica |
| 20 | Sat | Night | Easter Eve At Lourdes |
| 21 | Sun | | Easter |
| 22 | Mon | Morning | For the people |
| | | Evening | Holy mass at Thayyur |
| 23 | Tue | Morning | Curia Meeting |
| 24 | Wed | Morning | Office work & Prayer day |
| | | Afternoon | Institution directors meet |
| 25 | Thu | Morning | Priest conference |
| 26 | Fri | Morning | Curia Meeting, Mar Joseph Kundukulam Death Anniversary At Lourdes,<br>Holy Mass & interview during Selection camp in Minor seminary. |
| | | Evening | Arthat church blessing |
| 27 | Sat | Morning | First holy communion at Basilica |
| | | Evening | Blessing of Presbytery and Holy Mass at Pathramangalam |
| 28 | Sun | | |
| 29 | Mon | Morning | Holy mass and First holy Kurbana at Perakam + Golden Jubilee Inauguration, For Priests & Religious |
| 30 | Tue | Morning | Curia Meeting, CSC final Profession at Kolazhy |

## മാർ ടോണി നീലങ്കാവിൽ പിതാവിന്റെ ഏപ്രിൽ മാസത്തെ പരിപാടികൾ

# APRIL 2019

| Date | Day | Time | Description |
|---|---|---|---|
| 1. | Monday | Morning | Lourde- Daivavilivaram |
| | | Evening | DBCLC H.Mass - Vocation Camp for Girls |
| 2. | Tuesday | Morning | Minor Seminary - H.Mass Vocation Camp for Boys; Curia Meeting |
| | | Evening | Palayur - Convention Conclusion |
| 3. | Wednesday | Morning | For Priests and Religious |
| | | Evening | Engaged |
| 4. | Thursday | | Thiruvananthapuram - ThekkenKurisumala |
| 5. | Friday | Morning | Curia Meeting |
| | | Evening | Visitors time |
| | | | Minor Seminary - H.Mass (Vocation Camp for Boys) |
| 6. | Saturday | Afternoon | Lourde- Vocation Week Concluding Mass |
| | | Evening | Bharatha- LPS Silver Jubilee Inauguration |
| 7. | Sunday | | Palayur Theerthadanam |
| 8. | Monday | Morning | Office Time |
| | | Evening | Editorial Meeting of Catholicasabha |
| 9. | Tuesday | Morning | Curia Meeting |
| 10. | Wednesday | | Calicut - Mananthavady |
| | | Evening | JMMC Trust Meeting |
| 11. | Thursday | Morning | Consultors' Meeting |
| | | | For Priests & Religious |
| | | Evening | Engaged |
| 12. | Friday | Morning | Amballur- Holy Mass , Curia Meeting |
| | | Evening | Visitors Time |
| 13. | Saturday | Morning | Kanakamala - H. Mass |
| | | Noon | Archbishop's House- Parents' Meet of Gurukulam Batch |
| | | Evening | Ollur - Convention Concluding |
| 14. | Sunday | Morning | Basilica- Palm Sunday Mass |
| 15. | Monday | Morning | Chrism Mass |
| 16. | Tuesday | Morning | Curia Meeting |

| | | | |
|---|---|---|---|
| 17. | Wednesday | | Engaged |
| 18. | Thursday | Morning | Lourde- Maundy Thursday Mass For Priests and Religious |
| 19. | Friday | | Basilica- Good Friday - Holy Services<br>Chittissery - Good Friday Message |
| 20. | Saturday | Night | Basilica- Easter H. Mass |
| 21. | Sunday | | Easter |
| 22. | Monday | Morning | Sarithapuram - First Holy Communion |
| | | Afternoon | Elthuruth – Baptism of Sixth Child |
| | | Evening | Mayannur - H. Mass |
| 23. | Tuesday | Morning | Curia Meeting<br>Avinissery –Silver Jubilee Meeting of Fr. Paul Arackal |
| | | Evening | Lourde -SamarpithaSangamam |
| 24. | Wednesday | | Minor Seminary Selection Camp H. Mass |
| | | Afternoon | Institutions' Directors' Meeting |
| | | Evening | Calvary Ecumenical Gathering |
| 25. | Thursday | Morning | Presbyterium |
| | | Afternoon | Jubilee Mission Medical College - Convocation |
| | | Evening | St. Thomas College - OSA General Body Meeting |
| 26. | Friday | Morning | Lourdes - Mar Joseph Kundukulam's Death anniversary<br>Curia Meeting, Visitors time |
| | | Evening | Thodupuzha- H. Mass |
| 27. | Saturday | Morning | Thayyur- First Holy Communion, Veendassery– Fr. Chacko Edayal's first death anniversary |
| | | Afternoon | CMC Vestition |
| | | Evening | Town Hall - Musical Programme Inauguration |
| 28. | Sunday | Morning | Lourde- First Holy Communion<br>Mukkattukkara- Festal Mass |
| | | Evening | Nedupuzha- Madbaha Blessing, Mundur |
| 29. | Monday | Morning | Choondal- Golden Jubilee of the Convent and Hospital |
| | | Evening | Pattikad- Sr. Daisy Joseph's Jubilee Mass Chettupuzha - SABS Vestition |
| 30. | Tuesday | Morning | Curia Meeting<br>Thottumukk- SD Generalate Final Profession |



# നാളാഗമം

## ഫെബ്രുവരി 2019

1. അഭിവന്ദ്യ താഴത്ത് പിതാവ് USMACയുടെ തൃശ്ശൂർ ജില്ലാതല കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹ ഒരുക്കക്ലാസ്സിൽ പങ്കെടുക്കുന്നവർക്കു വേണ്ടി ദിവ്യബലിയർപ്പിച്ചു. വൈകുന്നേരം പള്ളിക്കുന്ന് ഇടവക പള്ളിയിൽ ദിവ്യബലിയർപ്പിക്കുകയും പ്രളയത്തിൽ തകർന്ന കുടംബത്തിന് പുതിയ ഭവനം പണിതതിന്റെ താക്കോൽദാനം നടത്തുകയും ചെയ്തു.

2. അഭിവന്ദ്യപിതാക്കന്മാർ ആർച്ച് ബിഷപ്സ് ഹൗസിലെ സ്റ്റാഫ് പിക്നികിനു പോയി.

3. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ബ്രഹ്മകുളം ഇടവകയുടെ നവതിയോടനു ബന്ധിച്ച് വി. ബലിയർപ്പിച്ചു. വൈകിട്ട് മണ്ണംപേട്ട ഇടവക യുടെ നവതിയാഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് രാവിലെ കണ്ണാറ ഇടവകപള്ളിയിൽ വി.ബലിയർപ്പിക്കുകയും കപ്പേളവെഞ്ചരിക്കുകയും ചെയ്തു. വൈകുന്നേരം പൊള്ളാച്ചി സീറോ മലബാർ ഇടവകപള്ളിയിൽ തിരുന്നാൾ കുർബ്ബാന അർപ്പിച്ചു.

4. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചേറൂരിലെ ആബാ ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിക്കുകയും പ്രസംഗകർക്കുള്ള കാർഡ് വിതരണം ചെയ്യുകയും ചെയ്തു. വൈകിട്ട് അതിരൂപത ഏകോപനസമിതി യോഗത്തിൽ പങ്കെടുത്തു. ബൊൻ നത്താലെ "കനിവ് 2018" വിജയിപ്പിക്കാൻ സഹായിച്ച സംഘടനാഭാരവാഹികൾക്ക് അഭിനന്ദനവും നന്ദിയുമർപ്പിച്ചു. അഭിവന്ദ്യ ടോണിപിതാവ് രാവിലെ നിർമ്മലമാത സ്കൂളിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാത മേജർ സെമിനാരിയിൽ ക്ലാസ്സെടുക്കുകയും വൈകുന്നേരം സെന്റ് ആൻസ് അനാഥമന്ദിരത്തിന്റെ വാർഷിക ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടന്ന വിവാഹഒരുക്ക ക്ലാസ്സുകൾ എടുക്കുന്നവരുടെ മീറ്റിങ്ങിൽ പങ്കെടുത്തു.
5. അഭിവന്ദ്യ ടോണിപിതാവ് രാവിലെ മണ്ണുത്തി ഇടവകപള്ളിയിൽ വി. ബലിയർപ്പിക്കുകയും പുതുക്കി പണിത ഭവനം വെഞ്ചരിച്ചു നൽകുകയും ചെയ്തു.
6. അഭിവന്ദ്യ ടോണിപിതാവ് സെന്റ് തോമാസ് കോളേജിൽ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിന്റെ നാഷണൽ സെമിനാർ ഉദ്ഘാടനം ചെയ്യുകയും തുടർന്ന് മേരിമാത മേജർ സെമിനാരിയിൽ ക്ലാസ്സെടുക്കുകയും ചെയ്തു.
7. അഭിവന്ദ്യ ടോണിപിതാവ് രാവിലെ സെന്റ് മേരീസ് കോൺവെന്റിൽ വി. ബലിയർപ്പിച്ചു. തുടർന്ന് മേരിമാത മേജർ സെമിനാരിയിൽ ക്ലാസ്സെടുക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് നെല്ലിക്കുന്ന് സെന്റ് സെബാസ്റ്റ്യൻ സി.എൽ.പി. സ്ക്കൂളിന്റെ വാർഷികദിനാഘോഷം ഉദ്ഘാടനം ചെയ്തു. മുല്ലക്കര ഇടവക പള്ളിയിൽ വട്ടായിയച്ചന്റെ നേതൃത്വത്തിൽ നടത്തിയ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.
8. അഭിവന്ദ്യ താഴത്ത് പിതാവ് ഇരിങ്ങാലക്കുട ബിഷപ്സ് ഹൗസിൽ ദീപികയുടെ യോഗത്തിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണിപിതാവ് ഉച്ചതിരിഞ്ഞ് ഒല്ലൂർ സെന്റ് മേരീസ് കോൺവെന്റിൽ ബഹു. സിസ്റ്റർ കബ്രിനി സി.എം.സി.യുടെ മൃതസംസ്ക്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.
9. അഭിവന്ദ്യ താഴത്ത് പിതാവ് കണ്ണൂരിൽ നടന്ന കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ സംസ്ഥാനസമ്മേളനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണിപിതാവ് രാവിലെ മൂക്കന്നൂർ സി.എസ്.ടി. നൊവീഷിയേറ്റ് ഹൗസിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് ഇന്റർനാ

ഷനൽ സെമിനാറിൽ പങ്കെടുക്കുകയും കാത്തലിക് കോൺഗ്രസ്സിന്റെ വാർഷിക പദ്ധതിയുടെ പ്രകാശനകർമ്മം നടത്തുകയും ചെയ്തു. വൈകുന്നേരം ബഹു. ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ടച്ചന്റെ അമ്മയുടെ മൃതസംസ്ക്കാരശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. കുണ്ടന്നൂർ സെന്റ് ജോസഫ് യു.പി. സ്കൂളിന്റെ വാർഷികദിനാഘോഷം ഉദ്ഘാടനം ചെയ്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വിയ്യൂർ ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു. മേരിമാത മേജർ സെമിനാരിയിൽ നടത്തിയ ഇന്റർനാഷണൽ തിയോളജിക്കൽ സിംപോസിയത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. ഉച്ചതിരിഞ്ഞ് ചിയ്യാരം സേവനാലയം ഇടവകയിൽ കുടുംബങ്ങളെ ദത്തെടുക്കൽ പദ്ധതിയിൽ പങ്കെടുത്തു. വൈകിട്ട് പാവറട്ടി ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണിപിതാവ് ചാവറ പിതാവിന്റെ 214–ാം ജന്മദിന വാർഷികത്തോടനുബന്ധിച്ച് കൈനകരിയിൽ രാവിലെ വി. ബലിയർപ്പിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് അതിരൂപത ഡോക്ടേഴ്സ് ഫോറം മീറ്റിംഗിൽ സന്ദേശം നൽകി. അഭിവന്ദ്യ ടോണിപിതാവ് മൈനർ സെമിനാരിയിൽ രാവിലെ വി. ബലിയർപ്പിച്ചു. സെന്റ് തോമാസ് കോളേജിൽ നടന്ന ഇന്റർനാഷനൽ സെമിനാറിൽ പങ്കെടുത്തു. വൈകുന്നേരം കത്തോലിക്കാസഭാപത്രത്തിന്റെ എഡിറ്റോറിയൽ മീറ്റിംഗിലും തുടർന്ന് സെന്റ് തോമസ് കോളേജിന്റെ മാനേജ്മെന്റ് കമ്മറ്റി മീറ്റിംഗിലും പങ്കെടുത്തു. ലൂർദ്ദിൽ നടന്ന ഊട്ടുതിരുനാ ളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു.

12. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പുതുതായി ചാർജ്ജെടുക്കുന്ന കൂരിയ അംഗങ്ങളുടെ പ്രതിജ്ഞ കർമ്മത്തിൽ കാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് ഹോളി ഫാമിലി സന്യാസിനി സി. ബെനീഷ്യയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മി കത്വം വഹിച്ചു. അഭിവന്ദ്യ ടോണിപിതാവ് രാവിലെ ഉർസുലൈൻ കോൺവെന്റിൽ വി. ബലിയർപ്പിച്ചു. സെന്റ് തോമസ് കോളേജിൽ മലയാളം ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച നാഷണൽ സെമിനാറിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയുടെ കമ്മീഷൻ മീറ്റിങ്ങിൽപങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് പോൾ ഗുരു

കുലത്തിൽ വി. ബലിയർപ്പിക്കുകയും അതിരൂപതയിലെ വൈദികവിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു. ഉച്ചതിരിഞ്ഞ് ട്രൈബ്യൂണൽ മീറ്റിംഗിലും ജൂബിലി മിഷൻ ട്രസ്റ്റ് മീറ്റിംഗിലും പങ്കെടുത്തു. അഭിവന്ദ്യ ടോണിപിതാവ് മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരിയുടെ കമ്മിഷൻ മീറ്റിങ്ങിൽ പങ്കെടുത്തു. വൈകുന്നേരം തുമ്പൂർ പള്ളിയിൽ വി. ബലിയർപ്പിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് ആലോചനസമിതി യോഗത്തിലും ദീപിക ഫ്രണ്ട്സ് ക്ലബ് മീറ്റിംഗിലും പങ്കെടുത്തു. അഭിവന്ദ്യ ടോണിപിതാവ് നടത്തറ ഹോളി റിഡീമർ സ്കൂളിൽ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. വൈകുന്നേരം മീഡിയ കത്തോലിക്കയുടെ മീറ്റിംഗിൽ പങ്കെടുത്തു.

15. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. അതിരൂപതയിൽ ഫെബ്രുവരിയിൽ സ്ഥലം മാറിയ വികാരിയച്ചന്മാരുടെ മീറ്റിംഗിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു.

16. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ചേറ്റുപുഴ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ ജൂബിലി കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. വൈകീട്ട് ഭാരതത്തിനു വേണ്ടി വീരമൃത്യു വരിച്ച ജവാന്മാർക്കു വേണ്ടി പ്രാർത്ഥിക്കാൻ കെ.സി.വൈ.എം. സംഘടനാംഗങ്ങൾ ആർച്ച് ബിഷപ്സ് ഹൗസിൽ പിതാക്കന്മാരോടൊപ്പം ഒന്നിച്ചു കൂടി. അഭിവന്ദ്യ ടോണിപിതാവ് രാവിലെ എരുമപ്പെട്ടി ഫൊറോന ദേവാലയത്തിൽ വി. ബലിയർപ്പിക്കുകയും മെത്രാഭിഷേകത്തിന്റെ ഭാഗമായി പുതുതായി പണിത ഭവനം ആശ്ലീർവ്വദിച്ച് നൽകുകയും ചെയ്തു. സി.ആർ.ഐ. മീറ്റീംഗിൽ പങ്കെടുക്കുകയും തുടർന്ന് സി. അമന്റ എഫ്.സി.സി. യുടെ ഗോൾഡൻ ജൂബിലി ആഘോഷത്തിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു. ഉച്ചയ്ക്ക് കത്തോലിക്ക സഭ പത്രത്തിന്റെ ഹോംഡേ ആഘോഷം ഉദ്ഘാടനം ചെയ്തു.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മഡോണനഗർ പള്ളിയിൽ വി. ബലിയർപ്പിച്ചു. കെ.എൽ.എം. ന്റെ നേതൃത്വത്തിൽ പ്രളയബാധിതർക്കായുള്ള റിലീഫ് കിറ്റ് വിതരണോദ്ഘാടനം നടത്തി. അതിനുശേഷം ആർച്ച് ബിഷപ്സ് ഹൗസിൽ പുതിയ കെ.സി.വൈ.എം. ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന യോഗം ഉദ്ഘാടനം ചെയ്തു.

അഭിവന്ദ്യ ടോണിപിതാവ് രാവിലെ കോയമ്പത്തൂർ കാരുണ്യമാത പള്ളിയിൽ വി. ബലിയർപ്പിക്കുകയും എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളുമായി സഭാവിഷയത്തെ സംബന്ധിച്ച് സംവദിച്ചു. വൈകുന്നേരം കലാസദന്റെ നേതൃത്വത്തിലുള്ള തേൻതുള്ളികൾ എന്ന കലാ സന്ധ്യ ഉദ്ഘാടനം ചെയ്യുകയും തുടർന്ന് നടത്തറയിലുള്ള വോയ്സ് ഓഫ് ഫ്രണ്ട്സ് ക്ലബ് ഉദ്ഘാടനം ചെയ്തു

18. അഭിവന്ദ്യ താഴത്ത് പിതാവ് കാക്കനാട് പെർമെനന്റ് സിനഡിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണി പിതാവ് സെന്റ് തോമസ് കോളെജിൽ എൻ.എ.സി.സി. മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം ഫാ. സതീഷ് കാഞ്ഞിരപ്പറമ്പിൽ എസ്.ഡി.വിയുടെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.

19–27. അഭിവന്ദ്യ താഴ ത്ത് പിതാവ് 'കുട്ടികളുടെ സംരക്ഷണം സഭയിൽ' എന്ന വിഷയത്തെ കുറിച്ചുള്ള സെമിനാറിൽ പങ്കെടുക്കാനായി റോമിലേക്ക് പോയി.

19. അഭിവന്ദ്യ ടോണിപിതാവ് സെന്റ് തോമസ് കോളെജിന്റെ സ്റ്റാഫ് സെലക്ഷൻ മീറ്റിംഗിൽ പങ്കെടുത്തു.

20. അഭിവന്ദ്യ ടോണിപിതാവ് സെന്റ് തോമസ് കോളെജിന്റെ സ്റ്റാഫ് സെലക്ഷൻ മീറ്റിംഗിൽ പങ്കെടുത്തു.

21. അഭിവന്ദ്യ ടോണിപിതാവ് രാവിലെ കൊഴുക്കുള്ളി പള്ളിയിൽ വി.ബലിയർപ്പിക്കുകയും പാരിഷ് ഹാൾ വെഞ്ചിരിക്കുകയും ചെയ്തു. തുടർന്ന് സെന്റ് തോമസ് പാരലൽ കോളെജിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്ക് സെന്റ് തോമസ് കോളെജിൽ ഹിസ്റ്ററി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ മെഡ്‌ലിക്കോട്ട് ഫൗണ്ടേഷൻ ഉദ്ഘാടനം നിർവ്വഹിച്ചു. വൈകുന്നേരം സെന്റ് മേരീസ് കോളേജിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു.

22. അഭിവന്ദ്യ ടോണിപിതാവ് സുവോളജി ഡിപ്പാർട്ടുമെന്റിൽ സംഘടിപ്പിച്ച ഗുരു വന്ദനം സെമിനാർ ഉദ്ഘാടനം ചെയ്തു. സെന്റ് തോമസ് കോളെജിൽ സോളാർ ഫണ്ടിന്റെ വിതരണ യോഗത്തിൽ പങ്കെടുത്തു. ഉച്ചക്കഴിഞ്ഞ് സാന്ത്വനത്തിന്റെ നേതൃത്വത്തിൽ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവർക്കുള്ള ഫണ്ട് വിതരണം നടത്തി. പാവറട്ടി സാൻജോസ് സ്കൂളിന്റെ വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു

23. അഭിവന്ദ്യ ടോണിപിതാവ് ജ്യോതി എൻജനീയറിംഗിന്റെ

കോളെജിന്റെ ടെക് ഫെസ്റ്റ് ആയ തരംഗ് 2019 ഉദ്ഘാടനം ചെയ്തു. തുടർന്ന് കണ്ണംകുള ങ്ങര പള്ളിയിൽ മാമ്മോദീസക്ക് കാർമ്മികത്വം വഹിച്ചു. എഫ്.സി.സി. സിസ്റ്റേഴ്സിന്റെ ഗോൾഡൻ ജൂബിലി ആഘോ ഷത്തിന്റെ വി. ബലിയിൽ മുഖ്യ കാർമ്മികത്വം വഹിച്ചു. വൈകു ന്നേരം പോപ്പ് പോൾ മേഴ്സി ഹോമിന്റെ വാർഷികാഘോഷ ത്തിൽ പങ്കെടുത്തു.

24. അഭിവന്ദ്യ ടോണിപിതാവ് രാവിലെ അത്താണി പള്ളിയിൽ വി. ബലിയർപ്പിക്കുകയും വിമ ലകോളെജിൽ സംഘടിപ്പിച്ച ജീസസ് യൂത്ത് മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു. വൈകുന്നേരം കണ്ടശ്ശാംകടവ് കണ്ടാസ് ആർട്സ് ക്ലബിന്റെ ചാരിറ്റി പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു.

25. അഭിവന്ദ്യ താഴത്ത് പിതാവ് FABC മീറ്റിംഗിൽ പങ്കെടുത്തു. അഭിവന്ദ്യ ടോണിപിതാവ് രാവിലെ എസ്.കെ.ഡി. കോൺവെന്റിൽ വി. ബലി യർപ്പിച്ചു. തുടർന്ന് മണ്ണുത്തി ഡോൺ ബോസ്കോ കോളെ ജിൽ ഇന്റർ റിലിജിയസ് മീറ്റിം ഗിൽ പങ്കെടുത്തു. ഉച്ചയ്ക്ക് പല്ലി ശ്ശേരിയിലെ തിയോളജി കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം ചെയ്തു.

26. അഭിവന്ദ്യ ടോണിപിതാവ് കുരി യിച്ചിറ സെന്റ് പോൾസ് കോൺ വെന്റിൽ വി. ബലിയർപ്പിച്ചു. വൈകുന്നേരം സിസ്റ്റർ വിയാനി എഫ്.സി.സി. യുടെ മൃതസം സ്കാരശുശ്രൂഷയിൽ കാർമ്മി കത്വം വഹിച്ചു.

27. അഭിവന്ദ്യ ടോണിപിതാവ് സെന്റ് പോൾസ് ഗുരുകുലം സെമിനാരിയിൽ രാവിലെ വി. ബലിയർപ്പിച്ചു.

28. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ സെന്റ് തോമസ് കോളേജിലെ സ്റ്റാഫിന്റെ വിരമിക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ ടോണിപി താവ് ഇരിഞ്ഞാലക്കുട രൂപത യിലെ കൊച്ചച്ചന്മാർക്ക് ക്ലാസ്സെ ടുത്തു. തുടർന്ന് സെന്റ് തോമസ് കോളെജ് പ്രിൻസിപ്പ ലിന്റെ യാത്രയയപ്പ് സമ്മേളന ത്തിൽ പങ്കെടുത്തു. ഉച്ചക്ക ഴിഞ്ഞ് തിരൂർ എൽ.പി സ്കൂളിലെ വാർഷിയാഘോഷം ഉദ്ഘാടനം ചെയ്തു. വൈകു ന്നേരം സി. ബെൻ സി.എം.സി. യുടെയും സി. സിറിൾ സി. എച്ച്. എഫ്. ന്റെയും മൃതസംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു.



## നാമകരണനടപടികൾ

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

### രണ്ടാം ശനി -ആചരണം

09/02/2019 രാവിലെ നന്തിക്കര പള്ളി വികാരി റവ.ഫാ.ജോജു കോക്കാട്ട് ദിവ്യബലിയ്ക്ക് കാർമികത്വം വഹിച്ചു. വി.കുർബാനയ്ക്കും ആരാധനയ്ക്കും പ്രഭാഷണത്തിനും നന്തിക്കര ചാരിറ്റി കോൺവെന്റിലെ സിസ്റ്റേഴ്സിന്റേയും ഇടവകജനത്തിന്റേയും സാന്നിധ്യമുണ്ടായിരുന്നു. ദിവ്യകാരുണ്യത്തിനു മുമ്പിലായിരിക്കുമ്പോൾ വി.യോഹന്നാന്റെ സുവിശേഷത്തിലെ 21-ാം അധ്യായം നമ്മുടെ മനസ്സിലേയ്ക്ക് കൊണ്ടുവരാമെന്ന് പറഞ്ഞ് ജോജു കോക്കാട്ടച്ചൻ പ്രഭാഷണം ആരംഭിച്ചു. ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ ഏറ്റവുമധികം ഇഷ്ടപ്പെടുന്നത് കുരിശുരൂപമാണ്. കാരണം കുരിശുരൂപത്തിലേതുപോലെ അച്ചന്റ കരങ്ങളും ജീവിതത്തിലുടനീളം പാവപ്പെട്ടവരിലേയ്ക്കും കഷ്ടപ്പെടുന്നവരിലേയ്ക്കും നീണ്ടുനിൽക്കുന്നതായിരുന്നു. വേദനിക്കുന്ന ഒരു വ്യക്തിയെ കണ്ടുമുട്ടുമ്പോൾ അത് എന്റെ സഹോദരനാണ് എന്ന തിരിച്ചറിവായിരുന്നു അഗസ്റ്റിൻ അച്ചന്റെ ശുശ്രൂഷയുടെ വ്യതിരക്തത. ചൊവ്വന്നൂരിന്റെ പ്രാന്തപ്രദേശങ്ങളിൽ മനോഹരമായി ശുശ്രൂഷ ചെയ്ത് കടന്നുപോയ ഊക്കനച്ചൻ ഈ പ്രദേശം തിരഞ്ഞെടുത്തത് ഇത്തരത്തിലുള്ള ശുശ്രൂഷകൾ ചെയ്യുവാൻ ഏറ്റവും യോജിച്ച സ്ഥലമാണ് എന്ന് മനസ്സിലാക്കിക്കൊണ്ടാണ്. പാവങ്ങളോടും ദുഖമനുഭവിക്കുന്നവരോടുമുള്ള കരുതൽ അദ്ദേഹത്തിന്റെ അജപാലനശൈലിയുടെ പ്രത്യേകതയാണ്. ഈ വാക്കുകളോടെ അച്ചൻ തന്റെ പ്രഭാഷണം അവസാനിപ്പിച്ചു. തുടർന്ന് മധ്യസ്ഥപ്രാർത്ഥന, ഊട്ടുവെഞ്ചിരിപ്പ് എന്നിവ ഉണ്ടായിരുന്നു. ചൊവ്വന്നൂർ പള്ളി വികാരി റവ.ഫാ. അനീഷ് നെല്ലിക്കൽ ഏവർക്കും നന്ദികളർപ്പിച്ചു.



# നാമകരണനടപടികൾ

## ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ

മാർച്ച് 1 മാസാദ്യവെള്ളിയാഴ്ച്ച വചനശുശ്രൂഷയ്ക്ക് നേതൃത്വം നൽകിയത് ഫാ. ഷിജോ കൊച്ചുപുരയ്ക്കൽ സി.എസ്.ടി. ആണ്. ക്രിസ്തീയ ജീവിതം എങ്ങനെ ആയിരിക്കണമെന്ന് അച്ചൻ വചനവ്യാഖ്യാനത്തിലൂടെ പങ്കുവച്ചു. യഥാർത്ഥ നിക്ഷേപത്തെ പറ്റി വി. മത്തായി 6:21 ൽ പറയുന്നു. “നിങ്ങളുടെ നിക്ഷേപം എവിടെയോ അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും.” നിത്യജീവനാണ് നമ്മുടെ നിക്ഷേപം. സർവ്വ പാപങ്ങളും വെറുത്ത് ഉപേക്ഷിക്കുക. എപ്പോഴും പ്രസാദവരാവസ്ഥയിൽ ആയിരിക്കുക. അങ്ങനെയുള്ളവൻ ആറ്റു തീരത്ത് നട്ട മരം പോലെയാണ്. യേശുവാകുന്ന ജീവ ഉറവയിലാണ് അവൻ വേരൂന്നി നിൽക്കുന്നത്. അതിനാൽ തന്നെ അവൻ ഒന്നിനും ഭയപ്പെടുന്നില്ല. സർവ്വവിധ പാപങ്ങളിലും മുഴുകി ജീവിച്ച് ആനന്ദിച്ച് ജീവിതം നശിപ്പിക്കുന്നവർ മരുഭൂമിയിലെ കുറ്റിച്ചെടി പോലെയാണ്. അതുകൊണ്ട് തന്നെ യേശുവാകുന്ന കൃപാവര ഉറവയിൽ നിന്നും അവൻ ജീവജലം സ്വീകരിക്കാത്തതിനാൽ മുരടിച്ചുപോകുന്നു. ഒരുതരം മരവിച്ച അവസ്ഥ. അവനിലെ സ്വാർത്ഥത, അഹങ്കാരം, ജീവിതവ്യഗ്രത, യുക്തിവാദം, അനുതപിക്കാത്ത പാപങ്ങൾ, അലസത തുടങ്ങി ഒട്ടനവധി പാപങ്ങളിൽ അവൻ മുഴുകിയിരിക്കുന്നു. കൂദാശകൾ അവന് അന്യമാണ്. ഇവനാണ് മരുഭൂമിയിലെ കുറ്റിച്ചെടി. ആറ്റുതീരത്തെ മരം ജീവനെ കാത്തിരിക്കുന്നു. അതിനാൽ നമുക്ക് ജീവിതത്തിൽ യഥാർത്ഥ നിക്ഷേപം കരുതിവയ്ക്കുന്നവരായി ജീവിക്കാം. അതിനായി ദൈവദാസൻ തച്ചുപറമ്പിലച്ചന്റെ മാദ്ധ്യസ്ഥം തേടി പ്രാർത്ഥിക്കാം. രോഗീശുശ്രൂഷയിലും ആരാധനയിലും ഊട്ട് നേർച്ചയിലും അനേകം പേർ പങ്കെടുത്ത് ദൈവാനുഗ്രഹം നേടി.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ




**1. കുർബ്ബാന പണം**

ഇപ്പോഴത്തെ Incom Tax നിയമം അനുസരിച്ച് 10000 രൂപയോ അതിൽ കൂടുതലോ Payment നടത്തുമ്പോൾ Account Payee Cheque മുഖേനയാണ് കൊടുക്കേണ്ടത്. അതുകൊണ്ട് Finance Office ൽ നിന്ന് 10000 രൂപയോ അതിൽ കൂടുതലോ കുർബ്ബാന പണം സ്ഥിരീകരിക്കുമ്പോൾ Cheque മുഖേന മാത്രമേ സംഖ്യ നൽകുകയുള്ളൂ. വൈദികർ ഈ കാര്യം പ്രത്യേകം ശ്രദ്ധിക്കണം എന്ന് ഓർമ്മപ്പെടുത്തുന്നു

**2. തെരട്ട് ഫോറം**

ഈ വർഷത്തെ തെരട്ട് ഫോറം ഫിനാൻസ് ഓഫീസിൽ നിന്ന് മാർച്ച് മാസത്തിൽ തന്നെ ഫോറോനകളിലേക്ക് വിതരണം ചെയ്യുന്നതായിരിക്കും. ഇടവകകൾ ഫോറോനയിൽ നിന്ന് അവരവരുടെ തെരട്ട് ഫോറം വാങ്ങേണ്ടതാണ്.

**3. അതിരൂപത സഹായ ഫണ്ട്**

1. വിവാഹ സഹായം – 2000

**4. കാരുണ്യ ട്രസ്റ്റ്**

1. വിവാഹം – 36000
2. ഭവന നിർമ്മാണം – 10000
3. ചികിത്സ – 89500
4. വിദ്യാഭ്യാസം – 2000

**5. മാർ കുണ്ടുകുളം ട്രസ്റ്റ് വിവാഹ സഹായം**

മറ്റം – 5000

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ



# BIRTHday FEASTday DEATH memories

## വൈദികർ

### ജന്മദിനങ്ങൾ

ഫാ. ആന്റോ ഒല്ലൂക്കാരൻ 02
ഫാ. മനോജ് കീഴൂരുമുട്ടിക്കൽ 02
ഫാ. ജീജോ വള്ളൂപ്പാറ 04
ഫാ. കനേഡിയൻ തണ്ടാശ്ശേരി 05
ഫാ. ഫ്രാൻസിസ് നീലങ്കാവിൽ 06
ഫാ. ജോർജ്ജ് ചെറുവത്തൂർ 06
ഫാ. ഇഗ്നേഷ്യസ് (ബിജു) നന്തിക്കര 07
ഫാ. സോബിൻ പായിക്കാട്ട് 07
ഫാ. ഷിജു ചിറ്റിലപ്പിള്ളി 08
ഫാ. ജോഷി പറോക്കാരൻ 09
ഫാ. വർഗ്ഗീസ് കരിപ്പേരി 10
ഫാ. റിഞ്ചോ ഓലപ്പുരക്കൽ 11
ഫാ. ജോയി അടമ്പുകുളം 12
ഫാ. ജോസഫ് പൂവ്വത്തൂക്കാരൻ 13
ഫാ. ടൈസൻ മണ്ടുംപാൽ 13
ഫാ. ലിജോ ജോസ് ചിരിയങ്കണ്ടത്ത് 13
ഫാ. ജോൺ മുളക്കൽ 14
ഫാ. മാത്യു കുറ്റിക്കോട്ടയിൽ 14
ഫാ. ജോസഫ് പുളിക്കൻ 16
ഫാ. തോമസ് വടക്കേത്തല 16
ഫാ. മാത്യു ചാക്കേരി 16
ഫാ. തോബിയാസ് ചാലക്കൽ 17
ഫാ. ഡൈജോ പൊറുത്തൂർ 18
ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് 19
ഫാ. സെബി ചിറ്റാട്ടുകര 19
ഫാ. ആൻസിൽ ജോൺ വെള്ളറ 19
ഫാ. ഫ്രെഡറിക് എലുവത്തിങ്കൽ 20
ഫാ. ക്രിസ്റ്റീൻ ചിറമ്മൽ 21
ഫാ. ജിജോ മുരിങ്ങാത്തേരി 22
ഫാ. വർഗ്ഗീസ് ഊക്കൻ 22
ഫാ. ജോസ് പുലിക്കോട്ടിൽ 24
ഫാ. സിൻസൺ എടക്കളത്തൂർ 25
ഫാ. ജോബി കടപ്പൂരാൻ 25
ഫാ. ലോറൻസ് ഒലക്കേങ്കിൽ 27
ഫാ. ബിനോയ് ചിറ്റിലപ്പിള്ളി 27
ഫാ. ജിയോ ചെറടായി 28
ഫാ. റിജോയ് തൈവളപ്പിൽ 28
ഫാ. ആന്റണി മേച്ചേരി 28
ഫാ. മേജോ കോരേത് 28
ഫാ. സലീഷ് അറങ്ങാശ്ശേരി 29
ഫാ. ജോബ് വടക്കൻ 29
ഫാ. ജിന്റോ ചൂണ്ടൽ 29
ഫാ. ചാക്കോ നടക്കവേലിയിൽ 30
ഫാ. ഫ്രാൻസിസ് അറക്കൽ 30
ഫാ. ഫ്ളെർജിൻ തയ്യാലക്കൽ 30

## നാമഹേതുക തിരുനാൾ

| | |
|---|---|
| മോൺ. ജോർജ്ജ് അക്കര | 24 |
| ഫാ. ജോജു ആളൂർ | 24 |
| ഫാ. സിജോ അരിക്കാട്ട് | 24 |
| ഫാ. ലിജോ ചാലിശ്ശേരി | 24 |
| ഫാ. ജോർജ്ജ് ചേലപ്പാടൻ | 24 |
| ഫാ. ഡേവിസ് ചെറയത്ത് ജൂനിയർ | 24 |
| ഫാ. ജോർജ്ജ് ചെറുവത്തൂർ | 24 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 24 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 24 |
| ഫാ. ജിന്റോ ചൂണ്ടൽ | 24 |
| ഫാ. വർഗ്ഗീസ് എടക്കളത്തൂർ | 24 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 24 |
| ഫാ. റോജോ എലുവത്തിങ്കൽ | 24 |
| ഫാ. വർഗ്ഗീസ് കാഞ്ഞിരത്തിങ്കൽ | 24 |
| ഫാ. വർഗ്ഗീസ് കരിപ്പേരി | 24 |
| ഫാ. വർഗ്ഗീസ് കരിയാറ്റിൽ | 24 |
| ഫാ. മനോജ് കീഴൂരുമുട്ടിക്കൽ | 24 |
| ഫാ. ജോർജ്ജ് കോമ്പാറ | 24 |
| ഫാ. പ്രിന്റോ കുളങ്ങര | 24 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 24 |
| മോൺ. ജോർജ്ജ് മാനാടൻ | 24 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 24 |
| ഫാ. ജിഫി മേക്കാട്ടുകുളം | 24 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 24 |
| ഫാ. ജിജോ മുരിങ്ങാത്തേരി | 24 |
| ഫാ. ജോമോൻ മുരിങ്ങാത്തേരി | 24 |
| ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലയിൽ | 24 |
| ഫാ. വർഗ്ഗീസ് പാലത്തിങ്കൽ | 24 |
| ഫാ. ജോഷി പറോക്കാരൻ | 24 |
| ഫാ. സോബിൻ പായിക്കാട്ട് | 24 |
| ഫാ. പ്രിൻസ് പിണ്ടിയാൻ | 24 |
| ഫാ. ജോജു പൊറുത്തൂർ | 24 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 24 |
| ഫാ. കനേഡിയൻ തണ്ടാശ്ശേരി | 24 |
| ഫാ. മനോജ് താണിക്കൽ | 24 |
| ഫാ. ജിയോ തരകൻ | 24 |
| ഫാ. വർഗ്ഗീസ് തരകൻ | 24 |
| ഫാ. ജസ്റ്റിൻ തേക്കാനത്ത് | 24 |
| ഫാ. ജോർജ്ജ് തേറാട്ടിൽ | 24 |
| ഫാ. ഷാജൻ തേർമഠം | 24 |
| ഫാ. ജോർജ്ജ് തേർമഠം | 24 |
| ഫാ. വർഗ്ഗീസ് ഊക്കൻ | 24 |
| ഫാ. ജോർജ്ജ് വടക്കേത്തല | 24 |
| ഫാ. വിനോയ് വാഴപ്പിള്ളി | 24 |

## ചരമദിനങ്ങൾ

| | |
|---|---|
| ഗീവർഗ്ഗീസ് പെരുമാട്ടിൽ | 25.04.1895 |
| യോഹന്നാൻ അമ്പൂക്കൻ | 19.04.1930 |
| തോമസ് മാളിയേക്കൽ | 16.04.1944 |
| മാത്യു കൊള്ളന്നൂർ | 27.04.1944 |
| ജോർജ്ജ് വാഴപ്പിള്ളി | 18.04.1962 |
| സെബാസ്റ്റ്യൻ തട്ടിൽ | 01.04.1963 |
| ജോസഫ് വലിയവീട്ടിൽ | 10.04.1972 |
| ജോൺ വാലികോടത്ത് | 24.04.1973 |
| അബ്രാഹം കിഴക്കൂടൻ | 28.04.1977 |
| സേവ്യർ അക്കര | 07.04.1978 |
| ഫ്രാൻസിസ് ബ്രഹ്മകുളം | 18.04.1982 |
| പോൾ കല്ലൂക്കാരൻ | 16.04.1983 |
| ജോൺ ചാലക്കൽ | 14.04.1991 |
| മോൺ. ജേക്കബ് അടമ്പുകുളം | 11.04.1993 |
| മോൺ. ഇഗ്നേഷ്യസ് ചാലിശ്ശേരി | 11.04.1997 |
| ഫ്രാൻസിസ് ചിറമ്മൽ | 18.04.1997 |
| സിറിയക് വടക്കൻ | 26.04.2017 |
| എടയാൽ ചാക്കോ | 14.04.2018 |



## ■ സന്യസ്തർ

**സി.എം.സി.**

ഈ വർഷം തിരുപ്പട്ടം സ്വീകരിച്ച സി.എം.ഐ ദേവമാതാ പ്രോവിൻസിലെ നവ വൈദികർ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ സമൂഹബലി അർപ്പിച്ച് പ്രാർത്ഥിച്ചു. 3–ാം തിയ്യതി തൃശ്ശൂർ സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന സുപ്പീരിയേഴ്സ്, സോഷ്യൽ ആനിമേറ്റേഴ്സ് എന്നിവരുടെ മീറ്റിംങ്ങിൽ 80ൽപരം സിസ്റ്റേഴ്സ് പങ്കെടുത്തു. ഫാ. ജോസ് വട്ടോളി ക്ലാസുകൾക്ക് നേതൃത്വം നല്കി. സി.എം.സി.സ്ഥാപനദിനമായ 13 ന് ഈ നിയോഗാർത്ഥം എല്ലാ ഭവനങ്ങളിലും ദിവ്യബലി അർപ്പിക്കുകയും ഒരു മണിക്കൂർ ആരാധന നടത്തുകയും ചെയ്തു. വിശ്വാസ പരിശീലന രംഗത്ത് പ്രവർത്തിക്കുന്നവർക്കായി 17 ന് ഒല്ലൂർ എവുപ്രാസ്യ സെന്ററിൽ വെച്ച് നടത്തിയ ഒരു ദിവസത്തെ ട്രെയിനിംഗ് പ്രോഗ്രാമിൽ അമ്പതോളം സിസ്റ്റേഴ്സ് പങ്കെടുത്തു. സി. ഫിൽസി എവുപ്രാസ്യ ക്ലാസുകൾക്ക് നേതൃത്വം നല്കി. ഈ വർഷം ഗോൾഡൻ ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനുവേണ്ടി ആലുവ ജനറലേറ്റിൽ വച്ച് നടത്തിയ ദിവ്യബലിയിലും സ്നേഹവിരുന്നിലും തൃശ്ശൂർ നിർമ്മല പ്രോവിൻസിലെ 24 സിസ്റ്റേഴ്സ് പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനിജയും കൗൺസിലർ സി.സ്റ്റെല്ല റോസും കല്യാൺ നിർമ്മലോദയ മിഷനിലെ ഭവനങ്ങൾ സന്ദർശിച്ചു.

**എഫ്. സി. സി.**

മുല്ലക്കര ഇടവകയിലെ ഹോം മിഷൻ തൃശൂർ എഫ്.സി.സി. സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ നടന്നു. 8ന് തിരൂർ റിന്യുവൽ സെന്ററിൽ വെച്ച് ജൂണിയർ സിസ്റ്റേഴ്സിനായി നടത്തിയ മാസധ്യാനത്തിലും, പ്രോവിൻസിനുവേണ്ടി പ്രത്യേകം ജാഗരണ പ്രാർത്ഥന നടത്തുന്ന സോണുകളുടെ ഒന്നിച്ചുള്ള ജാഗരണ പ്രാർത്ഥനയിൽ ഫാ. രഞ്ജിത്ത് നേതൃത്വം കൊടുത്തു. കാൽവരി ആശ്രമത്തിൽ വച്ച് ഫെബ്രുവരി 9നു നടന്ന

കെ.എഫ്.എഫ്.യു വിന്റെ വാർഷിക സമ്മേളനത്തിലും, കോട്ടാറ്റ് സെന്റ് ജോൺ ബാപ്റ്റിസ്റ്റ് കോൺവെന്റിന്റെ ശതാബ്ദിയാഘോഷത്തോടനുബന്ധിച്ച് നടന്ന ദിവ്യബലിയിലും, സ്നേഹവിരുന്നിലും സിസ്റ്റേഴ്സ് സംബന്ധിച്ച് സൗഹൃദം പങ്കുവെച്ചു. ഈ വർഷം ഔദ്യോഗിക രംഗത്തുനിന്ന് വിരമിക്കുന്ന എല്ലാ അധ്യാപക – അനധ്യാപകർക്കുമായി 2019 ഫെബ്രുവരി 10–ാം തീയതി ഞായറാഴ്ച 2 pm ന് അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ഒരു യാത്രയയപ്പ് നൽകി. ര ണ്ട ാ ം വർഷ നോവീസസ് ഒരു മാസത്തേക്ക് എക്സ്പോഷർ പ്രോഗ്രാമിനായി പുതുച്ചേരി സേക്രഡ് ഹാർട്ട് കോൺവെന്റിലേയ്ക്ക് പോയി. പൂന പേപ്പൽ സെമിനാരിയിൽ വെച്ച് 19ന് നടന്ന ഫ്രാൻസിസ്കൻ സംഘടനയായ AFFI യുടെ ദേശീയതല മേജർ സുപ്പീരിയേഴ്സ് കോൺഫറൻസിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ലിറ്റിൽ മേരി പങ്കെടുത്തു. സിസ്റ്റേഴ്സിന്റെ പ്രോവിൻസ് തലത്തിലുള്ള സുവർണ്ണജൂബിലിയാഘോഷം 2019 ഫെബ്രുവരി 23–ാം തീയതി ശനിയാഴ്ച ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.

**സി.എച്ച്.എഫ്.**

നവജ്യോതി എഡ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള എല്ലാ സ്ക്കൂളുകളിലും 1 മുതൽ 9 വരെയുള്ള ക്ളാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് മലയാളം, ഇംഗ്ളീഷ് , കണക്ക് എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് EPARCIA' എന്ന പേരിൽ Excellency Exam നടത്തി. 13–ാംതിയതി പ്രോവിൻസിലെ വിവിധ ഭവനങ്ങളിലെ വൊക്കേഷൻ പ്രൊമോട്ടേഴ്സ് നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ ഒന്നിച്ചുകൂടുകയും ജാഗരണ പ്രാർത്ഥന നടത്തുകയും ചെയ്തു. 16ന് നവജ്യോതി എഡ്യുക്കേഷൻ ഏജൻസിയുടെ നേതൃത്വത്തിൽ സ്ക്കൂളുകളിൽ നിന്ന് വിരമിക്കുന്ന സിസ്റ്റേഴ്സിനും ടീച്ചേഴ്സിനും യാത്രയയപ്പ് സമ്മേളനവും സ്ക്കൂൾതലത്തിൽ നടത്തപ്പെട്ട വിവിധ മത്സരങ്ങളിലെ വിജയികൾക്കുള്ള അവാർഡ് ദാനവും നടത്തപ്പെട്ടു. പ്രസ്തുത മീറ്റങ്ങിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.മേഴ്സി പോൾ അധ്യക്ഷപദം അലങ്കരിച്ചു. വാഴ്ത്തപ്പെട്ട മദർ മറിയം ത്രേസ്യായുടെ കബറിടം സ്ഥിതി ചെയ്യുന്ന കുഴിക്കാട്ടുശ്ശേരി ദേവാലയത്തിൽ 18–ാം തിയതി പ്രൊവിൻഷ്യൽ സുപ്പീരിയർ സി.മേഴ്സി പോളിന്റെ നേതൃത്വത്തിൽ സിസ്റ്റേഴ്സും ഇടവകാംഗങ്ങളും 11 മണിമുതൽ ഉച്ചയ്ക്ക് 2 മണി വരെ ജപമാല പ്രാർത്ഥനനടത്തി. 23ന് KCMS & KCBC യുടെ നേതൃത്വത്തിൽ പാലാരിവട്ടം POC യിൽ നടന്ന ഏകദിന സെമിനാറിൽ നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നിന്നും സി. പ്രൊവിൻഷ്യൽ പങ്കെടുത്തു. മറിയം ത്രേസ്യ ക്വിസ് വിജയികളായ സിസ്റ്റേഴ്സിനും വിവിധ ഭവനങ്ങളിലെ കൃഷിയിൽ ഏറ്റവും മികച്ചതായി

തിരഞ്ഞെടുക്കപ്പെട്ട ഭവനങ്ങൾക്കും സമ്മാനങ്ങൾ നൽകി അനുമോദി ച്ചു. അനുധ്യാനം മെച്ചപ്പെടുത്തുന്നതിനുള്ള ധ്യാന പരിശീലനം 3,4,5 തിയ്യതികളിലായി സിസ്റ്റേഴ്സിന് നടത്തി.സുപ്പീരിയേഴ്സിന്റെ കോൺഫ റൻസ് 2,3 തിയതികളിലായി നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു.

**സി.എസ്.സി**

ഫെബ്രു 23, 24 തിയതികളിൽ സി.എസ്.സി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടന്നു. ഫാ. മൈക്കിൾ ക്ലാസ്സെടുത്തു 23ന് – സി.എസ്.സി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ്, ചിൽഡ്രൻ മിനിസ്ട്രി, മദേഴ്സ് മിനിസ്ട്രി, ക്രിസ്റ്റീൻ ടീം എന്നിവർ പ്രാർത്ഥനാദിനമായി ആചരിച്ചു ബഹു. ഫാ ജസ്റ്റിൻ തടത്തിൽ ക്ലാസ്സെടുക്കുകയും അഭിഷേകാരാധന നടത്തുകയും ചെയ്തു. മാർച്ച് 23 – സി.എസ്.സി മരിയ പ്രവിശ്യയിലെ ഒരു ശാഖാഭ വനം പല്ലിശ്ശേരി ഇടവകയിൽ ആരംഭിച്ചു. ആ ഭവനത്തിന്റെ കൂദാശ കർമ്മം ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു.

**എസ്.എ.ബി.എസ്.**

ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 2–ാം സുപ്പീരിയേഴ്സ് കോൺഫറൻസ് നടത്തി. 8 മുതൽ പതിനൊന്ന് വരെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് പ്രൊവിൻഷ്യൽ സിനാക്സിസിന്റെ ചർച്ചാ സമ്മേളനം നടന്നു. സി. സിസിലി പാലാട്ടി, സി. റോസ് തെക്കേ ക്കര എന്നിവരുടെ വ്രതവാഗ്ദാനത്തിന്റെ സുവർണ്ണ ജൂബിലി16ന് രാവിലെ 10.30ന് വി.കുർബാനയോടെ ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗ സിൽ ആഘോഷിച്ചു. അതിരൂപതാധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മുഖ്യ കാർമ്മികനായിരുന്നു. ഈ വർഷം ആദ്യവ്രതം സ്വീക രിക്കുന്ന നോവിസസ്സിന്റെ മാതാപിതാക്കൾക്ക് ചേറ്റുപുഴ പ്രൊവിൻഷ്യൽഹൗസിൽ വച്ച് മീറ്റിംഗ് നടത്തി. 23ന് പാലാരിവട്ടം POC യിൽ CRI-SMRC സംയുക്തമായി സംഘടിപ്പിച്ച മീറ്റിംഗിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി.ടെസ്മി തെക്കിനിയത്ത്, സി.ജിൻസ ആൻ കണ്ണംപടത്തി എന്നിവർ സംബന്ധിച്ചു.

## ആദരാഞ്ജലികൾ



08/02/19 സി.എം.സി. ഒല്ലൂർ സെന്റ് മേരീസ് ഭവനാംഗമായ സി. കബ്രീനി നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



28/02/19 സി.എം.സി. ചേറൂർ സെന്റ് സേവിയേഴ്സ് ഭവനാംഗമായ സി.വെറോനിക്ക ബെൻ നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും കോലഴി ഹോളി ട്രിനിറ്റി മഠം കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



25/02/2019 എഫ്.സി.സി. തൃശ്ശൂർ ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് ഭവനാംഗമായ ബ. സി.വിയാനി നിര്യാതയായി. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സിസ്റ്ററിന്റെ പൂജ്യശരീരം ഏങ്ങണ്ടിയൂർ ഇൻഫന്റ് ജീസ്സസ് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



28/02/2019 സി.എച്ച്.എഫ് –അരണാട്ടുകര ഇൻഫന്റ് ജീസ്സസ്സ് ഭവനാംഗമായ ബഹു.സി.സിറിൽ നിര്യാതയായി.അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ഒളരിക്കര നവജ്യോതി പ്രൊവിൻഷ്യൽ ഹൗസിലെ കല്ലറയിൽ സംസ്ക്കാര കർമ്മം നടത്തി.

**സി. നമിത റോസ് സി.എം.സി.**
സി. ആർ.ഐ. സെക്രട്ടറി

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റവും പ്രിയ കുട്ടികളേ,

എല്ലാവർക്കും സുഖം തന്നെയല്ലെ? കഴിഞ്ഞ മാസത്തിലെ കുട്ടികൾക്കുള്ള കത്തിൽ പറഞ്ഞതുപോലെ നിങ്ങളെല്ലാവരും ഈ നോമ്പുകാലത്തിൽ ഈശോക്കിഷ്ടപ്പെട്ട മക്കളായി വളരുന്നതിന് പരിശ്രമിക്കുന്നുണ്ട് എന്ന് വിശ്വസിക്കുന്നു. ഈശോയുടെ ഉത്ഥാനതിരുനാളിനായി ഏറ്റവും നന്നായി ഒരുങ്ങുവാൻ നിങ്ങൾക്കെല്ലാവർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു. യേശുവിന്റെ കുരിശുമരണത്തെ കുറിച്ച് ധ്യാനിക്കുമ്പോൾ നമുക്കും നമ്മുടെ പാപത്തെ സംബന്ധിച്ച് മരിച്ച് (റോമാ 6,11) യേശുവിനോട് കൂടെ ഉത്ഥാനം ചെയ്യുന്നതിനായി പരിശ്രമിക്കാം.

കഴിഞ്ഞ ഒരുമാസം പരീക്ഷകളുടെ കാലമായിരുന്നല്ലോ. എല്ലാവർക്കും പരീക്ഷ എളുപ്പമായിരുന്നില്ലേ? ഇനി നിങ്ങൾക്കെല്ലാം ഏറ്റവും ഇഷ്ടപ്പെട്ട വലിയ അവധിയിലേക്ക് പ്രവേശിക്കുകയാണല്ലോ. എന്റേയും ചെറുപ്പത്തിൽ അവധിക്കാലം ഒരുപാട് ഇഷ്ടപ്പെട്ടിരുന്നു. കാരണം കൂട്ടുകാരോടൊത്ത് കൂടുതൽ കളിക്കുവാനും, ഇഷ്ടപ്പെട്ട വിനോദങ്ങളിലേർപ്പടുവാനും, ബന്ധുവീടുകളിൽ പോയി താമസിക്കുവാനും, ഇടവകയിൽ നടത്തപ്പെടുന്ന വിവിധങ്ങളായ മത്സരങ്ങളിലും ക്യാമ്പുകളിലും പങ്കെടുക്കുവാനും, വിനോദയാത്രപോകുവാനുമെല്ലാം ഏറ്റവും സൗകര്യപ്രദമായ ദിവസങ്ങളാണല്ലോ ഈ അവധി ദിവസങ്ങൾ. അതുകൊണ്ട് ആദ്യമേ തന്നെ നിങ്ങൾക്കെല്ലാവർക്കും ഏറ്റവും അനുഗ്രഹപ്രദവും, സന്തോഷകരവുമായ ഒരവധിക്കാലം ആശംസിക്കുന്നു.

അവധിക്കാലം വിശ്രമത്തിനുള്ള ഒരു കാലഘട്ടമാണ്. യേശു തന്റെ തിരക്കിട്ട പരസ്യജീവിതത്തിനിടയിൽ പലപ്പോഴും വിജനപ്രദേശത്തേയ്ക്ക്

പിൻവാങ്ങുന്നതായി (മത്തായി 14,13; മാർക്കോസ് 1,35; 6,32 ) സുവിശേഷങ്ങളിൽ നാം വായിക്കുന്നുണ്ട്. ഉൽപത്തി പുസ്തകത്തിൽ ആറ് ദിവസത്തെ സൃഷ്ടി കർമ്മത്തിനുശേഷം ഏഴാം ദിവസം വിശ്രമിക്കുന്ന ദൈവത്തെ നാം കാണുന്നു. മനുഷ്യജീവിതത്തിലും വിശ്രമത്തിന് അതുല്യമായ സ്ഥാനമുണ്ട്, കാരണം വിശ്രമം മനസ്സിനും ശരീരത്തിനും പുത്തനുണർവ്വ് സമ്മാനിക്കുന്നു. ദീർഘകാലത്തെ കഠിന പ്രയത്നത്തിനും പഠനത്തിനും ശേഷം നമ്മിൽ നിന്ന് ചോർന്നു പോയ ഊർജ്ജം വീണ്ടെടുക്കുന്നതിന് ഈ അവധിക്കാലം കാരണമാകട്ടെ.

വിശ്രമിക്കുക എന്ന് പറയുമ്പോൾ അത് വെറുതെയിരിക്കുന്നതിനുള്ള കാലമല്ല. നമ്മൾ പലപ്പോഴും കേട്ടിട്ടില്ലേ, "അലസന്റെ മനസ്സ് പിശാചിന്റെ പണിപുരയാണെന്ന്". അതുകൊണ്ട് വിശ്രമത്തിനുള്ള ഈ നല്ല സമയം ക്രിയാത്മകമായി ഉപയോഗിക്കാൻ നമുക്ക് പരിശ്രമിക്കാം. ഓരോരുത്തരും തങ്ങൾക്കിഷ്ടപ്പെട്ട രീതിയിൽ ഫലപ്രദമായി അവധിസമയം വിനയോഗിക്കുമ്പോഴാണ് യഥാർത്ഥത്തിൽ ഈ അവധിക്കാലം നമുക്കൊരു അനുഭവമാകുന്നത്. അവധിക്കാലം ഉപയോഗപ്രദവും സന്തോഷകരവുമാക്കുന്നതിന് ചില നിർദ്ദേശങ്ങൾ നൽകുകയാണ്.

1. ക്രൈസ്തവവിശ്വാസത്തിന്റെ അടിസ്ഥാനമാണല്ലോ വി. കുർബാന. സാധിക്കുന്ന എല്ലാ ദിവസവും വി. ബലിയിൽ പങ്കെടുത്ത് യേശുവുമായി ഒരു സ്നേഹ ബന്ധത്തിൽ വളരുന്നതിന് നമുക്ക് പരിശ്രമിക്കാം. യേശുവിനെ ഹൃദയത്തിൽ സ്വീകരിച്ച് ഈശോയ്ക്ക് ഇഷ്ടപ്പെട്ട മക്കളായി ജീവക്കുവാനും ഈ അവധിക്കാലം കാരണമാകട്ടെ.

2. ഈസ്റ്ററിനുമുൻപുള്ള വലിയ ആഴ്ചയിലെ തിരുകർമ്മങ്ങളിൽ ഭക്തിപൂർവ്വം പങ്കെടുക്കുന്നത് വലിയ ദൈവാനുഗ്രഹത്തിനുള്ള വേദിയാണെന്ന് മറക്കരുത്.

3. നിങ്ങളുടെ വീട്ടിലെ പ്രാർത്ഥനാമുറിയും ഈശോയുടേയും വിശുദ്ധരുടേയും രൂപങ്ങളും അലങ്കരിക്കുന്നതും, വി. ഗ്രന്ഥം വായിക്കുന്നതുമെല്ലാം ആത്മീയമായി വളരുവാൻ നമ്മെ സഹായിക്കുന്നു.

4. ദൈവദർശന ക്യാമ്പുകളിലും ക്രിസ്റ്റീൻ ധ്യാനങ്ങളിലും സജീവമായി പങ്കെടുക്കുമല്ലോ. ഇത് നമ്മുടെ ആത്മിയവളർച്ചക്കൊപ്പം സാമൂഹികതലത്തിലും വളരുന്നതിന് സഹായിക്കുന്നു. ക്യാമ്പുകൾ നിങ്ങളുടെ കലാകായിക കഴിവുകൾ വളർത്തുന്നതിനും ഇടവകയിലെ മറ്റുകുട്ടികളുമായി ഊഷ്മളമായ സൗഹൃദം വളർത്തുന്നതിനും കാരണമാകട്ടെ.

5. ഈ അവധി ദിവസങ്ങളിൽ നല്ല പുസ്തകങ്ങൾ വായിക്കുന്നതും, സ്പോക്കൺ ഇംഗ്ലീഷ്, കമ്പ്യൂട്ടർ ട്രെയിനിംഗ്, നൃത്തം, ചിത്രരചന, മ്യൂസിക് തുടങ്ങിയ കലാ അഭിരുചികൾ വളർത്തുന്ന ക്ലാസുകളിലും പങ്കെടുക്കുന്നത് വ്യക്തിത്വ വികാസത്തിന് സഹായിക്കുന്നതാണ്.

6. അവധിക്കാലം ബന്ധങ്ങൾ വളർത്താനുള്ള കാലഘട്ടമാണ്. ടി. വി., കമ്പ്യൂട്ടർ, മൊബൈൽ ഫോൺ എന്നിവയ്ക്കു മുൻപിൽ മാത്രം സമയം ചിലവഴിക്കാതെ, മാതാപിതാക്കളോടും സഹോദരങ്ങളോടും, അയക്കാരോടുമുള്ള ബന്ധങ്ങളിൽ വളരുവാനും പരിശ്രമിക്കാം.

ഈ വർഷം ആദ്യകുർബാന സ്വീകരണം നടത്തുന്ന എല്ലാ കുഞ്ഞുമക്കൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. പത്താം ക്ലാസിലും പന്ത്രണ്ടാം ക്ലാസിലും പഠിക്കുന്നവർ തങ്ങളുടെ ഭാവിജീവിതത്തെ കുറിച്ച് ചിന്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യേണ്ട സമയമാണിത്. നിങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി ഏതെന്ന് തിരിച്ചറിയുവാൻ പ്രത്യേകം പ്രാർത്ഥിക്കണം. മാതാപിതാക്കൾ, വൈദികർ, സമർപ്പിതർ എന്നിവരുമായി നിങ്ങളുടെ ആഗ്രഹങ്ങൾ പങ്കുവയ്ക്കുന്നത് നല്ലതാണ്. വൈദീക –സന്യാസ ജീവിതത്തിലേക്ക് നിങ്ങളെ ദൈവം വിളിക്കുന്നുണ്ടെങ്കിൽ ആ വിളി ശ്രവിക്കുന്നതിനും പ്രത്യുത്തരിക്കുന്നതിനും നിങ്ങൾക്ക് കഴിയട്ടെ.

യേശുവിന്റെ ഉത്ഥാനതിരുനാളിന്റെ മംഗളങ്ങൾ നേരുന്നതോടൊപ്പം ദൈവാനുഗ്രഹപ്രദമായ ഒരവധിക്കാലം ആശംസിക്കുന്നു.

നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധന വാർത്തകൾ

കഴിഞ്ഞ അധ്യയനവർഷം വിശ്വാസപരിശീലനം വിജയകരമായി പൂർത്തിയാക്കിയ എല്ലാവരേയും അഭിനന്ദിക്കുന്നു. ക്രിസ്തുവിനോട് ചേർന്നു നിൽക്കുവാൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന ബഹു. വൈദികർക്കും സമർപ്പിതർക്കും വിശ്വാസപരിശീലകർക്കും മാതാപിതാക്കന്മാർക്കും ഹൃദയം നിറഞ്ഞ കൃതജ്ഞത. വാർഷിക പരീക്ഷകൾ കൃത്യമായി നടത്തുന്നതിന് സഹായിച്ചവർക്കും മൂല്യനിർണ്ണയത്തിൽ പങ്കെടുത്തവർക്കും പ്രത്യേകം നന്ദി. എല്ലാവർക്കും ദൈവാനുഭവം നിറഞ്ഞ വിശുദ്ധവാരം പ്രാർത്ഥനാപൂർവ്വം നേരുന്നു.

1. **Std. XII, ACC വാർഷിക പരീക്ഷാഫലം:**

   **Std. XII & ACC** പരീക്ഷാഫലം ഏപ്രിൽ 15 ന് അതിരൂപതാ മതബോധനകേന്ദ്രത്തിന്റെ Blog-ൽ പ്രസിദ്ധീകരിക്കുന്നതാണ്. പ്രസിദ്ധീകരിക്കുമ്പോൾ ബഹു. വികാരിമാരെയും പ്രധാനാധ്യാപ

കരെയും **SMS** വഴി അറിയിക്കുന്നതാണ്.

**Blog Address:** http://catechismtrichur.blogspot.in

2. **Std. XII & ACC ഉത്തരക്കടലാസ്സ് പുനർ മൂല്യനിർണ്ണയം:**

പരീക്ഷാഫലം പ്രസിദ്ധീകരിച്ചശേഷം ഉത്തരക്കടലാസ്സുകൾ വീണ്ടും മൂല്യനിർണ്ണയം ചെയ്യണമെന്ന് ആഗ്രഹിക്കുന്നവർ അപേക്ഷ നൽകേണ്ട അവസാന തിയതി ഏപ്രിൽ 22 ആണ്. ഫീസ് Rs.100-. ആവശ്യമുള്ള വിവരങ്ങൾ സഹിതം (രജിസ്റ്റർ നമ്പർ, ഫോൺ നമ്പർ) മതബോധന വിദ്യാർത്ഥി വെള്ളക്കടലാസ്സിൽ അപേക്ഷയെഴുതി ബഹു. വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും ശിപാർശയോടുകൂടി മതബോധന ഓഫീസിൽ നല്കണം.

3. **ACC Re-Examination - May 11 Saturday 2019:**

2019 ഫെബ്രുവരിയിലെ **ACC** വാർഷികപരീക്ഷയിൽ തോറ്റവർക്കും പ്രസ്തുത പരീക്ഷയ്ക്ക് ഹാജരാകാൻ സാധിക്കാതിരുന്നവർക്കും, മാർക്കിൽ Improvement വേണമെന്നുള്ളവർക്കും വീണ്ടും പരീക്ഷയെഴുതാം. പരീക്ഷക്ക് മതബോധനകേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി മെയ് 5 ആണ്. രജിസ്റ്റർ ചെയ്യാൻ വരുമ്പോൾ 2019 ഫെബ്രുവരിയിലെ വാർഷികപരീക്ഷയുടെ ഹാൾടിക്കറ്റ് നിർബന്ധമായും കൊണ്ടുവരണം. രജിസ്ട്രേഷൻ ഫീസ് Rs. 100/-

**പരീക്ഷാവിവരങ്ങൾ:**

| | | |
|---|---|---|
| തിയതി | : | 2019 മെയ് 11 |
| ദിവസം | : | ശനി |
| സമയം | : | 01.30 PM - 04.30 PM |
| സ്ഥലം | : | മതബോധനകേന്ദ്രം, DBCLC, തൃശൂർ |

4. **ഞായറാഴ്ചമതബോധനസ്കോളർഷിപ്പ് പരീക്ഷ:**

**2019 ഏപ്രിൽ 6 ശനി, 2PM-4PM.**

പരീക്ഷയ്ക്ക് അർഹരായ വിദ്യാർത്ഥികളെ മതബോധനകേന്ദ്രത്തിന്റെ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. കൂടാതെ മതബോധന സോഫ്റ്റ് വെയറിൽ നിന്നും അറിയാവുന്നതാണ്.

*Examination Centres:*

| | | |
|---|---|---|
| 1. | Cherpu | St. Antony's Church |
| 2. | Eravu | St. Theresa's Church |
| 3. | Pavaratty | St. Joseph's Church |
| 4. | Thalore | Infant Jesus Church |
| 5. | Thrissur | Lourdes Cathedral, St. Mary's UPS |
| 6. | Thrissur | Thrissur Dolours Basilica, Mathanikethan |
| 7. | Wadakkanchery | Clelia Barbieri Holy Angels Eng.Med.H.S. |

## പ്രത്യേകപുസ്തകം (Additional Portion)

ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷക്ക് 'പ്രത്യേകപുസ്തകം' താഴെ പറയുന്നവയാണ്.

for Std. IV വി. ലൂക്ക1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ

for Std. V വി. മർക്കോസ് 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ

for Std. VI വി. മത്തായി 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ

for Std. VII വി. യോഹ 1 മുതൽ 5 ഉൾപ്പെടെ അധ്യായങ്ങൾ

Stds. VIII - XI വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പ്രത്യേകപാഠ്യഭാഗം 'കത്തോലിക്കാസഭ' പത്രത്തിന്റെ 2018 ഒക്ടോബർ മുതൽ 2019 ഫെബ്രുവരി ഉൾപ്പെടെയുള്ള ലക്കങ്ങളിലെ 'ദർശനം' എന്ന പേജ്. (ഈ വർഷം 'പ്രത്യേകപുസ്തകമായി' ഉപപാഠപുസ്തകം (Non-detaild Book)പഠിക്കേണ്ടതില്ല.)

ഞായറാഴ്ച മതബോധന സ്കോളർഷിപ്പ് പരീക്ഷക്ക് ഹാൾടിക്കറ്റുകൾ പരീക്ഷക്ക് 5 ദിവസം മുമ്പുമുതൽ മതബോധന സോഫ്റ്റ് വെയറിൽ നിന്നും പ്രിന്റ് എടുക്കാവുന്നതാണ്.

5. **ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ് & യൂണിറ്റ് സെക്രട്ടറിമാരുടേയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടേയും സംയുക്ത യോഗം : 2019 മെയ് 19 ഞായർ**

a) **ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ്:**

സമയം : 09.30 AM - 4.00 PM

സ്ഥലം : മതബോധനകേന്ദ്രം, DBCLC, തൃശൂർ

എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കണം. ദിവ്യബലി ഉണ്ടാ യിരിക്കും.

b) **യൂണിറ്റ് സെക്രട്ടറിമാരുടേയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടേയും ഹെഡ്മാസ്റ്റർമാരുടേയും സംയുക്ത യോഗം:**

1.30 PM - 4.00PM വരെ ഹെഡ്മാസ്റ്റർമാരുടേയും യൂണിറ്റ് സെക്രട്ടറിമാരുടേയും കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടേയും സംയുക്ത യോഗം ഉണ്ടായിരിക്കും.

6. **Basic CTC Course:**

അവധിക്കാലത്ത് താഴെപ്പറയുന്ന തിയതികളിൽ **Basic CTC** നടത്തുന്നതാണ്. **April 26 Friday 5PM - 28 Sunday 4PM**

**May 10 Friday 5PM - 12 Sunday 4PM**

അതിരൂപതയിലെ മതബോധന അധ്യാപകരെല്ലാം Catechists Training Course-ൽ നിർബന്ധമായും പങ്കെടുത്തിരിക്കണം. സി.ടി.സി. കോഴ്സിൽ പങ്കെടുക്കേണ്ട അധ്യാപകരെ മതബോധന സോഫ്റ്റ് വെയറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. രജിസ്റ്റർ ചെയ്തതിനുശേഷം

രജിസ്ട്രേഷൻ ഫീസ് (ഒരംഗത്തിനു 250 രൂപ) മതബോധന ഓഫീസിൽ 5 ദിവസത്തിനകം അടക്കേണ്ടതാണ്. അല്ലാത്തപക്ഷം രജിസ്ട്രേഷൻ അസാധുവാകുന്നതാണ്.

7. **SMCC പ്രതിഭാസംഗമം Std. VII:**

SMCC പ്രതിഭാസംഗമത്തിനുള്ള 7–ാം ക്ലാസ്സിലെ കുട്ടികൾക്കുള്ള അതിരൂപതാതല പരിശീലനക്യാമ്പ് ഏപ്രിൽ 15,16,17 തിയതികളിൽ മതബോധനകേന്ദ്രത്തിൽ വെച്ച് നടത്തുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളെ ഹെഡ്മാസ്റ്റർ മുഖേന വിശദവിവരങ്ങൾ അറിയിക്കുന്നതാണ്. ക്യാമ്പിന്റെ പ്രയോജനവും ഗൗരവവും കുട്ടികളെ ധരിപ്പിച്ച് ക്യാമ്പിന് പറഞ്ഞയയ്ക്കുമല്ലൊ. ഈ ക്യാമ്പിൽനിന്നുമാണ് സഭാകേന്ദ്രമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മെയ് 11, 12, 13 തിയതികളിൽ നടത്തുന്ന ക്യാമ്പിൽ പങ്കെടുക്കാൻ തൃശൂർ അതിരൂപതയിൽനിന്നുമുള്ള മൂന്ന് ആൺകുട്ടികളേയും മൂന്ന് പെൺകുട്ടികളേയും തെരഞ്ഞെടുക്കുന്നത്.

8. **അധ്യാപകർക്കുള്ള ഫൊറോനതല അർദ്ധദിന സെമിനാർ:**

ഞായറാഴ്ച മതബോധന അധ്യാപകർക്കുള്ള അർദ്ധദിനസെമിനാർ ഫൊറോനതലത്തിൽ **മെയ് 26ന് ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 5 മണി** വരെ നടത്തുന്നതാണ്. എല്ലാ മതാധ്യാപകരും സെമിനാറിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഹെഡ്മാസ്റ്റർമാരിൽ നിന്നും ഫൊറോന പ്രമോട്ടറിൽ നിന്നും ലഭിക്കും.

9. **പാഠപുസ്തകങ്ങളെ കുറിച്ചുള്ള അറിയിപ്പ്**

ഞായർ മതബോധനം 1–ാം ക്ലാസ്സുമുതൽ 12–ാം ക്ലാസ്സുവരെയുള്ള പാഠപുസ്തകങ്ങൾക്ക് 2019-20 അധ്യയനവർഷത്തിൽ മാറ്റമില്ല. ACC-ക്ക് ഒന്നാമത്തെ സിലബസ്സ് ആണ് പഠിപ്പിക്കേണ്ടത്. (YOUCAT, ഉപപാഠം: കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥത്തിന് ആമുഖം, ജീവിതവും ലൈംഗികതയും, മാധ്യമങ്ങൾ എന്നിവ)

ഉയിർപ്പുതിരുനാളിന്റെ മംഗളങ്ങൾ നേർന്നുകൊണ്ട്,

സസ്നേഹം,

Fr. Tens Kunnappilly
Fr. Rijo Vithayathil
Fr. Justin Poozhikunnel
Asst. Directors

**Fr. Raphael Akkamattathil**
Director

# Institute of THEOLOGY

1. **B.A. in Theology and Religious Studies:**
   ലുവെൻ ബെൽജിയം യൂണിവേഴ്സിറ്റിയുടെ ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office –മായി ബന്ധപ്പെടുക
2. **Correspondence Theology Course:**
   കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഏപ്രിൽ 14, 28 എന്നീ ഞായറാഴ്ചകളിൽ രണ്ടു മണി മുതൽ അഞ്ചു മണി വരെ ആയിരിക്കും.
3. **Six Month Theology Course:**
   സിസ്റ്റേഴ്സിനു വേണ്ടിയുള്ള ആറുമാസത്തെ തിയോളജി കോഴ്സ് ജൂൺ മുതൽ ആരംഭിക്കും. മേരമാതാ മേജർ സെമിനാരീയിൽ വച്ചാണ് നടത്തുന്നത്. താല്പര്യമുള്ള സിസ്റ്റേഴ്സ് Institute of Theology Office–ൽ പേര് രജിസ്റ്റർ ചെയ്യണമെന്ന് അപേക്ഷിക്കുന്നു.
4. **Basic Theology Course :**
   സന്യാസാർത്ഥിനികൾക്കുള്ള മൂന്നു മാസത്തെ ബേസിക് തിയോളജി കോഴ്സ് വിജയകരമായി പൂർത്തിയാക്കിയ സന്യാസാർത്ഥിനികൾക്കു അഭിനന്ദനങ്ങൾ. ഈ കോഴ്സിൽ പങ്കെടുപ്പിക്കുന്നതിന് ഇവരെ പറഞ്ഞയച്ച സന്യാസിനീ സമൂഹാധികാരിക്കു പ്രത്യേകം നന്ദി അറിയിക്കുന്നു.

ഈസ്റ്റർ ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ



# മേരിമാത സെമിനാരി

1. **സ്നേഹോത്സവം ഫോളോ-അപ്പ്**

സ്നേഹോത്സവത്തിന്റെ ഫലദായകത്വത്തെപ്പറ്റി അറിയുന്നതിനും വിലയിരുത്തുന്നതിനും ഇടവക ജനത്തെ സന്ദർശിച്ച് വിശ്വാസജീവിതത്തിൽ നിലനിൽക്കുവാൻ കരുത്തു പകരുന്നതിനും വേണ്ടി 16/02/2019 ശനിയാഴ്ച സ്നേഹോത്സവം ഫോളോ-അപ്പ് നടത്തുകയുണ്ടായി. രാവിലെ ഏഴു മണിയോടുകൂടി ബ്രദേഴ്സ് എല്ലാവരും ഈ അദ്ധ്യയന  വർഷം സ്നേഹോത്സവം നടത്തിയ കുണ്ടന്നൂർ, ചിറ്റിശ്ശേരി എന്നീ ഇടവകകളിലേക്ക് പോകുകയും വൈകീട്ട് 5 മണിവരെ ഭവനസന്ദർശനം നടത്തുകയും ചെയ്തു. തുടർന്ന് ഇടവക ദൈവാലയത്തിൽ വിശുദ്ധകുർബ്ബാനയിൽ സംബന്ധിച്ച് ഇടവക ജനത്തോട് യാത്ര പറഞ്ഞ് സെമിനാരിയിലേക്ക് തിരിച്ചു.

2. **ഊട്ടുതിരുന്നാൾ**

മുളയം പ്രദേശത്തുള്ള ജനങ്ങളുമായി സൗഹൃദം പങ്കിടുന്നതിനും അവരുമായുള്ള കൂട്ടായ്മ ദൃഢപ്പെടുത്തുന്നതിനും എല്ലാവർഷവും നടത്താറുള്ള വി. യൗസേപ്പിതാവിന്റെ ഊട്ടുതിരുന്നാൾ ഇത്തവണയും സമുചിതമായി 17/02/2019 ഞായറാഴ്ച ആഘോഷിച്ചു.

3. **യാത്രയയപ്പ്**

തത്വശാസ്ത്രപഠനത്തിനു ശേഷം മേരിമാതയുടെ പടിയിറങ്ങുന്ന മൂന്നാംവർഷ തത്വശാസ്ത്ര വിദ്യാർത്ഥികൾക്ക് 20/02/2019 ബുധനാഴ്ച സെമിനാരി കുടുംബം പ്രാർത്ഥനാശംസകൾ നേർന്നു. അന്നേ ദിവസം വൈകീട്ട് 6.30 ന് റവ. ഫാ. റോയ് മൂക്കന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ ദിവ്യബലിയർപ്പിച്ചു. ബഹു. സിജോൺ

കുഴിക്കാട്ടുമ്യാലിലച്ചൻ വചനസന്ദേശം നൽകി. അത്താഴത്തിനു ശേഷം 8.30 ന് യാത്രയയപ്പ് യോഗം നടന്നു. മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ ആനിമേറ്ററായ റവ. ഫാ. ചാക്കോ നടക്കെവെളിയിൽ ആശംസകൾ നേർന്ന് സംസാരിച്ചു. ബ്ര. ആൽബിൻ പാറത്താനം സെമിനാരി വിദ്യർത്ഥികളെ പ്രതിനിധീകരിച്ച് ഏവർക്കും ഭാവുകങ്ങൾ നേർന്നു. തുടർന്ന് ഏവർക്കും സെമിനാരിയുടെ സ്നേഹത്തിന്റെ പ്രതീകമായി ഉപഹാരങ്ങൾ നല്കി. ബ്ര. പോൾ പെല്ലിശ്ശേരി മൂന്നാം വർഷതത്വശാസ്ത്ര വിദ്യാർത്ഥികൾക്കുവേണ്ടി ഏവർക്കും കൃതജ്ഞതയർപ്പിച്ചു. നന്ദിയും സ്നേഹവും കടപ്പാടും പരസ്പരം പങ്കുവയ്ക്കപ്പെട്ട ആ ദിനം ഏറെ അവിസ്മരണീയമായി.

4. **പരീക്ഷകൾ**

2018–2019 അദ്ധ്യയനവർഷത്തെ രണ്ടാം സെമസ്റ്റർ പരീക്ഷകൾ ഫെബ്രുവരി 23 ന് ആരംഭിച്ച് മാർച്ച് 13 ന് അവസാനിച്ചു. മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികളുടെ കൺഫഷൻ ഫാക്കൽറ്റി എക്സാമിനേഷൻ ഫെബ്രുവരി 20 നും മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ Comprehensive Written, Oral പരീക്ഷകൾ യഥാക്രമം മാർച്ച് 1, 12 തിയ്യതികളിലും നടന്നു.

5. **വർഷാവസാന ധ്യാനം**

അദ്ധ്യയന വർഷത്തിന്റെ സമാപനത്തിൽ മാർച്ച് 13–15 എന്നീ ദിവസങ്ങളിൽ ആത്മീയാനുഗ്രഹങ്ങൾ നേടാനുതകും വിധത്തിൽ ധ്യാനം സംഘടിപ്പിച്ചു. ദൈവശാസ്ത്ര വിദ്യാർത്ഥികൾക്കുള്ള ധ്യാനം നയിച്ചത് MCBS സഭാംഗമായ ബഹു. ഫാ. ജെയ്മോൻ വെട്രമുറിയിലും തത്വശാസ്ത്ര വിദ്യാർത്ഥികൾക്കുള്ള ധ്യാനം നയിച്ചത് O.Carm. സഭാംഗമായ ബഹു. ഫാ. തങ്കച്ചൻ ഞാളിയത്തുമായിരുന്നു.

6. **ബേഴ്സ് സ്ഥാപിച്ചവർ**

Wellwisher Membership

1. റവ. സി. സുപ്പീരിയർ & കമ്മ്യൂണിറ്റി, സെന്റ് വിൻസെന്റ് എഫ്. സി. കോൺവെന്റ്, ഏങ്ങണ്ടിയൂർ.

Benefactor Membership

1. ശ്രീ. ലിന്റോ വർഗ്ഗീസ് & ഫാമിലി, വൈദ്യക്കാരൻ ഹൗസ്, പാലയ്ക്കൽ.
2. ശ്രീ. പോൾ മാത്യു, ചിറ്റിശ്ശേരി ഹൗസ്, പാലയ്ക്കൽ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ



# സെ. മേരീസ് മൈനർ സെമിനാരി

1. **മാസധ്യാനം**

   ഈ അദ്ധ്യായന വർഷത്തിലെ അവസാനത്തെ മാസധ്യാനത്തിന് മാർച്ച് 1, 2 തിയതികളിൽ മൈനർ സെമിനാരിക്കാർക്ക് ബഹു. ഫ്രാൻസീസ് ആളൂർ അച്ചനും ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്ക് ബഹു. ഫിജോ ആലപ്പാടൻ അച്ചനും ധ്യാനചിന്തകൾ നൽകി.

2. **അഭിവന്ദ്യപിതാവിന്റെ ദിവ്യബലിയർപ്പണം**

   മാർച്ച് 5, 7, 11 എന്നീ തിയ്യതികളിൽ യഥാക്രമം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും മാർ ടോണി നീലങ്കാവിൽ പിതാവും മാർ ജെയ്ക്കബ് തൂങ്കുഴി പാതാവും സെമിനാരിയിൽ ദിവ്യബലി അർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

3. **പരീക്ഷകൾ**

   മൈനർ സെമിനാരിയിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ പരീക്ഷകൾ മാർച്ച് 04 മുതൽ 16 ഉൾപ്പെടെയുള്ള ദിവസങ്ങളിൽ നടന്നു. പ്ലസ് വൺ, പ്ലസ് ടു പഠിക്കുന്ന സെമിനാരിക്കാരുടെ പരീക്ഷകൾ മാർച്ച് 6–ാം തിയതി ആരംഭിച്ച് മാർച്ച് 26ന് സമാപിച്ചു.

4. **അവധിക്കാലം**

   ഈ വർഷത്തെ വേനലവധി മാർച്ച് 16ന് ആരംഭിച്ചു. മെയ് 19–ാം തിയതി സെമിനാരി വീണ്ടും സാധാരണ നിലയിൽ പ്രവർത്തന സജ്ജമാകും.

5. **റിസോഴ്സ് ക്യാമ്പ്**

   ഇടവകകളിൽ വേനലവധിക്കാലത്ത് നടത്താനിരിക്കുന്ന ദൈവദർശൻ ക്യാമ്പുകൾക്കൊരുക്കമായിട്ടുള്ള റിസോഴ്സ് ക്യാമ്പ് മാർച്ച് 26, 27 തിയതികളിൽ മൈനർ സെമിനാരിയിൽ നടക്കുന്നു. ബഹു. ഡെയ്സൺ മുണ്ടോപ്പുറം അച്ചൻ മേജർ സെമിനാരി വിദ്യാർത്ഥികളെ ദൈവദർശൻ ക്യാമ്പിനായി ഒരുക്കുന്നത്.

**6. മ്ശംശാന, ഹെവുപ്പദ്യാക്കോന, കാറോയ പട്ടങ്ങൾ**

തൃശ്ശൂർ അതിരൂപതയിലെ ദൈവശാസ്ത്രപരിശീലനം നേടിക്കൊണ്ടിരിക്കുന്ന വൈദികവിദ്യാർത്ഥികൾ മാർച്ച് 28ന് സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വച്ച് മ്ശംശാന, ഹെവുപ്പദ്യാക്കോന, കാറോയ എന്നീ പട്ടങ്ങൾ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കൈവപ്പു ശുശ്രൂഷ വഴി സ്വീകരിച്ചു.

**7. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി എൽസി ബേബി, പൊഴലിപ്പറമ്പൻ ഹൗസ്, നെഹ്റു നഗർ, കുരിയച്ചിറ.
2. സി. സുപ്പീരിയർ, മേരി റാണി എഫ്. സി. കോൺവെന്റ്, അമലനഗർ.

**ഫാ. ഡൊമിനിക് തലക്കോടൻ**

റെക്ടർ



# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**1. സുവർണ്ണ ജൂബിലി പ്രഭയിൽ – ഡോ. ഡി.എം. വാസുദേവന് ആദരം**

തൃശ്ശൂർ ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഗവേഷണ വിഭാഗം ഡയറക്ടർ ഡോ. ഡി. എം. വാസുദേവനെ പൂർവ്വവിദ്യാർത്ഥികളും, സഹപ്രവർത്തകരും, സുഹൃത്തുക്കളും ചേർന്ന് ജൂബിലിയിൽ നടന്ന ചടങ്ങിൽ ആദരിച്ചു. ജൂബിലി മിഷൻ ആശുപത്രി ട്രസ്റ്റ് ചെയർമാൻ മാർ ആൻഡ്രൂസ് താഴത്ത് അനുമോദനയോഗം ഉദ്ഘാടനം ചെയ്തു. ഡോ. വാസുദേവൻ, ശ്രീമതി ദേവി വാസുദേവൻ എന്നിവരെ പൊന്നാട അണിയിക്കുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു. മെഡിക്കൽ അധ്യാപന–ഗവേഷണ രംഗത്ത് അരനൂറ്റാണ്ട് പിന്നിട്ട ഡോ. വാസുദേവനെ അനുമോദിക്കാൻ തപാൽവകുപ്പ് പുറത്തിറക്കിയ തപാൽ സ്റ്റാമ്പ് ജൂബിലി വൈസ് പ്രിൻസിപ്പാൾ ഡോ.

സുശീല ജേക്കബ്ബ് ഇന്ന പ്രകാശനം ചെയ്തു. അമേരിക്കയിലെ തോമസ് ജഫേർസ യൂണിവേഴ്സിറ്റിയിലെ കാൻസർ വിഭാഗം പ്രൊഫസർ ഡോ. മാധവൻ. വി. പിള്ള മുഖ്യപ്രഭാഷണം നടത്തി. അർബുദരോഗം നിയന്ത്രിക്കുന്നതിന് ഡി.എൻ.എ.യുടെ തന്മാത്ര ഘടകത്തിൽ വരുത്തേണ്ട ഗവേഷണ ചികിത്സാ പദ്ധതികളെക്കുറിച്ച് അദ്ദേഹം പ്രതിപാദിച്ചു. പുഷ്പഗിരി മെഡിക്കൽ കോളേജിലെ ഡോ. കണ്ണൻ വൈദ്യനാഥൻ ഡോ. വാസുദേവന്റെ ജീവിതചരിത്രവും അക്കാദമിക് പ്രവർത്തനങ്ങളുടെ സംഗ്രഹവും അവതരിപ്പിച്ചു. ഡോ. ഡി. എം. വാസുദേവൻ മറുപടി പ്രസംഗം നടത്തി. ഇതിനോടനുബ7ന്ധിച്ച് സംഘടിപ്പിച്ച ബയോകെമിസ്ട്രി തുടർവിദ്യാഭ്യാസ പരിപാടിയിൽ ഡോ. ഗോപകുമാരൻ കർത്ത (പാലക്കാട്), ഡോ. എസ്. ശ്രീകുമാരി (തിരുവനന്തപുരം), ഡോ. എസ്. ക്രൈറ്റൻ (അമല), ഡോ. അലക്സ് (ജൂബിലി ഗവേഷണ കേന്ദ്രം), ഡോ. സ്റ്റീവ് പോൾ (ജൂബിലി മിഷൻ മെഡിക്കൽ കോളേജ്) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**2. ജൂബിലിയിൽ വനിതാദിനാഘോഷം**

ലോക വനിതാദിനത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ വിവിധ പരിപാടികൾ നടത്തി. ചടങ്ങുകളുടെ ഉദ്ഘാടനം ജൂബിലി മിഷൻ അസോസിയേറ്റ് ഡയറക്ടറും, എം. ഐ. മിഷൻ ആശുപത്രി ഡയറക്ടറുമായ ഫാ. പോൾ പേരാമംഗലത്ത് നിർവ്വഹിച്ചു. 43 വർഷങ്ങളായി, തന്റെ ശാരീരിക പരിമിതികൾ പരിഗണിക്കാതെ ജൂബിലി മിഷനിലെ പീഡിയാട്രിക് വിഭാഗത്തിലെ സേവനം വഴി കേരളത്തിലെ പൈതങ്ങൾക്ക് ഡോ. പി. സരോജം നൽകിയ ശുശ്രൂഷകൾക്ക് ഈ വനിതാ ദിനത്തിൽ ആദരവ് നൽകി. സ്ത്രീകളുടെ രക്തദാനക്യാമ്പും, സ്ത്രീസുരക്ഷ, സ്ത്രീസമത്വം എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള സെമിനാറും നടന്നു.

**3. അഭിനന്ദനങ്ങൾ... ആശംസകൾ...**

- ഇന്ത്യൻ അസോസിയേഷൻ ഓഫ് കാർഡിയോ വാസ്കുലർ സർജൻസ് (IACTS), ഡോ. കെ. എസ്. നീലകണ്ഠനെ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നൽകി ആദരിച്ചു. കാർഡിയോവാസ്ക്കുലർ തൊറാസിക് സർജറിയിൽ നടത്തിയ വിശിഷ്ട സേവനങ്ങളുടേയും നേട്ടങ്ങളുടേയും അംഗീകാരമായാണ് അവാർഡ് നൽകിയത്.
- ഡോ. നിമിഷ സോളമൻ (സീനിയർ ക്വാളിറ്റി ഓഡിറ്റർ, ക്വാളിറ്റി വിഭാഗം) നാഷണൽ ഹെൽത്ത് മിഷന്റെ, NQAS അസ്സസ്സർ

(നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേഡ്സ്) ആയി യോഗ്യത നേടി.

4. **അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**
   - ഹെൽത്ത് കെയർ സൊസൈറ്റി, തൃശ്ശൂർ
5. **ഡയാലിസിസിന് സംഭാവന നൽകിയവർ**
   - ശ്രീ. ജൂലി ജോസ്, ആളൂർ ഹൗസ്, ആർത്താറ്റ്, കുന്ദംകുളം
   - പറമ്പൻസ് ടൈൽ, ചാവക്കാട്, തൃശ്ശൂർ
   - മോണാർക്ക് കുറീസ് പ്രൈവെറ്റ് ലിമിറ്റഡ്, തൃശ്ശൂർ

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്),തൃശൂർ

1. **ഇന്റർഫേസ് വെബ്സൈറ്റ് പ്രകാശനം**

സെന്റ് തോമസ് കോളേജിലെ മീഡിയ വിഭാഗവും സോഷ്യൽ വർക്ക് വിഭാഗവും സംയുക്തമായി രൂപകൽപ്പന ചെയ്ത സാമൂഹിക പ്രതിബദ്ധയുള്ള വെബ്സൈറ്റുകൾ പ്രകാശനം ചെയ്യുന്ന ഇന്റർഫേസ് പ്രമുഖ സാമുഹിക പ്രവർത്തക ഷീബ അമീർ പ്രകാശനം ചെയ്തു. മാർ ജോസഫ് കുണ്ടുകുളം ഹാളിൽ നടന്ന ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷനായി. 16 വെബ്സൈറ്റുകൾ ചടങ്ങിൽ പ്രകാശനം ചെയ്തു. മീഡിയ വിഭാഗം ജോസഫ് ജേക്കബിന്റെ നേതൃത്വത്തിൽ ആണ് വെബ്സൈറ്റുകൾ രൂപകൽപ്പന ചെയ്തത്. മീഡിയ വിഭാഗം മേധാവി ഡോ. ഫാ. ബിജു ആലപ്പാട്ട് സ്വാഗതം അറിയിച്ചു. സോഷ്യൽ വർക്ക് വിഭാഗം അദ്ധ്യാപകൻ ജിജോ കുരുവിള വിഷയാവതരണം നടത്തി.

2. **യാത്രയയപ്പ് നൽകി**

സെന്റ് തോമസ് കോളേജ് പ്രിൻസിപ്പൽ ഡോ. ഇഗ്നേഷ്യസ് ആന്റണിയും മൂന്നുവകുപ്പു മേധാവികളും അടക്കം വിരമിക്കുന്ന ഏഴു

പേർക്കു കോളേജിൽ യാത്രയയപ്പു നൽകി. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു.

ഇക്കണോമിക്സ് മേധാവി ഡോ. കെ. സി. ഫ്രാൻസിസ്, ബോട്ടണി മേധാവി ഡോ. സി.ഡി. വർഗീസ്, ഹിസ്റ്ററി മേധാവി ഡോ. ജോർജ്ജ് അലക്സ് എന്നിവരും പാർട്ട് ടൈം ലക്ചർ അൻ ലോ അഡ്വ. ജോക്കിൻ എ. പെരേര, ലൈബ്രറി അസിസ്റ്റന്ഡുമാരായ പി. വി. തോമസ്, സി.ഡി. വർഗ്ഗീസ് എന്നിവരാണ് വിരമിക്കുന്നത്. സമ്മേള നത്തിൽ കോളേജിന്റെ മാനേജർ കൂടിയായ ബിഷപ്പ് മാർ ടോണി നീലങ്കാവിൽ അദ്ധ്യക്ഷത വഹിച്ചു.

3. **സത്യപ്രയാൺ – സപ്താദരം**

കോളേജിന്റെ ശതാബ്ദിയോടനുബന്ധിച്ച് വിവിധ മേഖലകളിൽ കഴിവു തെളിയിച്ചവരെ അവാർഡുകൾ നൽകി ആദരിച്ചു. ശതാബ്ദി അവാർഡായ തോമൈറ്റ് പുരസ്കാരം റിട്ട. സുപ്രീം കോടതി ജഡ്ജി ജസ്റ്റീസ് കുര്യൻ ജോസഫിന് മാർ ആൻഡ്രൂസ് താഴത്ത് നൽകി ആദരിച്ചു. വിദ്യാഭ്യാസ മേഖലയിലെ സംഭാവനകൾക്കുള്ള മെഡ്ലി ക്കോട്ട് അവാർഡ് ചിത്രൻ നമ്പൂതിരിപ്പാടിനും സാമൂഹ്യ ജീവകാ രുണ്യ സേവനങ്ങൾക്കുള്ള മോൺ. ജോൺ പാലോക്കാരൻ അവാർഡ് പ്രവാസി വ്യവസായി പത്മശ്രീ സി. കെ. മേനോനും സമ്മാ നിച്ചു. സ്പോർട്സിനുള്ള ബിഷപ്പ് മാർ ജോൺ മേനാച്ചേരി അവാർഡ് വിക്ടർ മഞ്ഞിലയ്ക്കും കലയ്ക്കുള്ള ബിഷപ്പ് മാർ ഫ്രാൻസിസ് വാഴ പ്പിള്ളി അവാർഡ് ഫ്രാൻസിസ് കോടങ്കണ്ടത്തിനും നൽകി. മികച്ച വിദ്യാർത്ഥിക്കുള്ള ബിഷപ്പ് ജോർജ് ആലപ്പാട്ട് അവാർഡ് അക്ഷയ് ശങ്കറിനു നൽകി. കലാരംഗത്തെ മികവിനു കോളേജിലെ വെസ്റ്റേൺ ബാൻഡ് ടീമിന് മാർ ജോസഫ് കുണ്ടുകുളം അവാർഡു സമ്മാനിച്ചു. ഇന്റർ യൂണിവേഴ്സിറ്റി നാഷണൽ യൂത്ത് ഫെസ്റ്റിവലിൽ ഒന്നാം സമ്മാനം നേടിയ ടീമിലെ താരങ്ങൾ മഹിമ രമേഷ്, ഐശ്വര്യ തോമസ്, ഇ. എൽ. ആൻമേരി, റോണി ജേക്കബ്ബ്, ജോർജ് മാത്യു, ലിവിൻ ടി. ജോയ്, സോണോൽ ടോണി, ഐറിൻ ഫ്രാൻസിസ്, പ്രീതു മേരി ജോർജ് എന്നിവരാണ്. മാർ ടോണി നീലങ്കാവിൽ, മാനേജർ ഫാ. വർഗീസ് കുത്തൂർ, പ്രിൻസിപ്പൽ ഡോ. ഇഗ്നേഷ്യസ് ആന്റണി, പ്രൊഫ. വിൻസെന്റ് ജോസഫ് പുലിക്കോട്ടിൽ തുട ങ്ങിയവർ പ്രസംഗിച്ചു.

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ &
എക്സിക്യൂട്ടീവ് മാനേജർ




# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചു**
മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജ് മുള്ളൂർക്കരയിൽ 25–02–2019 തിങ്കളാഴ്ച ജോബ് ഫെസ്റ്റ് സംഘടിപ്പിച്ചു. ക്ലേലിയ ബർബിയേരി ഹോളി ഏയ്ഞ്ചൽസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, ഹോളിക്രോസ് മുള്ളൂർക്കര, സെന്റ് ജോസഫ് സ്കൂൾ കുരിയച്ചിറ, നിർമ്മലമാതാ ഹയർ സെക്കണ്ടറി സ്കൂൾ ഇയാൽ എന്നിവിടങ്ങളിലെ പ്രതിനിധികളാണ് ജോബ് ഫെസ്റ്റിനായെത്തിയത്.

2. **ക്രിട്ടിസിസം ക്ലാസ് സംഘടിപ്പിച്ചു**
മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികളുടെ ക്രിട്ടിസിസം ക്ലാസ് 11–02–2019 തിങ്കൾ, 12–02–2019 ചൊവ്വ എന്നീ ദിവസങ്ങളിൽ എൻ.എസ്.എസ് ഹയർസെക്കണ്ടറി സ്കൂൾ മുള്ളൂർക്കരയിൽ സംഘടിപ്പിച്ചു.

3. **ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു**
'അധ്യാപനത്തിന്റെ മഹനീയത' എന്ന വിഷയത്തെ ആസ്പദമാക്കി മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജ് മുള്ളൂർക്കരയിൽ 01–03–2019 വെള്ളിയാഴ്ച ക്ലാസ് സംഘടിപ്പിച്ചു. ഫാ.ദേവസി പന്തല്ലൂക്കാരൻ ക്ലാസ്സിന് നേതൃത്വം നൽകി.

4. **സെമിനാർ അവതരണം ആകർഷകമായി**
പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളെ ആസ്പദമാക്കി മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ 21–02–2019 വ്യാഴം, 22–01–2019 വെള്ളി എന്നീ ദിവസങ്ങളിൽ അവതരിപ്പിച്ച സെമിനാർ ഏറെ ആകർഷകമായി.

5. **മോഡൽ പരീക്ഷ ആരംഭിച്ചു**
മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷ മാർച്ച് 25 മുതൽ ആരംഭിച്ചു.

6. **ബോധവൽക്കരണ ക്ലാസ്സിൽ പങ്കെടുത്തു**

ശാസ്ത്ര സാഹിത്യ പരിഷത്ത് മുള്ളൂർക്കര പഞ്ചായത്തിൽ 12–02–2019 ചൊവ്വാഴ്ച സംഘടിപ്പിച്ച 'ലിംഗസമത്വം' എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ബോധവൽക്കരണ ക്ലാസ്സിൽ മഹാജൂബിലി ബി.എഡ് ട്രെയിനിംങ്ങ് കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥികൾ പങ്കെടുത്തു. 'നമ്മളൊന്ന്' എന്ന നാടക പ്രദർശനവും ആകർഷകമായിരുന്നു.

**ഫാ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി. മാനേജർ



## ത്യാഗരാജാർ പോളിടെക്നിക്ക് കോളേജ്, അളഗപ്പനഗർ

1. **വിരമിച്ചു**

24 വർഷമായി പോളിടെക്നിക്കിൽ സ്റ്റെനോ ടൈപ്പിസ്റ്റായി ജോലി ചെയ്തിരുന്ന പി.എൽ. ലിസി (അവിണിശ്ശേരി ഇടവക) ഫെബ്രുവരി 28 ന് വിരമിച്ചു.

2. **സെമിനാർ**

കൊടകര ബ്ലോക്ക് പഞ്ചായത്തിന്റെയും ത്യഗരാജാർ പോളിടെക്ന്ക്ക് കോളേജിലെ ലേഡി വെൽഫെയറിന്റെയും നേതൃത്വത്തിൽ കൗമാരക്കാരായ പെൺകുട്ടികളുടെ സമഗ്രവികസനത്തിനായി രണ്ട് ദിവസത്തെ പ്രിമാരിറ്റൽ സെമിനാറും കൗൺസിലിംഗും നടത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അമ്പിളി സോമൻ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ശ്രീമതി അന്ന ടെർജി അദ്ധ്യക്ഷത വഹിച്ചു.

3. ഇലക്ഷൻ കമ്മീഷന്റെ നേതൃത്വത്തിൽ പുതിയ VVPAT വോട്ടിംഗ് മെഷീൻ പുതിയ സമ്മതിദാനാവകാശമുള്ള എല്ലാ വിദ്യാർത്ഥികളേയും പരിചയപ്പെടുത്തി.

4. അളഗപ്പനഗർ ഹെൽത്ത് ഡിപ്പാർട്ട്മെന്റ് നടത്തിയ പാലിയേറ്റീവ് കെയർ സംഗമത്തിൽ ത്യാഗരാജാർ പോളിടെക്നിക്ക് കോളേജ് NSS വളണ്ടിയേഴ്സ് നേതൃത്വം കൊടുത്തു.

5. **അംഗീകാരം**

അളഗപ്പനഗർ ഗ്രാമപഞ്ചായത്തിന്റെ 2019 ലെ ആരോഗ്യ ജാഗ്രതാ പുരസ്ക്കാരം ത്യഗരാജാർ പോളിടെക്നിക്കിലെ NCC, NSS യൂണിറ്റുകൾ അർഹരായി. NCC Officer ക്യാപ്റ്റൻ കെ. രാധാകൃഷ്ണൻ NSS Programme Officer ശ്രീ എം.പി. വർഗ്ഗീസ് എന്നിവർ അളഗപ്പനഗർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കെ. രാജേശ്വരിയിൽ നിന്നും പുരസ്ക്കാരം ഏറ്റുവാങ്ങി.

6. **ത്യാഗരാജാർ പോളിടെക്നിക്കിന്റെ Extention Library** യുടെ ഭാഗമായി ചാലക്കുടി താലൂക്ക് ആശുപത്രിയിലേക്ക് രോഗികൾക്ക് വായിക്കാനായി NSS വളണ്ടിയേഴ്സ് പുസ്തകങ്ങൾ വിതരണം ചെയ്തു.

7. **MECHANICA - 2019**

കോളേജിലെ മെക്കാനിക്കൽ ഡിപ്പാർട്ടുമെന്റിനു കീഴിലുള്ള ടെക്നോ സെന്ററിന്റ ആഭിമുഖ്യത്തിൽ വിവിധ കോളേജുകളിലെ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി MECHANICA - 2019 സംഘടിപ്പിച്ചു. Project Expo, Innovative Idea Presentation, വിവിധ മത്സരങ്ങൾ, Motor Show, സംഗീത വിരുന്ന് തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള MECHANICA - 2019 സാങ്കേതിക വിദ്യഭ്യാസ Joint Director Dr. K രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം മാള ITI പ്രിൻസിപ്പാളും പൂർവ്വ വിദ്യാർത്ഥിയുമായ സ്റ്റാറി ജോർജ്ജ് ഉദ്ഘാടനം നിർവ്വഹിച്ചു. വനിതാപോളിടെക്നിക്ക് പ്രിൻസിപ്പാൾ ശ്രീമതി കെ.എസ്. ചന്ദ്രകാന്ത മുഖ്യാതിഥിയായിരുന്നു.

8. **വനിതാദിനം**

വനിതാദിനത്തോടനുബന്ധിച്ച് വനിതാശാക്തീകരണത്തിന്റെ പ്രാധാന്യം വിളിച്ചോതികൊണ്ട് NSS വളണ്ടിയേഴ്സും NCC കേഡറ്റും ചേർന്ന് JCIയുടെ സഹകരണത്തോടെ കോളേജിൽ നിന്നും കൂട്ടഓട്ടം സംഘടിപ്പിച്ചു. 500 ഓളം പേർ പങ്കെടുത്തു.

**ലിന്റോഷ് ജോൺ**
പി.ആർ.ഒ.

**ഫാ. ജിയോ തെക്കനിയത്ത്**
സെക്രട്ടറി

# സാന്ത്വനം

**1. പുതിയ അസി. ഡയറക്ടറക്ക് സ്വാഗതം**

സാന്ത്വനം സോഷ്യൽ അപ്പതോലേറ്റിന്റെ അസി.ഡയറക്ടറായി നിയമിതനായ ബഹുമാനപ്പെട്ട സിന്റോ തൊറയനച്ചന് ഹൃദ്യമായ സ്വാഗതവും പ്രാർത്ഥനാശംസകളും നേരുന്നു.

**2. മെത്രാഭിഷേക സ്മാരകമായി ഒരു ഭവനം കൂടി**

അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മെത്രാഭിഷേക സ്മാരകമായി സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന അഞ്ച് ഭവനങ്ങളിൽ രണ്ടാമത്തെ ഭവനത്തിന്റെ ആശീർവാദകർമ്മം അഭിവന്ദ്യ മാർ.ടോണി നീലങ്കാവിൽ നിർവഹിച്ചു.എരുമപ്പെട്ടി ഇടവകാതിർത്തിയിൽ നിർമ്മിച്ച ഭവനത്തിന്റെ ആശീർവാദകർമ്മത്തിന് അഭിവന്ദ്യ പിതാവിനോടൊപ്പം എരുമപ്പെട്ടി ഫോറോന വികാരി വെരി.റവ.ഫാ.ജോയി അടമ്പുകുളം,വാർഡ് മെമ്പർ,സാന്ത്വനം ഡയറക്ടർ, കൈക്കാരൻമാർ, ഭവന നിർമ്മാണ കമ്മിറ്റിയംഗങ്ങൾ, ഇടവകജനങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**3. അതിജീവൻ പദ്ധതി - കമ്മിറ്റികൾ രൂപികരിച്ചു**

പ്രളയാനന്തര പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കാരിത്താസ് ഇന്ത്യയും തൃശ്ശൂർ അതിരൂപതയുടെ സോഷ്യൽ അപ്പസ്തോലേറ്റായ സാന്ത്വനവും ചേർന്ന് നടപ്പിലാക്കുന്ന "അതിജീവൻ പദ്ധതി" നിർവഹണത്തിനായി കമ്മിറ്റികൾ രൂപികരിച്ചു. അതിജീവൻ പദ്ധതിയുടെ കീഴിൽ ഭവനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട ചാഴൂർ പഞ്ചായത്തിൽപ്പെട്ട പുള്ള്, ആലപ്പാട്, ചാഴൂർ, കുറുമ്പിലാവ്, ഇഞ്ചമുടി എന്നീ വില്ലേജുകളിൽ വികാരിമാർ, വാർഡ് മെമ്പർമാർ, ആശവർക്കേഴ്സ്, അംഗൻവാടി ടീച്ചേഴ്സ്, കൈക്കാരൻമാർ, ഇടവകയിലെ മറ്റ് ഭാരവാഹികൾ എന്നിവർ അടങ്ങുന്ന കമ്മിറ്റികൾ വിവിധ വില്ലേജുകളിൽ രൂപീകരിക്കുകയും മീറ്റിങ്ങുകൾ ചേർന്ന് ഗുണഭോക്തൃ തെരഞ്ഞെടുപ്പിനുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

**4. സർവ്വേയും ഗുണഭോക്തൃ ഭവനങ്ങളുടെ തെരഞ്ഞെടുപ്പും നടത്തി**

കാരിത്താസ് ഇന്ത്യയും സാന്ത്വനവും ചേർന്ന് നടപ്പിലാക്കുന്ന പ്രളയാനന്തര പുനരധിവാസ പദ്ധതിയായ അതിജീവൻ പദ്ധതിയിൽ ഭവനങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിന് സഹായം നൽക്കുന്നതിനായി അർഹതയുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി ചാഴൂർ പഞ്ചായത്തിലെ പുള്ള്, ആലപ്പാട്, ചാഴൂർ, കുറുമ്പിലാവ്, ഇഞ്ചമുടി എന്നീ വില്ലേജുകളിലെ പ്രളയം ബാധിച്ച ഭവനങ്ങളിൽ സർവ്വേ നടത്തുകയും 70 കുടുംബങ്ങളെ തെരഞ്ഞെടുക്കുകയും ചെയ്തു. തിരഞ്ഞെടുത്ത കുടുംബങ്ങളിൽ കോഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഓരോ ഭവനങ്ങളിലും ചെന്ന് അവരുടെ അപേക്ഷകൾ ഓൺ ലൈനായി കാരിത്താസ് ഇന്ത്യയ്ക്ക് അയച്ചുകൊടുത്തു. സാന്ത്വനത്തിന്റെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട എഞ്ചിനീയർ ഓരോ ഭവനങ്ങളിലും നേരിട്ട് എത്തുകയും കേടുപാടിന്റെ വ്യാപ്തിയും റിപ്പയറിങ്ങിന്റെ എസ്റ്റിമേറ്റും തീരുമാനിക്കുകയും ചെയ്തു. രണ്ടാഴ്ച നീണ്ടുനിന്ന ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാനുള്ള സർവ്വേയ്ക്കും മറ്റു പരിപാടികൾക്കും സഹകരിച്ച ട്രെയിനിംഗ് സ്റ്റുഡന്റ്സ്, വളണ്ടിയേഴ്സ്, സ്റ്റാഫംഗങ്ങൾ, കമ്മിറ്റിയംഗങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദി പറയുന്നു.

**5. റിപ്പയറിങ്ങിനായി 25 ലക്ഷം രൂപ വിതരണം ചെയ്തു**

കാരിത്താസ് ഇന്ത്യയും സാന്ത്വനവും ചേർന്ന് നടപ്പിലാക്കുന്ന പ്രളയാനന്തര അതിജീവനത്തിന്റെ ഭാഗമായി ഭവനങ്ങളുടെ കേട് പോക്കുന്നതിനായി ചാഴൂർ പഞ്ചായത്തിലെ വിവിധ വില്ലേജുകളിൽ നിന്നും ജാതിമതഭേദമന്യേ 70 ഓളം കുടുംബങ്ങൾക്ക് 25 ലക്ഷം രൂപയുടെ സഹായങ്ങൾ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ.ടോണി നീലങ്കാവിൽ വിതരണം ചെയ്തു.ചാഴൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജ്യോതി കനകരാജൻ, വാർഡുമെമ്പർമാർ, അതതു സ്ഥലങ്ങളിലെ വികാരിമാർ, സാന്ത്വനം ഡയറക്ടേഴ്സ്, സ്റ്റാഫംഗങ്ങൾ, കമ്മിറ്റിയംഗങ്ങൾ, പള്ളി ഭാരവാഹികൾ എന്നിവർ പുള്ള്, ആലപ്പാട്, ചിറയക്കൽ, ചാഴൂർ എന്നീ സ്ഥലങ്ങളിൽ വെച്ച് നടത്തപ്പെട്ട സഹായ വിതരണ ചടങ്ങിൽ സന്നിഹിതരായിരുന്നു. ചടങ്ങിൽ അധ്യക്ഷപദം അലങ്കരിച്ച ചാഴൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ജ്യോതി കനകരാജൻ അതിരൂപതയുടെ പ്രവർത്തനങ്ങളെ ശ്ലാഘിക്കുകയും പഞ്ചായത്തിന്റെ പേരിലുള്ള നന്ദി അറിയിക്കുകയും ചെയ്തു.

6. **ആട് വിതരണം– കമ്മിറ്റികൾ രൂപീകരിച്ചു**

പ്രളയത്തിൽ അകപ്പെട്ടവർക്ക് ജീവനോപാധി നൽകുന്നതിന്റെ ഭാഗമായി കാരിത്താസ് ഇന്ത്യയും സാന്ത്വനവും ചേർന്ന് നടപ്പിലാക്കുന്ന ആട് വിതരണ പദ്ധതിക്കായി ഏങ്ങണ്ടിയൂർ, ഏനാമ്മാവ്, തൊയ്ക്കാവ് ഇടവകയുടെ കീഴിൽ കമ്മിറ്റികൾ രൂപീകരിച്ചു. ഓരോ ഇടവകയിലെയും വികാരിമാർ, വാർഡ്മെമ്പർമാർ, അംഗൻവാടി ടീച്ചേഴ്സ്, ആശാവർക്കേഴ്സ്, ഇടവക പ്രതിനിധികൾ എന്നിവർ അടങ്ങുന്നതാണ് കമ്മിറ്റി. ഓരോ സ്ഥലത്തും ഇടവക കമ്മിറ്റികൾ കുടുകയും പ്രളയം ബാധിച്ച ഭവനങ്ങളിൽ നിന്ന് അർഹതയുള്ള ഭവനങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്കുള്ള പ്രാഥമിക ലിസ്റ്റ് തയ്യാറാക്കുവാൻ ഉത്തരവാദിത്വം ഏൽപിക്കുകയും ചെയ്തു.

7. **ആട് വിതരണം–ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു**

പ്രളയാനന്തര പുനരധിവാസ പ്രവർത്തനത്തിന്റെ ഭാഗമായി, വരുമാന വർദ്ധക സംരംഭമായി ആടിനെ വളർത്തുവാൻ സന്നദ്ധതയുള്ള വ്യക്തികളിൽ നിന്നും അർഹതയുള്ള വ്യക്തികളെ ആട് വിതരണ പദ്ധതിയിലേക്ക് തിരഞ്ഞെടുത്തു. ഓരോ ഇടവക കമ്മിറ്റിയും നിർദ്ദേശിച്ച ലിസ്റ്റിലെ മുഴുവൻ വീടുകളും സാന്ത്വനം ആനിമേറ്റേഴ്സിന്റെ നേതൃത്വത്തിൽ സന്ദർശിക്കുകയും വിവരശേഖരണം നടത്തുകയും ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ അർഹതയുള്ള വിദഗ്ധകമ്മിറ്റി 75 കുടുംബങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തു. ഇങ്ങനെ തിരഞ്ഞെടുത്ത എല്ലാ കുടുംബങ്ങളുടെയും അപേക്ഷകൾ കോർഡിനേറ്റേഴ്സ് ഓൺലൈൻ ആയി കാരിത്താസ് ഇന്ത്യയിലേക്ക് അയക്കുകയും ചെയ്തു. സഹകരിച്ച എല്ലാവർക്കും സാന്ത്വനത്തിന്റെ നന്ദിയും കടപ്പാടും അറിയിക്കുന്നു.

8. **കാരുണ്യത്തിന്റെ കരുതലായ് സാന്ത്വനഭവനം**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ, മണ്ണുത്തി ഇടവകയുടെ സഹകരണത്തോടെ പണി തീർത്ത ഭവനം തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ആശീർവദിച്ചു. അർഹതയുള്ള പാവങ്ങൾക്ക് വേണ്ടി സാന്ത്വനം നടപ്പിലാക്കുന്ന ഹൗസിങ്ങ് പദ്ധതിയിൽ ഉൾപ്പെട്ടതാണ് ഈ ഭവനം. ഇതോടൊപ്പം അടുത്ത ഭവനത്തിനുള്ള ശിലാസ്ഥാപനവും നടത്തപ്പെടുകയുണ്ടായി. മണ്ണുത്തി ഇടവക വികാരിയായിരുന്ന റവ. ഫാ. ആന്റണി ചിറ്റിലപ്പിള്ളിയുടെയും കൈക്കാരൻമാരുടെയും ഇടവക ജനങ്ങളുടെയും നേതൃത്വത്തിൽ സമാഹരിച്ച സംഖ്യയും

സാന്ത്വനത്തിൽനിന്നുള്ള സംഖ്യയും ചേർത്താണ് ഭവനങ്ങൾ നിർമ്മിക്കുന്നത്. ഭവനം പണിയാൻ സ്ഥലം നൽകിയ പാറയ്ക്കൽ ജോയി ചേട്ടനും സഹകരിച്ച ഇടവകജനങ്ങൾക്കും ഒത്തിരി നന്ദി.

**9. സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി ബേസ് ലൈൻ ഡാറ്റ അപ്ഡേഷൻ നടത്തി. അതിനായി ഉപഭോക്തൃ കുടുംബങ്ങളുടെ 6 മാസത്തെ പുരോഗതികൾ, അവരുടെ സാമ്പത്തിക ഉയർച്ച, മക്കളുടെ വിദ്യാഭ്യാസം, സ്വയം തോഴിൽ പുരോഗതി, അതിലെ വരുമാനം, ഉയർച്ച തുടങ്ങി, കുടുംബങ്ങളുടെ വിവരങ്ങൾ അപ്ഡേറ്റ് ചെയ്തു.

**10. പുതിയ കുടുംബങ്ങളെ കണ്ടെത്തി**

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി 5 പുതിയ ഗുണഭോക്തൃകുടുംബങ്ങളെ കണ്ടെത്തി. അതിനായി ഒല്ലൂർ, അവിണിശ്ശേരി, പുഴക്കൽ, എടക്കളത്തൂർ എന്നീ ഇടവകകളിലെ കുടുംബങ്ങളിൽ കോർഡിനേറ്റർ ശ്രീ.അഖിൽ തോമസിന്റെയും ആനിമേറ്റർമാരുടെയും നേതൃത്വത്തിൽ വീടുകൾ സന്ദർശിച്ച് സേവ് എ ഫാമിലി പ്ലാനിന്റെ മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുകയും അവരുടെ മറ്റു വിവരങ്ങളും ഫോട്ടോയും ശേഖരിക്കുകയും ചെയ്തു.

**11. സെന്റർ ലവൽ മീറ്റിംഗ് സംഘടിപ്പിച്ചു**

സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി നടത്തിവരുന്ന സെന്റർ ലെവൽ മീറ്റിങ്ങ് വിവിധ സെന്ററുകളിൽ ആനിമേറ്ററുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. കണ്ണാറ, ചിറ്റിശ്ശേരി എന്നീ സെന്ററുകളിലെ പുതിയ കുടുംബങ്ങൾക്ക് സേവ് എ ഫാമിലി പ്ലാനിനെക്കുറിച്ചും, ഇതിനോടനുബന്ധിച്ചുള്ള വിവിധ പ്രവർത്തനങ്ങളെക്കുറിച്ചും ഒരു ബോധവൽക്കരണ ക്ലാസ്സ് നടത്തി. മനക്കൊടി, മുണ്ടൂർ എന്നീ സെന്ററുകളിൽ വേനൽക്കാലകൃഷി, അതിന്റെ പരിചരണരീതിയെപ്പറ്റിയും, പുതയിടിൽ, നനവും എന്നിവയെപ്പറ്റിയും ബോധവല്ക്കരണക്ലാസ്സ് നടത്തുകയുണ്ടായി. ഫാമിലി ഡവലപ്പ്മെന്റ് പദ്ധതി, ഗോഡ്സ് ഓൺ ഫാമിലി പദ്ധതി എന്നിവ പ്രകാരം സഹായങ്ങൾ ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

വില്ലടം–Rs.10,000/–, എറവ്– Rs.8,000/–, കൂനംമൂച്ചി–Rs.20,000/–, മറ്റം– Rs.8,000/–, വില്ലടം–Rs.20,243/–, കുണ്ടന്നൂർ–Rs.7,000/–, പടവരാട്–Rs.24,000/–, നെല്ലിക്കുന്ന്–Rs.30,000/–, അന്തിക്കാട്–Rs.30,000/–, എളവള്ളി– Rs.13,000/–, കിള്ളിമംഗലം–Rs.14,000–, ചേലക്കര–Rs.9,000/–, അരിമ്പൂർ–Rs.8,000/–, പൊന്നൂക്കര–Rs.15,000/–

**12. SHG - BAT മീറ്റിംഗ് നടത്തി**

കണ്ണാറ, വലക്കാവ്, വെട്ടുക്കാട്, പെരിഞ്ചേരി, വെള്ളാനിക്കോട്, കല്ലൂർ ഈസ്റ്റ് എന്നീ എസ്.എച്ച്.ജി കളിൽ ബേസിക് ആക്ഷൻ ടീം മീറ്റിംഗ് നടത്തി. സംഘങ്ങളുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവിപ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ കോഡിനേറ്റർ നല്കുകയും ചെയ്തു. വെങ്ങിണിശ്ശേരി, കണ്ണാറ എന്നീ യൂണിറ്റുകൾ ആനിമേറ്ററും കോ-ഓഡിനേറ്ററും ചേർന്നു സന്ദർശിച്ച് അവർക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി.

**13. ജെസ്പ് II-ആനിമേറ്റേഴ്സ് യോഗം സംഘടിപ്പിച്ചു**

മാർ ജേക്കബ് തൂങ്കുഴി വിദ്യാഭ്യാസ സഹായപദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് യൂണിറ്റ് തലത്തിൽ നേതൃത്വം നല്കുന്ന ആനിമേറ്റേഴ്സിന്റെ യോഗം സാന്ത്വനം ഓഫീസിൽ വെച്ച് കൂടുകയുണ്ടായി. പ്രോജക്റ്റ് കോ-ഓർഡിനേറ്റർ ശ്രീമതി.രമ്യ റോബിൻ സ്വാഗതം പറയുകയും പുതിയ അസി. ഡയറക്ടർ ഫാ. സിന്റോ തൊറയനെ പരിചയപ്പെടുത്തുകയും ചെയ്തു. യോഗത്തിന്റെ ഉദ്ഘാടനകർമ്മം അസി. ഡയറക്ടർ ഫാ. സിന്റോ തൊറയൻ നിർവഹിക്കുകയും അദ്ധ്യക്ഷ പ്രസംഗം നടത്തുകയും ചെയ്തു. യൂണിറ്റ് തല പ്രവർത്തനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് അവതരിപ്പിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. പിന്നീട് അടുത്ത് വരാൻ പോകുന്ന സമ്മർ ക്യാമ്പ് ഏപ്രിൽ 7,8,9 എന്നീ തിയ്യതികളിൽ ആമ്പല്ലൂർ സ്പിരിച്ചൽ ആനിമേഷൻ സെന്ററിൽ നടത്താൻ തീരുമാനിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതായ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ ട്യൂഷൻ ഫീസ് ഓരോ സെന്ററിന്റെയും ചുമതലയുള്ള ആനിമേറ്റർമാരെ ഏൽപിക്കുകയും ചെയ്തു.

**14. സ്നേഹനിധി കരുതൽ ക്ഷേമ പദ്ധതി**

സ്നേഹനിധി കരുതൽ ഇതുവരെ 295 അംഗങ്ങൾക്കായി 15,80,890 രൂപ കരുതൽ സഹായധനമായി നൽകി. 190 വിവാഹ സഹായം, 83 ചികിൽസാ സഹായം, 22 മരണാനന്തര സഹായവും നൽകി.


**15. ഹാപ്പി ഹോംസ്- ഭവനനിർമ്മാണം ആരംഭിച്ചു.**

ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫറൻസും കാരിത്താസ് ഇറ്റാലിയാനയും തൃശ്ശൂർ അതിരൂപതയും ചേർന്ന് നടപ്പിലാക്കുന്ന ഹാപ്പി ഹോംസ് ഭവന പദ്ധതിക്ക് തുടക്കമായി. അന്തിക്കാട് ബ്ലോക്കിലെ വിവിധ ഇടവകകളിൽ നിന്നും ജാതിമതഭേദമന്യേ തിരഞ്ഞെടുക്കപ്പെട്ട, പ്രളയത്തിൽ തകർന്ന 13 കുടുംബങ്ങളുടെ നിർമ്മാണമാണ്

ഈ പദ്ധതിയിലൂടെ നടപ്പിലാക്കപ്പെടുന്നത്. മണലൂർ ഈസ്റ്റ്, മണലൂർ വെസ്റ്റ്, കാഞ്ഞാണി, കാരമുക്ക്, എറവ്, പൊറത്തൂർ,പഴുവിൽ, ചാഴൂർ എന്നീ ഇടവകകളിൽ നിന്നാണ് 13 കുടുംബങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഭവനങ്ങളുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**ഫാ. സിന്റോ തൊറയൻ**
അസി. ഡയറക്ടർ

**ഫാ. തോമസ് പൂപ്പാടി**
ഡയറക്ടർ



# ബൈബിൾ പ്രേഷിതത്വം

1. **ബൈബിൾ പ്രേഷിതത്വം**
അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റ് ഇനി മുതൽ ബൈബിൾ പ്രേഷിതത്വം എന്ന പേരിലായിരിക്കും അറിയപ്പെടുക.

2. **ബൈബിൾ ക്ലാസ്സുകൾ**
ബൈബിൾ പ്രേഷിതത്വത്തിന്റെ നേതൃത്വത്തിൽ ബൈബിൾ ക്ലാസുകൾ ആരംഭിച്ചു. 50 പേരടങ്ങുന്ന ആദ്യ ബാച്ച് ബൈബിൾ ക്ലാസുകൾക്ക് മാർച്ച് 10ന് ബിഷപ്പ്സ് ഹൗസിൽ വെച്ച് ബഹു. മോൺ തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. ആറു മാസം ഞായറാഴ്ച 2.00മുതൽ 4.30വരെയായിരിക്കും ബൈബിൾ ക്ലാസ്സുകൾ നടക്കുക.

3. **ബൈബിൾ ക്വിസ് പഠനസഹായി –2019**
അന്തർദ്ദേശീയതലത്തിൽ നടക്കുന്ന ലോഗോസ് മത്സരങ്ങൾക്കും അതിരൂപത വെരിത്താസ് ക്വിസ് മത്സരങ്ങൾക്കും ഒരുങ്ങുന്നവർക്കായി അതിരൂപത ബൈബിൾ ക്വിസ് പഠനസഹായി പുറത്തിറക്കിയിരിക്കുന്നു. ബൈബിൾ പ്രേഷിതത്വം ഓഫീസിൽ നിന്നും ബുക്ക്സ്റ്റാളുകളിൽ നിന്നും മാർച്ച് 31 മുതൽ പഠനസഹായി ലഭ്യമാണ്.

4. **തീർത്ഥാടനങ്ങൾ**
യൂറോപ്പ് തീർത്ഥാടനം 2019 ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാ

ടനം 2019 ആഗസ്റ്റ് 14, സെപ്റ്റംബർ 6, ഒക്ടോബർ 2, നവംബർ 4 എന്നീ തിയ്യതികളിൽ പുറപ്പെടുന്നു. പങ്കെടുക്കാൻ താത്പര്യമുള്ള വർ ഓഫീസുമായി ബന്ധപ്പെടുമല്ലോ. ഇടവകകളിൽ നിന്നോ, മറ്റു സംഘടനകളുടെ നേതൃത്വത്തിലോ ഗ്രൂപ്പുകൾ സംഘടിപ്പിക്കുന്ന വർക്ക് പ്രത്യേക ആനുകൂല്യങ്ങൾ....

ഫോൺ: 0487–2320780, 7558937090, 8921266465

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**ഡയറക്ടർ**

FAMILY APOSTOLATE CENTRE THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

## കുടുംബകൂട്ടായ്മ

**1. നന്ദി**

അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ നേതൃത്വത്തിൽ നട ത്തിയ കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സംഗമം വൻ വിജയമാ യിരുന്നു. ഇത്ര മനോഹരമാക്കാൻ നമ്മുടെ കൂട്ടായ്മയിലേക്ക് കട ന്നുവന്ന ആലഞ്ചേരി പിതാവിനും മാർ ആൻഡ്രൂസ് പിതാവിനും മാർ ടോണി പിതാവിനും വൈദീകർക്കും ഒത്തിരി നന്ദി. കുടുംബകൂട്ടായ്മ ഭാരവാഹികളുടെ സംഗമത്തിൽ പങ്കെടുത്ത എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി അർപ്പിക്കുന്നു. ഒപ്പം ഇവരെ ഒരുക്കിവിട്ട ബഹുമാന പ്പെട്ട വികാരിയച്ചന്മാർക്കും ഫൊറോന അതിരൂപത ഭാരവാഹി കൾക്കും ഒത്തിരി നന്ദി.

**2. മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം**

അതിരൂപത കുടുംബകൂട്ടായ്മ എല്ലാ വർഷവും നടത്തിവരാറുള്ള മാർ ജോസഫ് കുണ്ടുകുളം അനുസ്മരണം ഈ വർഷവും ഏപ്രിൽ 27 ശനിയാഴ്ച 3 മണിക്ക് അതിരൂപത കേന്ദ്രസമിതിയുടെ ആഭിമു ഖ്യത്തിൽ സംഘടിപ്പിക്കുന്നു. ഈ അനുസ്മരണ സമ്മേളനത്തി ലേക്ക് ഏവരേയും ക്ഷണിക്കുന്നു.

3. **ചർച്ചാപഠനപരിശീലന ക്യാമ്പ്**

മാർച്ച് മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. മെയ് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ഏപ്രിൽ 27–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

| **എ.എ. ആന്റണി** | **പോൾ പാറക്കൽ** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| ജനറൽ കൺവീനർ | ജനറൽ സെക്രട്ടറി | ഡയറക്ടർ |



# മാതൃവേദി

1. **വിധവകളുടെ കൂട്ടായ്മ**

വിവാഹജീവിതത്തിലേക്ക് പ്രവേശിക്കുകയും ജീവിതപങ്കാളിയുടെ മരണം മൂലം ഏകാന്തതയും ദുഃഖവും അനുഭവിക്കുകയും ചെയ്യുന്ന വിധവകൾക്കുവേണ്ടി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് 2019 ഏപ്രിൽ 6, ശനിയാഴ്ച്ച രാവിലെ 10 മുതൽ 1 മണി വരെ ഈ കൂട്ടായ്മ ഉണ്ടായിരിക്കുന്നതാണ്. വിധവകളായി കഴിയുന്ന എല്ലാ അമ്മമാരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

2. **കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

**ഏപ്രിൽ 11 വ്യാഴം (9.30 am – 1.00 pm)**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഏപ്രിൽ മാസത്തിൽ നടത്തേണ്ടത് കണ്ടശ്ശാംകടവ് ഫൊറോനയിലെ ഇടവകകളാണ്. ഈ ഫൊറോനയിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ കഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ

മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

**3. ഭാരവാഹികൾക്കായുള്ള ഓറിയന്റേഷൻ ക്ലാസ്സ്**

**ഏപ്രിൽ 11 വ്യാഴം (11.00 am – 12.00 pm)**

മാതൃവേദി ഭാരവാഹികൾക്കായുള്ള ഓറിയന്റേഷൻ ക്ലാസ്സ് ഏപ്രിൽ 11–ാം തിയ്യതി വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ ഭാരവാഹികളെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**4. പ്രാർത്ഥനാദിനം**

**ഏപ്രിൽ 11 വ്യാഴം (9.30 am – 11.00 am)**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപത തല പ്രാർത്ഥനാദിനമാണ് ഏപ്രിൽ 11–ാം തിയ്യതി വ്യാഴാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. 9.30 ന് ജപമാലയോടുക്കൂടി പ്രാർത്ഥനാദിനം ആരംഭിക്കും. തുടർന്ന് ആരാധനയും വി.കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

| **മേരി വിൻസെന്റ്** | **ജൂലി ബാബു** | **ഫാ. ഡെന്നി താണിക്കൽ** |
|---|---|---|
| പ്രസിഡണ്ട് | സെക്രട്ടറി | ഡയറക്ടർ |




## ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**1. തിരുമണിക്കൂർ ആരാധന**

**ഏപ്രിൽ 1 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**2. നേഴ്സസ് സെമിനാർ**

**ഏപ്രിൽ 13 ശനി (രാവിലെ 9.30 മുതൽ 3.00 വരെ)**

ജീവന്റെ മേഖലയിൽ ഏറെ പ്രവർത്തിക്കുന്ന നഴ്സ്മാർക്ക് ഏറെ സഹായകരവും വിജ്ഞാനപ്രദവുമാണ് ഈ സെമിനാർ. തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഹാളിൽ വച്ച് ഏപ്രിൽ 13–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 9.30 മുതൽ വൈകീട്ട് 3 വരെ നടത്തപ്പെടുന്ന ഈ സെമിനാറിൽ സംബന്ധിക്കാനായി സ്നേഹത്തോടെ ക്ഷണിക്കുന്നു. സാധിക്കുന്ന എല്ലാവരും പങ്കെടുക്കാൻ പരിശ്രമിക്കുമല്ലോ.

| | |
|---|---|
| **ജെയിംസ് ആഴ്ചങ്ങാടൻ**<br>പ്രസിഡന്റ് | **ഫാ. ഡെന്നി താണിക്കൽ**<br>ഡയറക്ടർ |

## വനിതാ കമ്മീഷൻ

### 1. വനിതാ ദിനാഘോഷം

വനിത കമ്മിഷന്റെ നേതൃത്വത്തിൽ അതിരൂപതയിലെ വിവിധ സംഘടനകളുടെ സഹകരണത്തോടെ 2019 മാർച്ച് 8 ന് ഫാമിലി അപ്പസ്റ്റൊലേറ്റിൽ വച്ച് വനിതാദിനം ആചരിച്ചു. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് സമ്മേളനം ഉദ്ഘാടനം ചെയ്തു. ചർച്ച് ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്ന പ്രമേയം ശ്രീമതി മേരി വിൻസെന്റ് യോഗത്തിൽ അവതരിപ്പിച്ചു. ഫാ. ഡെന്നി താണിക്കൽ, ഫാ. അനീഷ്, പ്രൊഫ. എലിസബത്ത് മാത്യു, ഓമന റാഫേൽ എന്നിവർ പ്രസംഗിച്ചു. സീനിയർ പോലീസ് ഓഫീസർ ശ്രീമതി പി.കെ. ശ്രീദേവി സ്ത്രീ സുരക്ഷയെക്കുറിച്ച് ക്ലാസ് നയിച്ചു.

| | |
|---|---|
| **പ്രൊഫ. എലിസബത്ത് മാത്യു**<br>പ്രസിഡന്റ് | **ഫാ. ഡെന്നി താണിക്കൽ**<br>ഡയറക്ടർ |




1. **Excel Parish Level Scholorship Exam**

   തൃശൂർ അതിരൂപതയിലെ എല്ലാ ഇടവകകളിലും ഡിസംബർ മാസത്തിൽ നടന്ന **Excel parish level scholarship exam** ന്റെ ഫൈനൽ പരീക്ഷയിലേക്ക് തെരഞ്ഞെടുത്ത 350 വിദ്യാർത്ഥികൾ ക്കായുള്ള ഫൈനൽ പരീക്ഷ **2019 ഏപ്രിൽ 3–ാം തിയതി ഉച്ചയ്ക്ക് 2 മണി മുതൽ 4 മണിവ**രെ, ബിഷപ്പ് ഹൗസ് **DBCLC** ഹാളിൽ വെച്ച് നടക്കുന്നതാണ്. ഫൈനൽ പരീക്ഷയുടെ കുട്ടികൾക്കുള്ള ഹാൾടിക്കറ്റ് നമ്പ്ര് വെബ്സൈറ്റിൽ (www.excelneet.com) പ്രസിദ്ധീകരിച്ചിട്ടുണ്ട്. **മാർച്ച് 20–ാം** തിയതി മുതൽ **25–ാം തിയതി** വരെ ഹാൾടിക്കറ്റുകൾ **Excel DBCLC** ഓഫീസിൽ വിതരണം ചെയ്തിട്ടുണ്ട്, ലഭിക്കാത്തവർ ഏപ്രിൽ 3–ാം തിയതിക്ക് മുമ്പായി ഹാൾടിക്കറ്റുകൾ എക്സൽ ഓഫീസിൽ നിന്ന് വാങ്ങേണ്ടതാണ്. **കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 9847276657**

2. **Excel Science Genius Exam**

   2018 നവംബർ മാസത്തിൽ തൃശൂർ ജില്ലയിലെ സ്കൂളുകളിൽ വെച്ച് നടന്ന എക്സൽ സയൻസ് ജീനിയസ് പരീക്ഷയിൽ തെരഞ്ഞെടുത്ത 300 കുട്ടികൾക്കുള്ള ഫൈനൽ പരീക്ഷ **2019 ഏപ്രിൽ 6–ാം തിയതി ഉച്ചയ്ക്ക് 2 മണി മുതൽ 4 മണിവ**രെ, ബിഷപ്പ് ഹൗസ് **DBCLC** ഹാളിൽ വെച്ച് നടക്കുന്നതാണ്. ഫൈനൽ പരീക്ഷയുടെ കുട്ടികൾക്കുള്ള ഹാൾടിക്കറ്റ് നമ്പ്ര് വെബ്സൈറ്റിൽ (www.excelneet.com) പ്രസിദ്ധീകരിച്ചിട്ടുണ്ട്. **മാർച്ച് 26–ാം** തിയതി മുതൽ **31–ാം തിയതി** വരെ ഹാൾടിക്കറ്റുകൾ **Excel DBCLC** ഓഫീസിൽ വിതരണം ചെയ്തിട്ടുണ്ട്, ലഭിക്കാത്തവർ ഏപ്രിൽ 6–ാം തിയതിക്ക് മുമ്പായി ഹാൾടിക്കറ്റുകൾ എക്സൽ ഓഫീസിൽ നിന്ന് വാങ്ങേണ്ടതാണ്. **കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 9847276657**

3. **Excel Junior IAS Exam**

   2018 ഡിസംബർ മാസത്തിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ, സ്കൂൾ തലത്തിൽ നടത്തിയ Junior IAS examൽ നിന്നും തെരഞ്ഞെടുത്ത 600 കുട്ടികൾക്കുള്ള ഫൈനൽ പരീക്ഷ **2019 ഏപ്രിൽ 13–ാം തിയതി ശനിയാഴ്ച രാവിലെ 9.30 മുതൽ 3.30വ**രെ, തൃശൂർ അവി

ണിശ്ശേരി എക്സൽ സിവിൽ സർവീസ് കാമ്പസിൽ വെച്ച് നടക്കും. പരീക്ഷക്കുള്ള ഹാൾടിക്കറ്റുകൾ എക്സൽ സിവിൽ സർവീസ് കാമ്പസിൽ നിന്നും **ഏപ്രിൽ 13-ാം** തിയതിക്ക് മുമ്പായി വാങ്ങേണ്ടതാണ്. **കൂടുതൽ വിവരങ്ങൾക്ക് PH:- 0487 2351333, 9539262823, 9847276657**

## 4. Excel Medicial/Engineering Entrance Course

2019 മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന **പ്ലസ് വൺ, പ്ലസ് ടു, റിപ്പീറ്റർ** ക്ലാസുകളിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. പ്ലസ് ടു വിദ്യാർത്ഥികൾക്കുള്ള Morning, Evening, Sunday holiday Batchകൾക്കുള്ള ക്ലാസുകൾ **2019** മെയ് 2-ാം തിയതി ആരംഭിക്കും. പ്ലസ് വൺ വിദ്യാർത്ഥികൾക്കുള്ള Morning, Evening, Sunday holiday Batchകൾക്കുള്ള ക്ലാസുകൾ **2019** മെയ് 20-ാം തിയതി ആരംഭിക്കും. റിപ്പീറ്റർ വിദ്യാർത്ഥികൾക്കുള്ള എൻട്രൻസ് റെഗുലർ ക്ലാസുകൾ ജൂൺ 3-ാം തിയതി ആരംഭിക്കും. **കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 8907804280, 9847276657**

## 5. Excel PSC Course

എക്സൽ അക്കാദമിയുടെ നേതൃത്വത്തിൽ പി.എസ്.സി. റെഗുലർ ക്ലാസുകളുടെ പുതിയ ബാച്ച് **ഏപ്രിൽ 1-ാം** തിയതി ആരംഭിക്കും. ഫെബ്രുവരി 24-ാം തിയതി നടന്ന PSC Mock Test Exam-ൽ നിന്നും തെരഞ്ഞെടുത്ത വ്യക്തികൾക്കുള്ള അഡ്മിഷൻ തുടരുന്നു. നല്ല റാങ്കുകൾ കരസ്ഥമാക്കിയവർക്ക് സ്കോളർഷിപ്പുകളും നൽകുന്നുണ്ട്. **കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 9495278764**

## 6. Excel Residential Camp

**2019 ഏപ്രിൽ 10, 11, 12** തിയതികളിൽ ഏഴാം ക്ലാസ് മുതൽ പത്താം ക്ലാസുവരെയുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരു റസിഡൻഷ്യൽ ക്യാമ്പ് തൃശൂർ ബിഷപ്പ് ഹൗസിലെ, **DBCLC** യിൽ വെച്ച് നടത്തുന്നുണ്ട്. ഭക്ഷണം, താമസം എന്നിവയടക്കം ഫീസ് **800**/- രൂപയാണ്. താൽപര്യമുള്ളവർ ഉടനെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. **കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 9847276657**

## 7. Bridge Course (Med./Eng.)

**2019** മെയ് 7, 8, 9 തിയതികളിൽ 3 ദിവസം നീണ്ടുനിൽക്കുന്ന (Med./Eng.) Bridge course തൃശൂർ ബിഷപ്പ് ഹൗസിലെ, എക്സൽ കാമ്പസിൽ വെച്ച് നടത്തുന്നതാണ്. പത്താം ക്ലാസ് കഴിഞ്ഞവർ, പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കും Bridge courseൽ പങ്കെടുക്കാവുന്നതാണ്. **കൂടുതൽ വിവരങ്ങൾക്ക് PH:- 9744941585, 9847276657**

## 8. Bridge Course (Civil Service)

2019 ഏപ്രിൽ 22-ാം തിയതി മുതൽ 20 ദിവസം നീണ്ടുനിൽക്കുന്ന,

സിവിൽ സർവീസ് ബ്രിഡ്ജ് കോഴ്സ്, എക്സൽ സിവിൽ സർവീസ്, അവിണിശ്ശേരി കാമ്പസിൽ വെച്ച് നടത്തുന്നതാണ്. 5000/- രൂപയാണ് ഫീസ്. താല്പര്യമുള്ളവർ ഉടനെ പേര് റജിസ്റ്റർ ചെയ്യേണ്ടതാണ്. **കൂടുതൽ വിവരങ്ങൾക്ക് PH:- 0487 2351333, 9539262823, 9847276657**

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ




1. **ചർച്ച് ബില്ലിനെതിരെ ഇ-കാറ്റ് പ്രതിഷേധം**

തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ചർച്ച് ബില്ലിനെതിരെ തൃശൂർ ടൗൺഹാളിൽവെച്ച് ഇ-കാറ്റ് നടത്തിയ പ്രതിഷേധ പ്രകടനത്തിൽ 5000 ഇ-മെയിൽ അയച്ചുകൊണ്ട് തൃശൂർ അതിരൂപത KCYM പ്രതിഷേധം അറിയിച്ചു. തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെയും, മാർ ടോണി നീലങ്കാവിൽ പിതാവിന്റെയും നേതൃത്വത്തിൽ ഇ-മെയിൽ അയച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു.

2. **ഭാരവാഹികളെ തിരഞ്ഞെടുത്തു**

തൃശൂർ അതിരൂപത കെ.സി.വൈ.എം. 2019-20 വർഷങ്ങളിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുവാൻ ഇലക്ഷൻ ജനറൽ ബോഡി 17-02-2019 ന് (ഞായറാഴ്ച) അതിരൂപതയിൽ നടന്നു. അതിരൂപത മെത്രാപ്പൊലീത്ത മാർ. ആൻഡ്രൂസ് താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അദ്ധ്യക്ഷൻ ആയിരുന്നു. അതിരൂപതാ കെ.സി.വൈ.എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള, സി. ടീന മരിയ, മുൻ പ്രസിഡന്റ് അനൂപ് പുന്നപുഴ, ജനറൽ സെക്രട്ടറി ജിയോ ജോൺ എന്നിവർ പ്രസംഗിച്ചു.

**പുതിയ ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | - | സാജൻ ജോസ്, ചിയ്യാരം |
| ജനറൽ സെക്രട്ടറി | - | സാജൻ സി.ജെ., മുണ്ടൂർ |
| ട്രഷറർ | - | അഖിൽ ജോസ് |

വൈസ് പ്രസിഡന്റ് – ജിഷാദ് പി.ജെ.
ജെയ്മി കെ.ജെ.

സെക്രട്ടറി – ജിയോ മാഞ്ഞൂരാൻ
ജോസ്ന ജോൺസൻ

അതിരൂപതാ ഭാരവാഹികൾക്കു പുറമേ സംസ്ഥാന സിൻഡിക്കേറ്റ് മെമ്പർ അനൂപ് പുന്നപുഴ, വനിതാവിഭാഗം ജിമ മരിയ എന്നിവരെയും സംസ്ഥാന സെനറ്റ് മെമ്പർമാരായി ജിയോ ജോൺ, ശരത്ത് ജോസഫ്, ജിതിൻ പുതുക്കാട് എന്നിവരെയും തിരഞ്ഞെടുത്തു.

3. **കർമ്മപദ്ധതി പ്രകാശനം ചെയ്തു**

തൃശൂർ അതിരൂപത KCYM സമിതിയുടെ 2019–2020 വർഷങ്ങളിലെ കർമ്മപദ്ധതികൾക്ക് ചിയ്യാരം ഇടവകയിൽ പ്രകാശനം നടത്തി. അതോടൊപ്പം അതിരൂപത ഫൊറോനതല ഭാരവാഹികൾക്ക് സ്വീകരണവും, SDB ഫാദർ റാഫേൽ പാലിയേക്കര രക്തസാക്ഷിമണ്ഡപത്തിൽ പുഷ്പാർച്ചനയും നടത്തി. ഒല്ലൂർ ഫൊറോനയിലെ ചിയ്യാരം വിജയമാതാ KCYM യൂണിറ്റിന്റെ ആതിഥേയത്തിൽ അതിരൂപത KCYM ഡയറക്ടർ ഫാ. ഡിറ്റോ കൂള ദിവ്യബലിയോടുകൂടി ചടങ്ങുകൾ ആരംഭിച്ചു.

4. **സെക്രട്ടറിയേറ്റ് നടത്തി**

KCYM തൃശൂർ അതിരൂപത സമിതിയുടെ സെക്രട്ടറിയേറ്റ് 25–02–2019 ന് അതിരൂപതയിൽവച്ചു നടന്നു. തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള അദ്ധ്യക്ഷത വഹിച്ചു. പുതിയ അതിരൂപത പ്രസിഡന്റ് സാജൻ ജോസിന് KCYM ന്റെ ത്രിവർണ്ണ പതാക മുൻ പ്രസിഡന്റ് അനൂപ് പുന്നപ്പുഴയും, പുതിയ ജനറൽ സെക്രട്ടറി സാജൻ ജോയ്ക്ക് റിപ്പോർട്ട് പുസ്തകം മുൻ ജനറൽ സെക്രട്ടറി ജിയോ ജോണും, സംസ്ഥാന KCYM ഓഡിറ്ററായ വില്യംസ് കണക്കുപുസ്തകം പുതിയ ട്രഷറർ അഖിൽ ജോസിനും നൽകി.

5. **വനിതാസംഗമം**

തൃശൂർ അതിരൂപത KCYM സമിതിയുടെയും ചേറൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവകയുടെയും നേതൃത്വത്തിൽ “Femes 2019” വനിതാസംഗമം നടത്തി. വിമല കോളേജ് പ്രിൻസിപ്പാൾ സി.ഡോ.മേബിൾ ഉദ്ഘാടനം ചെയ്തു. തൃശൂർ അതിരൂപത KCYM വൈസ് പ്രസിഡന്റ് ജെയ്മി കെ.ജെ. അദ്ധ്യക്ഷത വഹിച്ചു. KCYM പ്രസിഡന്റ് സാജൻ ജോസ് ചിയ്യാരം യുവജനസന്ദേശം നൽകി. സംഗമത്തിൽ മുഖ്യാതിഥി പാസ്റ്റർ കൗൺസിൽ സെക്രട്ടറി ഡോ.

മേരി റെജീന പങ്കെടുത്തു. സീറോ മലബാർ സഭയുടെ ഏക വനിത സഭാതാരവും, KCBC യുടെ കുടുംബ അവാർഡ് ജേതാവും, സ്നേഹ നിധിയുടെ അദ്ധ്യക്ഷ, അതിരൂപത വിമൻസ് കമ്മീഷൻ അദ്ധ്യക്ഷ എന്നീ പദവികൾ അലങ്കരിച്ചിട്ടുള്ള ചേറൂർ ഇടവകാംഗമായ പ്രൊഫ. എലിസബത്ത് മാത്യുവിനെ KCYM അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ആദരിച്ചു. ചേറൂർ ഇടവക വികാരി റവ. ഫാ. ഡോ. ജോസ് വട്ടക്കുഴി, അതിരൂപത മാതൃസംഘം പ്രസിഡന്റ് മേരി വിൻസെന്റ്, ലൂർദ്ദ് ഫൊറോന വൈസ് പ്രസിഡന്റ് നിമ്മി ബാബു എന്നിവർ ആശംസ അറിയിച്ചു. തുടർന്ന് പാലക്കാട് രൂപതാംഗം അഡ്വക്കെറ്റ് മിനി ഫ്രാൻസിസ് "സഭാപ്രവർത്തനങ്ങളിൽ വനിതകൾക്കുള്ള പങ്ക്" എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് നൽകി.

| | | |
|---|---|---|
| **സാജൻ ജോസ്** | **സാജൻ സി.ജെ.** | **ഫാ. ഡിറ്റോ കൂള** |
| പ്രസിഡണ്ട് | ജനറൽ സെക്രട്ടറി | ഡയറക്ടർ |




# സി.എൽ.സി.

1. **കാരുണ്യ വരാചാരണവുമായി അതിരൂപത സി.എൽ.സി.**
അതിരൂപത സി.എൽ.സി.യുടെ ആഭിമുഖ്യത്തിൽ അമല ഹോസ്പിറ്റലുമായി സഹകരിച്ചു ലൂർദ് മാതാവിന്റെ തിരുന്നാളിനോടനു ബന്ധിച്ചു കാരുണ്യ വാരാചാരണത്തിനു തുടക്കമായി. അതിരൂപത ചാൻസലർ റവ. ഫാ. മാത്യു കുറ്റിക്കോട്ടയിൽ ഉച്ചക്കഞ്ഞി നൽകികൊണ്ടു ഉദ്ഘാടനം ചെയ്തു. അമല ഹോസ്പിറ്റൽ അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ജെയ്സൻ മുണ്ടൻമാണിയിൽ സന്നിഹിതനായിരുന്നു.
2. **സി.എൽ.സി. ദിനാചരണം സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം**
അരണാട്ടുകരയിൽ വച്ചു നടക്കുന്ന 457 മത് അതിരൂപത ലോക സി.എൽ.സി. ദിനാചരണത്തിന്റെ സ്വാഗത സംഘം ഓഫീസ് ഉദ്ഘാടനം അരണാട്ടുകര വികാരി ഫാ. ബാബു പാണാട്ടുപറമ്പിൽ നിർവഹിച്ചു. അതിരൂപത, ഫൊറോന, യൂണിറ്റ് ഭാരവാഹികൾ പങ്കെടുത്തു.

3. **പാലയൂർ ജാഗരണ പദയാത്ര**

തൃശ്ശൂർ അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ, മാർച്ച് 8 നു ബസിലിക്ക ദൈവാലയത്തിൽ നിന്നും വൈകീട്ട് 9.00 നു ആരംഭിച്ച ജാഗരണ പദയാത്രക്കു തൃശൂർ അതിരൂപത സി.എൽ.സി. നേതൃത്വം നൽകി.

4. **സി.എൽ.സി. ലീഡേഴ്സ് മീറ്റ്**

തൃശൂർ അതിരൂപത സി എൽ സിയുടെ ആഭിമുഖ്യത്തിൽ ഫൊറോന ഭാരവാഹികൾക്കായുള്ള ലീഡേഴ്സ് മീറ്റ് മാർച്ച് 9,10 തിയതികളിലായി പുല്ലഴി ക്രിസ്റ്റീന ഹോമിൽ നടന്നു. തിരഞ്ഞെടുക്കപ്പെട്ട നാല്പതോളം സി.എൽ.സി. ഭാരവാഹികൾ പങ്കെടുത്ത ക്യാമ്പ് അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ ഉദ്ഘാടനം ചെയ്തു. മാർച്ച് 24നു നടക്കുന്ന 457–ാമത് ലോക സി എൽ സി ദിനാഘോഷ നോട്ടീസിന്റെ പ്രകാശനകർമ്മവും അദ്ദേഹം നിർവഹിച്ചു. ഫാ. ഫ്രെജോ വാഴപ്പിള്ളി, ബാസ്റ്റിൻ ചെറുവത്തൂർ, ഫാ.റോയ് വടക്കൻ എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

ഫാ. ജിയോ തെക്കിനിയത്ത്
**പ്രമോട്ടർ**

**ജോമി ജോൺസൻ**
പ്രസിഡണ്ട്

**ജെസ്വിൻ സാജു**
സെക്രട്ടറി




# കത്തോലിക്ക കോൺഗ്രസ്

1. **അത്മായ നേതൃസംഗമം**

കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ മറ്റ് സംഘടനകളുടെ സഹകരണത്തോടെ തൃശ്ശൂർ ടൗൺ ഹാളിൽ അത്മായ നേതൃസംഗമം സംഘടിപ്പിച്ചു. നൂറുകണക്കിനാളുകൾ പങ്കെടുത്ത സംഗമം മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനവും മാർ ടോണി നീലങ്കാവിൽ അനുഗ്രഹ പ്രഭാഷണവും, ശ്രീ കുരിയാസ് കുമ്പളങ്ങഴി മുഖ്യപ്രഭാണവും

നിർവ്വഹിച്ചു. അഡ്വ ബിജു കുണ്ടുകുളം, ഡോ. മേരി റെജീന, ഫാ. വർഗ്ഗീസ് കുത്തൂർ, ഫാ. ജിയോ കടവി, എൻ.പി. ജാക്സൺ, എ.എ. ആന്റണി എന്നിവർ സംസാരിച്ചു.

2. **ചർച്ച് ബില്ലിനെതിരെ പ്രതിഷേധം**

   ചർച്ച് ബിൽ പിൻവലിക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് നിയമ പരിഷ്ക്കരണ കമ്മീഷൻ പ്രതിഷേധ എഴുത്തുകൾ അയച്ചു. കൂടാതെ പ്രതിഷേധ പ്രമേയവും രേഖപ്പെടുത്തി

3. **സഭാതല പ്രതിനിധിക്യാമ്പ്**

   എറണാകുളത്തു നടന്ന സഭാതല പ്രതിനിധി ക്യാമ്പിൽ ഡയറക്ടറുടെ നേതൃത്വത്തിൽ അതിരൂപത പ്രതിനിധികൾ പങ്കെടുത്തു.

4. **അതിരൂപതതല നേതൃത്വപരിശീലനം – 'ഉണർവ്വ് – 2019'**

   അതിരൂപതയിലെ വർക്കിംഗ് കമ്മിറ്റി അംഗങ്ങൾക്കും ഫൊറോന ഭാരവാഹികൾക്കും ആയി ഏകദിനപരിശീലന ശിബിരം – ഉണർവ്വ് 2019 തൃശ്ശൂർ ഡി.ബി.സി.എൽ.സി. യിൽ സംഘടിപ്പിച്ചു. നേതൃത്വം കത്തോലിക്കാകോൺഗ്രസ്സ്, സഭാ വീക്ഷണം, എന്നീ വിഷയങ്ങളെ ആസ്പദമാക്കി അഡ്വ. ബിജു പറയനിലം, ഡോ. കെ.എം. ഫ്രാൻസിസ്, മാർ ടോണി നീലങ്കാവിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**എൻ. പി. ജാക്സൺ മാസ്റ്റർ**
ജനറൽ സെക്രട്ടറി

# കലാസദൻ

1. **സംഗീതപരിശീലന ക്ലാസുകൾ**

   അതിരൂപത കലാസദന്റെ നേതൃത്വത്തിൽ 44 വർഷത്തിലേറെയായി നടത്തപ്പെടുന്ന സംഗീത പരിശീലന പരിപാടിയിൽ പുതിയ സർട്ടിഫിക്കറ്റ് കോഴ്സുകൾ (ലണ്ടൻ ട്രിനിറ്റി സ്കൂൾ ഓഫ് മ്യൂസിക്കിന്റെ അംഗീകാരമുള്ളത്) തുടരുന്നു. കാച്ചേരി മഡോണ നഗറിലെ സെന്റ് മേരീസ് മൈനർ സെമിനാരിക്ക് സമീപമുള്ള കലാസദൻ ആർട്ട്സ് അക്കാദമിയിലാണ് വയലിൻ, ഗിറ്റാർ, കീബോർഡ്, തബല, വോക്കൽ

എന്നിവയിൽ വിദഗ്ദരായ അദ്ധ്യാപകരുടെ ശിക്ഷണത്തിൽ ചുരുങ്ങിയ ഫീസിൽ ക്ലാസുകൾ ഒരുക്കിയിട്ടുള്ളത്. ഞായറാഴ്ചകളിൽ 2.00 PM മുതൽ 4.00 PM വരെയായിരിക്കും പരിശീലനം. താൽപര്യമുള്ളവർ ബന്ധപ്പെടുക Office : 0487 2336306 (11.00 AM - 6.00 PM), Office Secretary : 8547139463, Co-ordinator : 9744386108

**2. നൃത്തപരിശീലന ക്ലാസുകൾ**

അതിരൂപത കലാസദന്റെ നേതൃത്വത്തിൽ നൃത്തപരിശീലന ക്ലാസുകൾ ഒരുക്കുന്നു. തൃശൂർ Pastoral Centreലുള്ള കലാസദൻ ഓഫീസിൽ എല്ലാ ശനിയാഴ്ചകളിലാണ് പരിശീലന ക്ലാസുകൾ. നൃത്തപരിശീലന രംഗത്തെ പ്രഗത്ഭരായ അദ്ധ്യാപികമാരുടെ ശിക്ഷണത്തിലുള്ള നൃത്തപരിശീലന ക്ലാസിൽ ഏപ്രിൽ ആരംഭത്തിൽ പുതിയ ബാച്ച് ആരംഭിക്കുന്നു. പെൺകുട്ടികൾക്കും വനിതകൾക്കും പ്രത്യേക ക്ലാസുകൾ ഉണ്ടായിരിക്കുന്നതാണ്. Office : 0487 2336306, Joint Convenor : 9995436920, Convenor : 9633932887

**3. കലാസദൻ തേൻതുള്ളികൾ**

പഴയകാല ഗാനാസ്വാദകരുടെ കൂട്ടായ്മയായി ഏറെ ജനകീയമായ സംഗീത പരമ്പര 'കലാസദൻ തേൻതുള്ളി'കളുടെ രണ്ടാം പാദത്തിലെ അഞ്ചാമത് സംഗീതവിരുന്ന് 'മധുരോദാരം തൃശ്ശിവപേരൂർ' 2019 ഏപ്രിൽ 7 ന് ഞായറാഴ്ച വൈകീട്ട് 6 മണിക്ക് DBCLC A/C ഓഡിറ്റോറിയത്തിൽ ഒരുക്കുന്നു.

തൃശൂരിന്റെ സ്വന്തം പ്രതിഭാധനരായ സംഗീതസംവിധായകർ – ജോൺസൺ, ഔസേപ്പച്ചൻ, വിദ്യാധരൻ മാസ്റ്റർ, മോഹൻ സിതാര, കെ.ജെ. ജോയ്, അൽഫോൺസ് എന്നിവരുടെ എക്കാലത്തെയും സൂപ്പർ ഹിറ്റ് മെലഡി ഗാനങ്ങളാണ് ഈ സംഗീതവിരുന്നിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തൃശൂരിൽ ഇതാദ്യമായി ഒരുക്കുന്ന ഈ സംഗീത സംരംഭത്തിൽ സോഷ്യൽ മീഡിയയിലൂടെ ജനപ്രീതി നേടിയ പ്രശസ്ത പിന്നണി ഗായകൻ ശ്രീ കൊല്ലം അഭിജിത്തിനൊപ്പം ഷെറി, മനോജ്, റീന മുരളി, മീനാക്ഷി, റൂഷൈൽ റോയ് എന്നീ പ്രഗത്ഭ ഗായകരും പങ്കെടുക്കും. മുഖ്യാതിഥിയായ പ്രശസ്ത സംഗീത സംവിധായകൻ ശ്രീ അൽഫോൺസ്, അവശതയനുഭവിക്കുന്ന മുൻകാല സംഗീത പ്രതിഭകൾക്ക് കലാസദൻ നൽകിവരുന്ന "സ്നേഹക്കൈത്താങ്ങ്" കൈമാറും.

**ഫാ. ഫിജോ ആലപ്പാടൻ**
സെക്രട്ടറി




# ചിൽഡ്രൻസ് മിനിസ്ട്രി

1. **ഹോളി കമ്മ്യൂണിയൻ ടീച്ചേഴ്സ് ട്രെയ്നിങ്ങ് പ്രോഗ്രാം**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ അതിരൂപതയിലെ വിവിധ ഇടവകകളിൽ ഈ വർഷം ആഘോഷമായ കുർബാന സ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായുള്ള അർദ്ധദിന ട്രെയ്നിങ്ങ് പ്രോഗ്രാം മാർച്ച് മാസം 9–ാം തിയ്യതി ശനിയാഴ്ച ഡി.ബി.സി.എൽ.സി. യിൽ വച്ച് ഉച്ചകഴിഞ്ഞ് നടത്തുകയുണ്ടായി. ബഹു. ഫാ. റാഫേൽ ആക്കാമറ്റത്തിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ സ്വാഗതം ആശംസിച്ചു. ബഹു. ഫാ. ജിഫി മേക്കാട്ടുകുളം കുർബാനസ്വീകരണത്തിനൊരുങ്ങുന്ന കുട്ടികൾക്ക് കൊടുക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. വിഷയാവതരണത്തിനുശേഷം അദ്ധ്യാപകർക്ക് സംശയനിവാരണത്തിനുള്ള അവസരങ്ങൾ ഉണ്ടായിരുന്നു.

2. **എയ്ഞ്ചലോസ് 2019**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ **2019 മെയ് 19–ന്** അതിരൂപതാതലത്തിൽ ഈ വർഷം ആഘോഷമായ കുർബ്ബാന സ്വീകരണം നടത്തിയവർക്ക് ഉച്ചതിരിഞ്ഞ് 1.30 മണി മുതൽ 4 മണിവരെ **തൃശ്ശൂർ ലൂർദ്ദ് മെട്രോപൊളിറ്റൻ കത്തീഡ്രലിൽ** വച്ച് സ്വീകരണം നൽകുന്നു. എല്ലാ ഇടവകളിൽ നിന്നും പങ്കാളിത്വവും സഹകരണവും പ്രതീക്ഷിക്കുന്നു.

3. **RAINBOW, COLOURS, HESED**

തിരുബാലസഖ്യം (സ്കൂളുകൾ ഉൾപ്പെടെ), ജൂനിയർ സി.എൽ.സി., അൾത്താരസംഘം എന്നീസംഘടനകൾക്ക് ഏകദിന പരിശീലന ക്യാമ്പുകൾ (RAINBOW, COLOURS, HESED) സംഘടിപ്പിക്കേണ്ടതാണ്. സഹായ സഹകരണങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസു

മായി ബന്ധപ്പെടേണ്ടതാണ്.

4. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "ദരിദ്രർക്കു ദാനം ചെയ്യുന്നവൻ ക്ഷാമം അനുഭവിക്കു കയില്ല: അവരുടെ നേരെ കണ്ണടക്കുന്നവനു ശാപത്തിൻമേൽ ശാപ മുണ്ടാകും" (സുഭാ. 28: 27)
**സുകൃതജപം:** ഈശോയേ അങ്ങയിൽ ഞാൻ ശരണപ്പെടുന്നു.
**പ്രാർത്ഥനാനിയോഗം:** സഹപാഠികളോട് ക്ഷമാപൂർവ്വം പെരുമാറുക.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. സെലസ്റ്റീൻ I (ഏപ്രിൽ 6)

**പ്രവർത്തനം :** കരുണയുടെ ജപമാല ചൊല്ലി ഈശോയുടെ കരുണക്കായി യാചിക്കുക.

**സി. റെജി എസ്. എസ്. പി. സി**
കോഡിനേറ്റർ

**ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ**
ഡയറക്ടർ



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

1. മുൻ സി.സി പ്രസിഡന്റ് ബ്ര. എം.എ കുരിയപ്പന്റെ 43–ാം ചരമദിനത്തോടനുബന്ധിച്ച് കുരിയച്ചിറ സെന്റ് ജോസഫ് ദൈവാലയത്തിൽ നടന്ന തിരുകർമ്മങ്ങൾക്ക് റവ. ഫാ.റോയ് മൂക്കൻ, റവ. ഫാ. ആന്റണി മേനാച്ചേരി, റവ. ഫാ. ഷാജു പല്ലിശ്ശേരി എന്നിവർ കാർമികത്വം വഹിച്ചു. തുടർന്ന് വിൻസെൻഷ്യൽ കോംപ്ലക്സിൽ വെച്ച് നടന്ന അനുസ്മരണ യോഗത്തിൽ സി.സി ആദ്ധ്യാത്മികോപദേഷ്ടാവ് റവ. ഫാ. റോയ് മൂക്കൻ അദ്ധ്യക്ഷത വഹിച്ചു. ബ്ര. പി. ഐ ജോസഫ് കോതമംഗലം സി.സി, ബ്ര.ബേബി തെക്കൻ എറണാകുളംസി.സി, ബ്ര.ഡോൺ ബോസ്കോ തിരുവനന്തപുരം (ലാറ്റിൻ) സി.സി, ബ്ര. കെ.എം അഗസ്ററിൻ കൊച്ചിൻ (ലാറ്റിൻ) സി.സി , ബ്ര. ഐ.ഡി ഫ്രാൻസിസ് ഇരിഞ്ഞാലക്കുട സി.സി എന്നിവർ സന്ദേശങ്ങൾ നൽകി.

2. ബ്ര. സി.ആർ ജോസഫ് ചെമ്പുകാവ്, ബ്ര. സി.കെ ലാസർ മണലൂർ വെസ്റ്റ്, ബ്ര. പി.എൽ ജോസ് മണലൂർ വെസ്റ്റ്, ബ്ര. പി.എൽ ആന്റണി മണലൂർ ഈസ്റ്റ് എന്നി അംഗങ്ങളുടെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു.
3. കോൺഫ്രൻസുകളുടെയും ഏരിയാ കൗൺസിലുകളുടെയും വാർഷിക റിപ്പാർട്ടുകൾ ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് സഹിതം 24.04.2019 മുൻപ് സി.സി ആഫീസിൽ ഏൽപ്പിക്കേണ്ടതാണ്.
4. വെള്ളപൊക്ക ദുരിതാശ്വാസ പ്രൊജക്ടുകൾ 76 പേർക്ക് അനുവദിച്ച് വന്നിരിക്കുന്നു. പ്രൊജക്ടുകൾ പൂർത്തികരിച്ച് മാർച്ച് 31നകം പ്രൊജക്ട് കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.
5. 16 ഏരിയാ കൗൺസിലുകളിലും മാർച്ച് 10 ന് അതത് ഫൊറോന പള്ളികളിൽ പ്രാർത്ഥനാ ഉപവാസദിനമായി ആചരിച്ചു.

**കെ. എ. ഷിബു** — പ്രസിഡണ്ട്
**കെ. കെ. പോൾസൺ** — സെക്രട്ടറി
**ഫാ. റോയ് മൂക്കൻ** — ആദ്ധ്യാത്മികോപദേഷ്ടാവ്



## കാത്തലിക് നേഴ്സസ് ഗിൽഡ്

ജനുവരി 12-ന് ജൂബിലി മിഷൻ ആശുപത്രിയിൽ വെച്ച് നടന്ന സി.എൻ.ജി.എ.ടി.-യുടെ അതിരൂപതാ ജനറൽ ബോഡിയിൽ റവ. ജനറാൾ ജോർജ്ജ് കോമ്പാറ മുഖ്യ അദ്ധ്യക്ഷനായിരുന്നു. സാങ്കേതിക കാരണങ്ങളാൽ ഈ മീറ്റിങ്ങിൽ പലർക്കും പങ്കെടുക്കാൻ സാധിക്കാതെ വന്നതിനാൽ അന്നേ ദിനം നടത്താനിരുന്ന ഇലക്ഷൻ മറ്റൊരു ദിവസത്തേക്ക് മാറ്റുകയും, വിവിധ ആശുപത്രിയിൽ നിന്നുള്ള 10 പേർ അടങ്ങുന്ന എക്സിക്യൂട്ടീവ് അംഗങ്ങളുടെ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു

രോഗീദിനമായ ഫെബ്രുവരി 11-ന് എല്ലാ ആതുരാലയങ്ങളിലും രോഗികൾക്കുവേണ്ടി ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും, പ്രാർത്ഥനാശുശ്രൂഷകൾ, കാരുണ്യപ്രവർത്തികൾ വഴി രോഗികൾക്ക്

സാന്ത്വനം നൽകുകയും ഉണ്ടായി. ഫെബ്രുവരി 16–ന് സി.എൻ.ജി.എ.ടി. എക്സിക്യൂട്ടീവ് അംഗങ്ങൾ, അതിരൂപതയിലെ ജനറാളായും സി.എൻ.ജി.എ.ടി –യ്ക്ക് വേണ്ടിയും നിസ്തുലസേവനം കാഴ്ച്ചവെച്ച് ഷംഷാബാദ് രൂപതയിൽ മിഷൻ പ്രവർത്തനത്തിന് പോകുന്ന ഫാ. ജോർജ്ജ് കോമ്പാറയ്ക്ക് യാത്രാമംഗളങ്ങൾ ആശംസിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്തു.

**ഫാ. പോൾ കള്ളിക്കാടൻ**
ഡയറക്ടർ

**സി. റൊസീന ഡേവിസ് FCC**
സെക്രട്ടറി



## സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

തൃശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ മീറ്റിംഗ് 10.3.2019 ഞായറാഴ്ച വടക്കാഞ്ചേരി ARC യിൽ വെച്ച് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. സെക്രട്ടറി പി.ഐ.സൈമൺ റിപ്പോർട്ട് അവതരിപ്പിച്ചു. ഡയറക്ടർ ഫാ. ഷാന്റോ ഞർളേലി മുഖ്യ പ്രഭാഷണം നടത്തി. യോഗത്തിൽ സിസ്റ്റർ ഫ്ളവർലിറ്റ്, സിസ്റ്റർ നിത്യ റോസ്, സിസ്റ്റർ ഷാരോൺ തെരേസ, സിസ്റ്റർ ഷാൻസി ജോസഫ്, സെലീന ജോൺ, ജോസ്പീറ്റർ, കെ.ജി.ജേക്കബ്ബ്, വി.എൽ. സൈമൺ, ടി.കെ. ഡേവീസ്, പി.വി. ഔസേഫ് എന്നിവർ പങ്കെടുത്തു.


കുറുമാൽ ഗാഗുൽത്ത ധ്യാനകേന്ദ്രത്തിൽ വെച്ച് മെയ് 11 ന് ശനിയാഴ്ച ഫ്രാൻസിസ്കൻ മഹോത്സവം അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു. 2019 –20 വർഷത്തെ ഡയറക്ടറി പ്രകാശനം ചെയ്യുന്നു. അതിരൂപതയിലെ ഏറ്റവും നല്ല റീജിയണുകളേയും യൂണിറ്റുകളേയും തിരഞ്ഞെടുത്ത് അന്നേദിവസം ആദരിക്കുന്നു. കലാപരിപാടികൾ ഉണ്ടായിരിക്കും. അതിരൂപതയിലെ 95 യൂണിറ്റുകളിൽ നിന്ന് അംഗങ്ങൾ പങ്കെടുക്കും. ദിവ്യബലിയും

ക്ലാസുകളും ഉണ്ടായിരിക്കും. നോമ്പുകാലത്ത് കുരിശിന്റെ വഴിക്ക് നേതൃത്വം നല്കുവാനും പാലയൂർ തീർത്ഥാടനത്തിന് എല്ലാ അംഗങ്ങളും പങ്കെടുക്കുവാനും തീരുമാനിച്ചു.

**ഫാ. ഷിന്റോ ഞർളേലി OFM. Cap.**
ഡയറക്ടർ

**സണ്ണി വടക്കൻ**
പ്രസിഡന്റ്

**പി.ഐ. സൈമൺ**
സെക്രട്ടറി



# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശൂർ കമ്മീസിയത്തിന്റെ 692–ാമതും തൃശൂർ കൂരിയായുടെ 743–ാമത് സമ്മേളനം 2019 മാർച്ച് 3ന് കമ്മീസിയം പ്രസിഡന്റ് കെ.പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലൻ അച്ചന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് കൂടുകയുണ്ടായി. ആദ്ധ്യാത്മിക നിയന്താവിന്റെ ജ്ഞാനവായനയ്ക്കുശേഷം സെക്രട്ടറി ബ്ര. പി.സി. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. ജിമ്മി റാഫേൽ മുൻമാസ വരവു ചിലവു കണക്കും വായിച്ചത് അംഗീകരിച്ചു.

ബ്ര. പ്രസിഡന്റ് എല്ലാ മരിയ സൈനീകരേയും സ്വാഗതം ആശംസിച്ചു. ആറംപിള്ളി സെന്റ് ജോസഫ്സ് പള്ളിയിൽ പുതിയതായി അമലോത്ഭവ രാജ്ഞി പ്രസിദീയം ആരംഭിച്ചതായി സെക്രട്ടറി അറിയിച്ചു. ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. സ്റ്റാഴ്സൺ കള്ളിക്കാടൻ, പ്രസിഡന്റ് സി. സിസിലി ജോണി, വൈസ് പ്രസിഡന്റ് സി. ബേബി ജോൺസൺ, സെക്രട്ടറി സി. ലില്ലി വർഗ്ഗീസ്, ട്രഷറർ സി. അൽഫോൻസ വിൽസൺ എന്നിവരുടെ നിയമനം കമ്മീസിയം അംഗീകരിച്ചു.

സൈനീക ജപശൃംഖലയ്ക്കുശേഷം ആദ്ധ്യാത്മിക നിയന്താവ് നോമ്പുകാല ചിന്തകളെകുറിച്ച് പ്രഭാഷണം നടത്തി. മാർച്ച് 31ന് നടക്കുന്ന ആച്ചിയസ് (സൈനീക പ്രകടനം) ചടങ്ങിനെ കുറിച്ച് ബ്ര. പ്രസിഡന്റ് വിശ

ദീകരിച്ചു. രാവിലെ 9.30ന് സെന്റ് മേരീസ് കോളേജിൽവെച്ച് റജിസ്ട്രേഷൻ നടത്തും. തുടർന്ന് പ്രാരംഭ പ്രാർത്ഥനയ്ക്കും ജപമാലയ്ക്കും ശേഷം അതിരൂപത ഏകോപന സമിതി ഡയറക്ടറും പുതിയ വികാരി ജനറാളുമായ മോൺ. ജോസ് വള്ളൂരാൻ അച്ചന് സ്വീകരണം നൽകുന്നതുമാണ്. തുടർന്ന് 11 മണിക്ക് ബ്ര. ജേക്കബ് പാലയൂർ ധ്യാനപ്രസംഗം നടത്തും. 12 മണിക്ക് വി. കുർബാന.

2.30ന് ആച്ചിയസ് ചടങ്ങ് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി ഉദ്ഘാടനം ചെയ്യുന്നതാണ്. കമ്മിസീയം പ്രസിഡന്റ് അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ പ്രിൻസിപ്പാൾ റവ. ഡോ. മാഗി ജോസ് അനുഗ്രഹ പ്രഭാഷണം നടത്തും. മരിയ സൈനീകനായി ഇന്നും പ്രവർത്തനരംഗത്തുള്ള നവതി ജന്മദിനം ആഘോഷിക്കുന്ന ബ്ര. ജോസ് തെക്കിനിയത്തിനെ ചടങ്ങിൽ ആദരിക്കും. തുടർന്ന് അടുത്ത ഒരു വർഷത്തേയ്ക്കായി പ്രതിജ്ഞ പുതുക്കൽ, "എന്റെ രാജ്ഞി, എന്റെ മാതാവേ ഞാൻ നിന്റേതാകുന്നു എനിക്കുള്ളതെല്ലാം നിന്റേതാകുന്നു" എന്ന പ്രതിജ്ഞ ചൊല്ലിയതിനുശേഷം ബസിലിക്കയിലേയ്ക്ക് ജപമാലറാലിയായി പോകുന്നു. ബസിലിക്കായിൽ വെച്ച് റെക്ടർ വെരി. റവ. ഫാ. നോബി അമ്പൂക്കൻ സന്ദേശവും ആശീർവ്വാദവും നൽകുന്നതാണ്. എല്ലാ മരിയ സൈനീകരും ആച്ചിയസിൽ സംബന്ധിച്ച് പ്രതിജ്ഞ പുതുക്കണമെന്ന് പ്രസിഡന്റ് അറിയിച്ചു.

മാർച്ച് 31ന് നടത്തുന്ന കുരിയ മീറ്റിംഗുകൾ മാർച്ച് 24ന് നടത്തേണ്ടതാണെന്ന് അറിയിച്ച് അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തിനുശേഷം സമ്മേളനം 5.30ന് പര്യവസാനിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ,

**ഫാ. ജോൺ മൂലൻ**
ആദ്ധ്യാത്മികനിയന്താവ്

**കെ.പി. ജോയ്**
പ്രസിഡന്റ്

**പി.സി. കുരിയപ്പൻ**
സെക്രട്ടറി




1. 2018 ഡിസംബർ 16ന് കേരള ലേബർ മൂവ്മെന്റിന്റെ തൃശ്ശൂർ അതിരൂപതതല വാർഷിക സമ്മേളനം പേരാമംഗലം പള്ളിഹാളിൽ നടത്തുകയും പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു. ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവഹിച്ചു. ഡയറക്ടർ ഫാ. ജോർജ് തോമസ് നിരപ്പുകാലായി ലിന്റെ സാന്നിദ്ധ്യത്തിൽ പ്രസിഡന്റ് ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി മോളി ജോബി റിപ്പോർട്ടും ട്രഷറർ ടി.ജെ.ടോമി വാർഷിക കണക്കും അവതരിപ്പിക്കുകയും യോഗം പാസാക്കുകയും ചെയ്തു. തൃശ്ശൂർ അതിരൂപത ഓഫീസിൽ അഫിലിയേറ്റ് ചെയ്ത 107 യൂണിറ്റുകളിൽ 78 സ്ഥലങ്ങളിൽ നിന്നുമാണ് പ്രതിനിധികൾ വന്നത്. ഇടവകയൂണിറ്റുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അതിരൂപത കൗൺസിലർമാരിൽ നിന്നും അതിരൂപത നിർവാഹക സമിതി അംഗങ്ങളെ തിരഞ്ഞെടുത്തു.

**2019-2020 ലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ പേരുകൾ**

1. പ്രസിഡന്റ് : ജോസ് മാടാനി, പുത്തൂർ
2. വൈസ് പ്രസിഡന്റ് : ബിജു ചിറയത്ത്, കൊഴുക്കുള്ളി
3. വൈസ് പ്രസിഡന്റ് (വനിത) : ബീന പോൾ, ചിറ്റാട്ടുകര
4. ജനറൽ സെക്രട്ടറി : മോളി ജോബി, തലോർ
5. സെക്രട്ടറി 1 ജരാർദ്ദ് പോൾ, കാൽവരി
6. സെക്രട്ടറി 2 ഷീജൻ ചിറമ്മൽ, കിള്ളിമംഗലം
7. സെക്രട്ടറി 3 കെ. ജെ. ജോസ്, മുല്ലശ്ശേരി
8. സെക്രട്ടറി 4 ജോയ് മാളിയേക്കൽ, നടത്തറ
9. സെക്രട്ടറി 5 ലിസി ബാബു, പുതുക്കാട്
10. ട്രഷറർ : ആന്റോ പോൾ, പുല്ലഴി
11. കമ്മിറ്റി അംഗം 1 ജോർജ് പാലത്തിങ്കൽ, വേലൂപ്പാടം
12. കമ്മിറ്റി അംഗം 2 (വനിത) ജെസി ജോസ്, എടക്കളത്തൂർ
13. പി.എസ്.എസ്.എസ്.പി അംഗം 1 ലോനപ്പൻ വി.എൽ., പാലക്കൽ
14. പി.എസ്.എസ്.എസ്.പി അംഗം 2 എൻ.കെ. രാജു, മുണ്ടൂർ

15. പി.എസ്.എസ്.എസ്.പി അംഗം 3ആലീസ് പോൾ, ചിറ്റാട്ടുകര
16. നിർമാണ തൊഴിലാളി ഫോറം : ജോയ് പോൾ, ചിറ്റാട്ടുകര
17. തയ്യൽ തൊഴിലാളി ഫോറം : മിനി വിൻസന്റ്, പേരാമംഗലം
18. തോട്ടം തൊഴിലാളി ഫോറം : ബാബു ജെയ്കബ്, ചെറുതുരുത്തി
19. വാഹന തൊഴിലാളി ഫോറം : കെ. ഡി. വർഗീസ്, കരുമത്ര
20. ഗാർഹിക തൊഴിലാളി ഫോറം : മോളി വർഗീസ്, ഒളരി
21. പീടിക തൊഴിലാളി ഫോറം : ജോജോ ചിരിയങ്കണ്ടത്ത്, കാൽവരി

**2.** കെ.എൽ.എം.ന്റെ ദീർഘകാല ഡയറക്ടറായി സേവനം ചെയ്ത മോൺ. തോമസ് തലച്ചിറ അനുസ്മരണം 2019 ജനുവരി 11, വെള്ളിയാഴ്ച തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ച സമ്മേളനം മോൺ. ജോർജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. ഫാ ഫ്രാൻസീസ് കൂത്തുർ തലച്ചിറ അനുസ്മരണ പ്രഭാഷണം നടത്തി. ഫാ. ജോർജ് തോമസ് നിരപ്പുകാലായിൽ അതിരൂപത വാർഷിക കർമപദ്ധതി പ്രകാശനം ചെയ്ത് വിശദീകരിച്ചു.

**3.** സി.ബി.സി.ഐ. ഓഫീസ് ഫോർ ലേബറിന്റേയും വർക്കേഴ്സ് ഇന്ത്യ ഫെഡറേഷന്റേയും ആഭിമുഖ്യത്തൽ കാരിത്താസ് ഇറ്റാലിയയുടെ സഹായത്തോടെ കേരള ലേബർ മൂവ്മെന്റിന്റെ സഹകരണത്താടെ ഫെബ്രുവരി 17 ഞായറാഴ്ച പ്രളയ ദുരതത്തിലകപ്പെട്ട 110 വനിത തൊഴിലാളികൾക്ക് കിറ്റ് വിതരണം നടത്തി. ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം നിർവഹിച്ചു.

**4.** കേരള ലേബർ മൂവ്മെന്റിന്റെ ആദ്യരൂപമായ കാത്തലിക് ലേബർ അസോസിയേഷൻ തൃശ്ശൂർ അവിഭക്ത രൂപതയിൽ രൂപം കൊണ്ടിട്ട് 60 വർഷങ്ങൾ പൂർത്തിയാകുന്നു. ഡയമണ്ട് ജൂബിലി ആഘോഷങ്ങളുടെ തൃശ്ശൂർ അതിരൂപതതല ഉദ്ഘാടനം 2019 ഫെബ്രുവരി 17ന് ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് നിർവഹിച്ചു. ജോർജ് തോമസ് നിരപ്പുകാലായിൽ അച്ചന്റെ സാന്നിദ്ധ്യത്തിൽ ജോസ് മാടാനി അദ്ധ്യക്ഷത വഹിച്ചു. കെ.എൽ.എം.ന്റെ സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഷാജു ആന്റണിയേയും വനിത ഫോറം പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട മോളി ജോബിയേയും അഭിവന്ദ്യ ആർച്ചുബഷപ്പ് അവരുടെ സ്ഥാനലബ്ദിയിൽ അനുമോദിച്ചു.

**5.** 2019 മാർച്ച് 8 ന് ആചരിച്ച ലോകവനിത ദിനത്തിൽ തൃശ്ശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച സ്ത്രീതൊഴിലാളി സംഗമവും സെമിനാറും തൃശ്ശൂർ കോർപറേഷൻ മേയർ ശ്രീമതി അജിത വിജയൻ ഉദ്ഘാടനം

ചെയ്തു. കെ.എൽ.എം. അതിരൂപത വൈ. പ്രസിഡന്റ് ബീന പോൾ അദ്ധ്യക്ഷത വഹിച്ചു. കെ.എൽ.എം. സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട **ശ്രീ. ഷാജു ആന്റണിയേയും** കെ.എൽ.എം. സംസ്ഥാന വനിത പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട **ശ്രീമതി മോളി ജോബിയേയും** അനുമോദിച്ചു. **ഗ്രാമസഭയും കുടുംബശ്രീയും; പദ്ധതികളിലെ പങ്കാളിത്തവും** എന്ന വിഷയത്തിൽ ഒരു സെമിനാറും സംഘടിപ്പിച്ചു. കിലയിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. പീറ്റർ എം. രാജ് വിഷയാവതരണം നടത്തി.

6. അതിരൂപതതല പതാക ദിനവും, കെ.എൽ.എം. മെമ്പർഷിപ് വിതരണത്തിന്റെ ഉദ്ഘാടനവും മാർച്ച് 19 ന് ഏനാമ്മാവ് പള്ളിയിൽ വച്ച് സംഘടിപ്പിക്കുന്നു. വളരെയേറെ വ്യക്തികളെ കെ.എൽ.എം. അംഗങ്ങളായി ചേർത്തുകൊണ്ട് അവരിലൂടെ സഭയുടെ തൊഴിലാളി ശുശ്രൂഷ ഫലവത്താക്കി തീർക്കുന്നതിന് പരിശ്രമിക്കുകയാണ് ഇതിന്റെ ലക്ഷ്യം. അസംഘടിത തൊഴിലാളികളെ വികസനത്തിന്റെ പാതയിലെത്തിക്കുകയെന്നത് പ്രത്യേക ലക്ഷ്യമാണെങ്കിലും സഭയുടെ ഔദ്യോഗിക തൊഴിലാളി സംഘടനയാണ് കേരള ലേബർ മൂവ്മെന്റ് എന്നതിനാൽ ഈ ശുശ്രൂഷയിൽ സഹകരിക്കുവാൻ ഏവരേയും ക്ഷണിക്കുന്നു.
7. തൃശ്ശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്ന പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയിലും, നിർമ്മാണം, തയ്യൽ, ചെറുകിട തോട്ടം, ഗാർഹികം, പീടിക, മോട്ടോർ വാഹനം, കാർഷികം എന്നീ തൊഴിൽ മേഖലകളിലെ കെ.എൽ.എം. ഫോറങ്ങളിലും അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യഭ്യാസം ലക്ഷ്യം വച്ച് ഈ വർഷത്തെ 10/12 ക്ളാസ്സുകളിൽ പഠി ക്കുന്ന കുട്ടികളുള്ള തൊഴിലാളികളായ മാതാപിതാക്കൾക്ക് മാർഗ നിർദ്ദേശങ്ങൾ നല്കുന്നതിനായി 2019 ഏപ്രിൽ 2 ചൊവ്വാഴ്ച രാവിലെ 09.30 ന് ആരംഭിച്ച് 12.30 ന് സമാപിക്കുന്ന ഒരു സെമിനാർ തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചിരിക്കുന്നു. ഡോ. ഡെയ്സൺ പാണേങ്ങാടൻ സെമിനാർ നയിക്കും.
8. തൃശ്ശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഫോറങ്ങളിലൊന്നായ കേരള ടൈലറിംഗ് വർക്കേഴ്സ് ഫോറത്തിന്റെ അംഗത്വവിഹിതവും ക്ഷേമനിധിയിലെ അംശാദായവും അടച്ചുകൊണ്ടിരിക്കുന്ന അംഗങ്ങളായ തൊഴി ലാളികളെ ക്ഷേമനിധി ഓഫീസിൽ ഒരു ഒറ്റതവണ രജിസ്ട്രേഷൻ നടത്തേണ്ടി വന്നിരിക്കുന്നു. ക്ഷേമനിധി ഫണ്ടിൽ തുടരുവാൻ

താലപര്യമുള്ള അംഗങ്ങൾ തൃശ്ശൂർ കാത്തലിക് പാസ്റ്ററൽ സെന്ററിലുള്ള കെ.എൽ.എം./തയ്യൽ തൊഴിലാളി ഫോറം ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. താഴെ പറയുന്ന രേഖകളും, കോപ്പികളും കൂടാതെ പൂരിപ്പിച്ച ഒരു ഫോറവും മാർച്ച് 29, 30 (വെള്ളി, ശനി) തിയ്യതികളിൽ തൃശ്ശൂർ കാത്തലിക് പാസ്റ്ററൽ സെന്ററിലുള്ള കെ.എൽ.എം./തയ്യൽ തൊഴിലാളി ഫോറം ഓഫീസിൽ ഏല്പിക്കേണ്ടതാണ്. പുതുക്കാട്, ഒല്ലൂർ, പഴുവിൽ, പുത്തൂർ, പട്ടിക്കാട്, ലൂർദ്ദ്, വടക്കാഞ്ചേരി, വേലൂർ എന്നീ ഫൊറോനകളിൽ നിന്നുള്ളവർ മാർച്ച് 29 നും, കൊട്ടേക്കാട്, കണ്ടശ്ശാങ്കടവ്, പാലയൂർ, പറപ്പൂർ, എരുമപ്പെട്ടി, ചേലക്കര, പുത്തൻപള്ളി ഡോളേഴ്സ്, മറ്റം എന്നീ ഫൊറോനകളിൽ നിന്നുള്ളവർ മാർച്ച് 30 നും അതിരൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

1. രജിസ്ട്രേഷൻ ഫീസ് 50 (അമ്പത്) രൂപ,
2. ക്ഷേമനിധി അംഗത്വം രേഖപ്പെടുത്തിയിട്ടുള്ള ഫോട്ടോ ഐഡന്റിറ്റി കാർഡ് (ഒറിജിനൽ), അംശാദായം അടക്കുന്നതു രേഖപ്പെടുത്തുന്ന പാസ്ബുക്ക് (ഒറിജിനൽ), ഇവ രണ്ടിന്റേയും ഫോട്ടോ കോപ്പി,
3. ആധാർ കാർഡിന്റെ കോപ്പി,
4. ബാങ്ക് പാസ്ബുക്കിന്റെ ആദ്യത്തെ പേജിന്റെ കോപ്പി,
5. റേഷൻ കാർഡിന്റെ നമ്പർ രേഖപ്പെടുത്തിയ പേജിന്റെ കോപ്പി.

**9. മെയ്ദിനം 2019**

ഈ വർഷത്തെ മെയ്ദിനാഘോഷം മുക്കാട്ടുകരയിൽ വിൻസന്റ് ചട്ടികൾ എന്ന പേരിൽ അറിയപ്പെടുന്ന പ്ലാസ്റ്റിക് ചട്ടികളുടെ ഉല്പാദന കേന്ദ്രത്തിൽ വച്ചായിരിക്കും നടത്തപ്പെടുക. പരസ്പര സഹായ സമൂഹ്യ സുരക്ഷ പദ്ധതിയിൽ ഏപ്രിൽ 25 നുള്ളിൽ 125 പേരെ ചേർക്കുന്നവർക്ക് (അതിൽ 75 പേരെങ്കിലും പുതിയ അംഗങ്ങൾ ആയിരിക്കണം) 5000 രൂപയും, 200 പേരെ ചേർക്കുന്നവർക്ക് (അതിൽ 125 പേരെങ്കിലും പുതിയ അംഗങ്ങൾ ആയിരിക്കണം) 7500 രൂപയും, 250 പേരെ ചേർക്കുന്നവർക്ക് (അതിൽ 150 പേരെങ്കിലും പുതിയ അംഗങ്ങൾ ആയിരിക്കണം) പാരിതോഷികമായി 10000 രൂപയും ട്രോഫിയും മെയ്ദിനത്തിൽ പൊതുസമ്മേളനത്തിനിടയിൽ നല്കുന്നതായിരിക്കും.

**ഫാ. ജോർജ് നിരപ്പുകാലായിൽ**
ഡയറക്ടർ

**ജോസ് മാടാനി**
പ്രസിഡന്റ്

**മോളി ജോബി**
ജന. സെക്രട്ടറി

# തൃശ്ശൂർ അതിരൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

1. **സീലോഹ 2019 (മധ്യസ്ഥപ്രാർത്ഥനാ പരിശീലന ധ്യാനം)**
തൃശ്ശൂർ അതിരൂപത സർവീസ് ടീമിന്റെ നേതൃത്വത്തിൽ മാർച്ച് 7 മുതൽ 9 വരെ ആബാ റിന്യുവൽ സെന്ററിൽ മധ്യസ്ഥപ്രാർത്ഥന പരിശീലന ധ്യാനം സീലോഹ 2019 നടന്നു. മാർച്ച് 7 വ്യാഴാഴ്ച വൈകീട്ട് 5 മണിക്ക് ജപമാലയോടെ ആരംഭിച്ച ധ്യാനം മാർച്ച് 9 ശനിയാഴ്ച വൈകീട്ട് 4 ന് സമാപിച്ചു. അതിരൂപത കരിസ്മാറ്റിക് ഡയറക്ടർ റവ.ഫാ.സജീവ് ഇമ്മട്ടി. സോണൽ സർവീസ് ടീം കോ–ഓർഡിനേറ്റർ സാബു എം.വർഗീസ്, സെക്രട്ടറി എം.എ ബാബു, സർവീസ് ടീം അംഗം റോയ് ടി.ഒ എന്നിവർ ക്ലാസുകളെടുത്തു. ദിവ്യബലി, കുമ്പസാരം, ദിവ്യകാരുണ്യാരാധന, മധ്യസ്ഥപ്രാർത്ഥന പരിശീലനം എന്നിവയുണ്ടായിരുന്നു.
2. **പാരീഷ് മിനിസ്ട്രി കൂട്ടായ്മ**
വചന പ്രഘോഷകർ, സ്പിരിച്ചൽ ഷെയറിംഗ് നടത്തുന്നവർ എന്നിവരുടെ പ്രതിമാസ കൂട്ടായ്മ മാർച്ച് 11 തിങ്കളാഴ്ച രാവിലെ 9.30 മുതൽ വൈകീട്ട് 3.30 വരെ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. റവ.ഫാ.ജിഫി മേക്കാട്ടുകുളം സീറോമലബാർ സഭയുടെ ആരാധന ക്രമപരിശീലനവും വചനപ്രഘോഷണവും എന്ന വിഷയത്തെ അധികരിച്ച് ക്ലാസ്സെടുത്തു. റവ.ഫാ. സജീവ് ഇമ്മട്ടി ദിവ്യബലിയർപ്പിച്ചു.
3. **ഫൊറോന (സബ്സോൺ) പരിശുദ്ധാത്മാഭിഷേക കൺവൻഷൻ**
പ്രാർത്ഥനാകൂട്ടായ്മകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തൃശ്ശൂർ അതിരൂപതയിലെ എല്ലാ ഫൊറോനകളിലും ഫൊറോനതല സർവീസ് ടീമുകളുടെ നേതൃത്വത്തിൽ സബ്സോൺ പരിശുദ്ധാത്മാഭിഷേക കൺവൻഷനുകൾ നടത്തുന്നു. മാർച്ച് 15 ന് പറപ്പൂർ ഫൊറോനയിലെ കൺവെൻഷൻ പറപ്പൂർ ഫൊറോന ദൈവാലയത്തിലും, വേലൂർ ഫൊറോന കൺവെൻഷൻ വേലൂർ ഫൊറോന ദൈവാലയത്തിലും, മാർച്ച് 23 ന് ലൂർദ്ദ് ഫൊറോന കൺവൻഷൻ എരുമപ്പെട്ടി തിരുഹൃദയ ഫൊറോന ദൈവാലയത്തിലും നടത്തുന്നു. ഏപ്രിൽ 5 ന് കണ്ടശ്ശാംകടവ് കൺവെൻഷനും നടത്തപ്പെടും. ഏപ്രിൽ 6 ന് വടക്കാഞ്ചേരി കൺവെൻഷനും, ഏപ്രിൽ 13 ന് മറ്റം ഫൊറോന കൺവെൻഷൻ

വാക ഇടവക ദൈവാലയത്തിലും ഒരുക്കിയിട്ടുണ്ട്. കരിസ്മാറ്റിക് ഡയറക്ടർ ഫാ.സജീവ് ഇമ്മട്ടി, കോ–ഓർഡിനേറ്റർ സാബു എം.വർഗീസ്, സർവീസ് ടീം അംഗങ്ങൾ എന്നിവർ നേതൃത്വം നൽകും.

**സാബു എം.വർഗീസ്**
കോ–ഓർഡിനേറ്റർ

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ



## അതിരൂപത പബ്ളിക്ക് റിലേഷൻസ് വകുപ്പ്

### വൈകാരികത വഴിതെറ്റിക്കും, നന്മയുടെ സംസ്കാരം വളർത്തണം: മാർ താഴത്ത്

വൈകാരിക വാർത്തകൾ സമൂഹത്തെ വഴിതെറ്റിക്കുമെന്നും നന്മയിലേക്കു നയിക്കുന്നവ മാധ്യമസംസ്കാരം വളർത്തണമെന്നും ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. അതിരൂപതയിലെ ഇടവകകളിലെ പി.ആർ.ഒ. മാർക്കുള്ള മാധ്യമ പരിശീലന പരിപാടി, മാധ്യമ നിർവഹണ ശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യയിൽ മാധ്യമമേഖലയ്ക്കു നേതൃത്വം നൽകിയ ചരിത്രമാണ് ക്രൈസ്തവ സമൂഹത്തിനുള്ളത്. എന്നാൽ ഏതാനും മാസങ്ങളായി സഭയേയും കൂദാശകളേയും സഭയ്ക്കു നേതൃത്വം നൽകുന്നവരേയും അധിക്ഷേപിക്കുന്ന അവസ്ഥയുണ്ടായി. പ്രതിസന്ധികളിൽ തളരുകയല്ല, ഉണർവോടെ കരുത്താർജിച്ച ചരിത്രമാണ് സഭയ്ക്കുള്ളത്. കൂടുതൽ ജനങ്ങളിലേക്ക് നന്മയുടെ സന്ദേശം എത്തിക്കാനാണ് ഇടവക പി.ആർ.ഒ.മാരെ സജ്ജമാക്കുന്നത്. ആർച്ച്ബിഷപ് ഉദ്ബോധിപ്പിച്ചു. പി.ആർ.ഒ.മാരുടെ പ്രവർത്തനം ക്രിസ്തുവിന്റെ അനുഭവസാക്ഷ്യമാകണമെന്ന് അതിരൂപതാ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ സമാപന സന്ദേശത്തിൽ പറഞ്ഞു.

സെന്റ് തോമസ് കോളജിലെ മെഡിലിക്കോട്ട് ഹാളിൽ നടന്ന സമ്മേളനത്തിൽ വികാരി ജനറൽ മോൺ ജോസ് വല്ലൂരാൻ അധ്യക്ഷത വ

ഹിച്ചു. കണ്ണൂർ ഡോൺ ബോസ്കോ കോളജ് പ്രിൻസിപ്പൽ ഫാ. ഡോ. ഫ്രൻസിസ് കാരക്കാട്ട് എസ്.ഡി.ബി. ക്ലാസ് നയിച്ചു. അതിരൂപതാ പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ഡയറക്ടറും വൈസ് ചാൻസലറുമായ ഫാ. നൈസൻ ഏലന്താനത്ത്, പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് പ്രസിഡന്റ് ജോർജ് ചിറമ്മൽ, വൈസ് പ്രസിഡന്റ് ജോഷി വടക്കൻ എന്നിവർ പ്രസംഗിച്ചു. ഫ്രാങ്കോ ലൂയിസ്, ജോയ് മണ്ണൂർ, പബ്ലിക് റിലേഷൻ ഡിപ്പാർട്ടുമെന്റ് വൈസ് പ്രസിഡന്റ് ടോജോ മാത്യു, സെക്രട്ടറി എ.ഡി. ഷാജു, ബാബു ചിറ്റിലപ്പിള്ളി, ഷിന്റോ മാത്യു എന്നിവർ നേതൃത്വം നൽകി.

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. നൈസൺ ഏലന്താനത്ത്**
ഡയറക്ടർ



2019 മാർച്ച് 3നു കൂദാശയും പ്രതിഷ്ഠാകർമ്മവും നിർവഹിക്കപ്പെട്ട
എടപ്പൾ സെന്റ് അന്ന കുരിശുപള്ളി (പൊന്നാനി)
ദൈവാലയവും അൾത്താരയും



Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.03.2019
April-2019




Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor